# ജനപഥം

സെപ്റ്റംബർ 2013

## ഉള്ളടക്കം


4
**വിനോദസഞ്ചാരം**
**മാവേലിനാടിന്റെ വരദാനം**
എ.പി. അനമിൽകുമാർ
ടൂറിസം മന്ത്രി

10
**വിനോദസഞ്ചാരത്തിന് ഒരു ഹരിതരേഖ**
എഴുമാവിൽ രവീന്ദ്രനാഥ്

13
**വിനോദസഞ്ചാരവും തൊഴിൽ വൈദഗ്ധ്യവികസനവും**
ഡോ. ബി. വിജയകുമാർ

16
**സുസ്ഥിര വളർച്ചയ്ക്ക് വേണം പുതുവിപണികൾ**
അരവിന്ദ് ഗോപിനാഥ്

യാത്ര

19
**ദ്വീപുകൾ കീശയിൽ മടക്കിയിട്ട തൂവാലകൾ**
സുസ്മേഷ് ചന്ത്രോത്ത്

22
**ദ്വൈപായനം**
കെ.എൻ. ഷാജി

24
**വയൽവാരത്തെ വീട്**
കെ.എ. ബീന

28
**സമുദ്ര സഞ്ചാരങ്ങളുടെ കോഴിക്കോട്**
എ.വി. ഫർദിസ്

31
**സഞ്ചാരികളെ മാടിവിളിക്കുന്ന മലമടക്കിന്റെ മടിത്തട്ടുകൾ**
പി.കെ. സുനിൽകുമാർ

33
**സഹ്യന്റെ മടിത്തട്ടിലൂടെ അഗസ്ത്യനെ തേടി...**
വേണുഗോപാൽ സി.കെ.

36
**കാഴ്ചകൾ**
**തിരുവനന്തപുരം ജില്ലയിലൂടെ**
പി.എം. മണി വെള്ളറട





26
**ഫോട്ടോ ഫീച്ചർ**





38
**മാരകബാധകളെ തുരത്തിയ ശാസ്ത്രജ്ഞൻ**
എ.വി. ഫർദിസ്

39
**സദ്യവട്ടത്തിലെ ഓണപ്പെരുമ**
ആർ. ജയകുമാർ





40
**ചക്കകൊണ്ടൊരു രുചിവിസ്മയം**
ബി. നബീൽ റാശിദ്

42 ജില്ലകളിലൂടെ
45 സർക്കാർ ഉത്തരവുകൾ
47 പെൺജീവിതം
49 ശാസ്ത്രലോകം
50 ശാസ്ത്രം
51 സമീക്ഷ
52 കാലത്തിനൊപ്പം

# പ്രതികരണം




## സിനിമ ദേശം-കാലം-സമൂഹം

ശതാബ്ദി ആഘോഷിക്കുന്ന ഇന്ത്യൻ സിനിമയെക്കുറിച്ച് ജനപഥത്തിൽ ചിത്രങ്ങൾ സഹിതം വന്ന ഫീച്ചറുകൾ ഏറെ പ്രാധാന്യത്തോടെയാണ് ശ്രദ്ധിച്ചത്. മലയാളസിനിമയിലെ മുടിചൂടാമന്നനായ അഭിനയചക്രവർത്തി സത്യൻ മാഷിന്റെ ചിത്രം, കൂടാതെ കൊടിയേറ്റം ഗോപിയുടെ (നടന വൈഭവം), യവനിക, ചെമ്മീൻ, അടൂരിന്റെ മതിലുകൾ ഇവയെല്ലാം ലേഖനത്തിന് മാറ്റുകൂട്ടുന്നു. ശതാബ്ദി ആഘോഷിക്കുന്ന ഇന്ത്യൻ സിനിമയുടെ പരിണാമവഴികളിലൂടെയുള്ള സഞ്ചാരം ഏറെ നന്നായിരുന്നു. ഇന്ത്യൻ സിനിമ അന്നും-ഇന്നും അതിന്റെ നിലവാരം കൂടുതൽ മനസ്സിലാക്കുവാൻ ഈ ലേഖനത്തിലൂടെ കഴിയുന്നു. തുടർന്നും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**കെ. പ്രേമചന്ദ്രൻ,** കടയ്ക്കാവൂർ

## ബാല്യങ്ങളും കുടുംബാന്തരീക്ഷവും

പീഡനമനുഭവിക്കുന്ന ബാല്യങ്ങളെക്കുറിച്ചുള്ള പാർവതിയുടെ ലേഖനം (തല്ലിക്കെടുത്തരുതേ ബാല്യത്തിന്റെ കനവുകൾ) അവസരോചിതമായി. ഒന്നുകിൽ കുട്ടികൾക്കു മേൽ അമിതപ്രതീക്ഷ പുലർത്തി അവരെ മാനസികമായി ഞെരുക്കുക, അല്ലെങ്കിൽ കോഴിക്കോട്ടെ അദിതിയുടെയും ഇടുക്കിയിലെ കുട്ടിയുടെയും കാര്യത്തിൽ സംഭവിച്ചതുപോലെ അവരെ അവഗണിച്ചും ഭാവിപ്രതീക്ഷകളെന്നതു കണക്കിലെടുക്കാതെ തങ്ങളുടെ മനസ്സിലെ ക്രൂരതകളൊക്കെ കെട്ടഴിച്ചുവിട്ട് പീഡിപ്പിക്കുക-സമീപകാല കേരളീയ സമൂഹത്തിലെ കുരുന്നുകൾക്കു സംഭവിക്കുന്നത് ഇതാണെന്നു തോന്നുന്നു. ഇതിനെതിരെ സമൂഹമനസ്സാക്ഷിയെ ഉണർത്താൻ പര്യാപ്തമായ ചിന്തകളായിരുന്നു ലേഖികയുടേത്. എങ്കിലും ലേഖനത്തിൽ പറയുന്നതുപോലെ ടെലിവിഷൻ സീരിയലുകൾക്ക് പഴയപോലെ പ്രേക്ഷകരുണ്ടോയെന്ന സംശയമുയർത്തുകയും ചെയ്യുന്നു. എനിക്കുതോന്നുന്നത് വിദ്യാലയങ്ങൾക്കും അധ്യാപകർക്കുമാണ് കുട്ടികളെ സംരക്ഷിക്കുവാൻ ഏറെ ചെയ്യാനാവുകയെന്നാണ്.

**ബീന സജിത്**
തിരുവനന്തപുരം

## കുഞ്ഞുങ്ങൾ പച്ചപ്പുകണ്ട് വളരട്ടെ

കാർഷിക സമൃദ്ധിയുടെ ഗരിമ നഷ്ടപ്പെട്ട - അതിനോട് മലയാളി സമൂഹം പുലർത്തുന്ന മനോഭാവത്തെ ശക്തമായി തുറന്നുകാട്ടുന്ന ഒന്നായിരുന്നു ഓഗസ്റ്റ് ലക്കം ജനപഥത്തിൽ പ്രസിദ്ധീകരിച്ച 'കൃഷിയെ മറക്കുന്ന മലയാളിപ്പൊങ്ങച്ചം'. തന്റെ കുട്ടിക്കാലത്തെ വയലേലകളുടെ വിസ്തൃതിയും പ്രത്യേകിച്ച് പൊക്കാളി നെൽക്കൃഷിയുടെ തലയെടുപ്പും ഇന്നും നടൻ സലിംകുമാറിന്റെ മനസ്സിൽ അരുമയായി നിറഞ്ഞുനിൽക്കുന്നു. ഇന്നത്തെ കുഞ്ഞുങ്ങൾ പച്ചപ്പ് കണ്ട് വളരണമെന്നും പച്ചപ്പ് കൂടുന്തോറും മനുഷ്യമനസ്സിൽ നന്മ കൂടുമെന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. ഇത്തരം മൂല്യബോധമുള്ള സൃഷ്ടികൾ ജനപഥത്തിൽ ഇനിയും പ്രതീക്ഷിക്കുന്നു.

**പ്രീത ആർ**
മൂന്നാനക്കുഴി, വെമ്പായം

## യുഗപ്രഭാവൻ

അടിയാളസമുദായത്തിന്റെ നവോഥാനത്തിനായി അക്ഷീണം പ്രയത്നിച്ച മഹാത്മാ അയ്യൻകാളിയുടെ 150-ാം ജന്മദിനത്തോടനുബന്ധിച്ച് പി.കെ. വേലായുധൻ എഴുതിയ ലേഖനം പ്രസക്തമായി.

**അനൂപ് പി.കെ.**
കൊല്ലം

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

സെപ്റ്റംബർ 2013
പുസ്തകം 2 ലക്കം 7
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

പ്രതിനിധികൾ:

- **കെ.എസ്. ശൈലേന്ദ്രൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.പി. പ്രമോദ്കുമാർ,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ.ടി. ശേഖരൻ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
ഫോൺ: 0471-2518171


മുഖക്കുറിപ്പ്

# ദേശത്തെ അറിയുക, കാണുക

ലോക വിവരങ്ങളും കാഴ്ചകളും വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഇന്നത്തെ സൈബർ യുഗത്തിൽ യാത്ര പ്രകൃതിയിലേക്കുള്ള മടക്കമാണ്. പണിയിടങ്ങളിലെ കൃത്രിമ സൗന്ദര്യങ്ങളിലും വിശ്രമമില്ലായ്മയിലും ജീവിതം കുരുങ്ങിപ്പോയ ഒരു തലമുറ ശുദ്ധവായുവിനും വിശ്രമത്തിന്റെ ആഹ്ലാദങ്ങൾ പങ്കിടുന്നതിനും വേണ്ടി സഞ്ചാരം മാർഗമായി സ്വീകരിക്കുന്നു. പ്രകൃതിയുടെ സഹജമായ ലാവണ്യ ഭംഗികൾ ഇന്ദ്രിയങ്ങൾക്ക് സർഗപരമായ ഊർജദായിനിയാണ്. കണ്ടാസ്വദിക്കുവാനും അത്ഭുതം കൊള്ളുവാനും വന്യസൗന്ദര്യത്തിന്റെ നിഗൂഢത ലയിച്ചുചേർന്ന നമ്മുടെ പ്രകൃതി ഇപ്പോൾ സാഹസിക സഞ്ചാരികളെയും നിരന്തരം ആകർഷിക്കുന്നു.

പൊതുവിൽ നാം സഞ്ചാരപ്രിയരായ ജനതയല്ല. അതുകൊണ്ടുതന്നെ കെട്ടിക്കിടക്കുന്ന ജലാശയത്തിന് സമമാണ് നമ്മുടെ മാനസികാവസ്ഥയും. പക്ഷെ ഇപ്പോൾ പുതുതലമുറ യാത്രനൽകുന്ന സ്വാസ്ഥ്യവും അനുഭൂതിയുടെ ലയഭംഗികളും തേടി യാത്രാപ്രിയരായിത്തീർന്നിരിക്കുന്നു. കുടുംബത്തോടൊപ്പവും ഒറ്റയ്ക്കും യാത്രയുടെ ലഹരി സിരകളിൽ അനുഭവിക്കുവാൻ തയാറായിരിക്കുന്നു. മനസ്സിന്റെ വിശാലത യാത്രയുമായി കൂടി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സാമൂഹിക ശാസ്ത്രം നിരീക്ഷിച്ചിട്ടുണ്ട്. നമ്മുടെ കാഴ്ചകളുടെ അതിരുകൾ മായുമ്പോൾ മനസ്സിന്റെ അതിരുകളും ലയിച്ചില്ലാതാകും.

ഈ ലക്കത്തിൽ കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട ലേഖനങ്ങൾക്കൊപ്പം യാത്രാനുഭവങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഹരിതഭംഗികൊണ്ട് അനുഗൃഹീതമായ നമ്മുടെ നാട് ചരിത്രപ്പഴമകൊണ്ടും സഞ്ചാരികളെ ആകർഷിക്കുന്നു. യാത്ര കേരളത്തിനുപുറത്തേക്കു മാത്രമല്ല. ഇവിടെയും കാണാക്കാഴ്ചകളുടെ, അപൂർവതകളുടെ, അനുഭൂതികളുണ്ട്. പുസ്തകങ്ങൾക്കു പുറത്ത് കാഴ്ചകൾ നൽകുന്ന ചരിത്രജ്ഞാനവും സഞ്ചാരികൾക്ക് സമ്മാനിക്കുവാൻ കേരളത്തിൽ അനേകം സ്ഥലങ്ങളുണ്ട്.

വിനോദസഞ്ചാരമെന്നത് വിദേശ സഞ്ചാരികൾ കേരളത്തിലെത്തുന്നതു മാത്രമല്ല. നമുക്കും നമ്മുടെ ദേശത്തെ സഞ്ചാരികളാകാം. ചരിത്രവും ഐതിഹ്യവും പ്രകൃതിയും നമുക്കുമാത്രമായി ഒരുക്കുന്ന അനേകം കാഴ്ചകൾ നൽകുന്നുണ്ട്. ഓണക്കാലം യാത്രയുടെ കാലം കൂടിയാകട്ടെ. എല്ലാവർക്കും ഓണാശംസകൾ

**മിനി ആന്റണി**
ചീഫ് എഡിറ്റർ

■ **എ.പി. അനിൽകുമാർ**
ടൂറിസം മന്ത്രി


വിനോദസഞ്ചാരം സമ്പന്നവിഭാഗത്തിന്റെ വിനോദോപാധിയെന്ന കാഴ്ചപ്പാടിൽ നിന്നു മാറി എല്ലാ വിഭാഗം ജനങ്ങളുടെയും ഉത്കർഷത്തിനു സഹായകമായ മേഖലയെന്ന നിലയിൽ ജനകീയ ടൂറിസത്തിന് രൂപം നൽകുന്നതിനാണ് സർക്കാരിന്റെ മുന്തിയ പരിഗണന

മാവേലിനാടിന്, 'ദൈവത്തിന്റെ സ്വന്തം നാടെ'ന്ന ഖ്യാതി ആഗോളതലത്തിൽ നേടിക്കൊടുത്തത് വിനോദസഞ്ചാര മേഖലയാണ്. മഹാബലിയുടെ നീതിനിഷ്ഠ ദേവലോകത്തുപോലും അസൂയ വളർത്തിയെന്നത് ഐതിഹ്യം. ആ ഐതിഹ്യത്തിന്റെ പിൻബലത്തിൽ മലയാളി മണ്ണിലും മനസ്സിലും വേരോടിയ ഉത്സവമാണ് തിരുവോണം. ഭേദചിന്തകൾക്കതീതമായ സമൂഹത്തിന്റെയാകെ ഉത്സവമായി മാറിയ ഓണത്തിനു തുല്യം സമത്വസുന്ദര സങ്കല്പങ്ങളിലധിഷ്ഠിതമായ മറ്റൊരാഘോഷം മറ്റേതെങ്കിലും സമൂഹത്തിന് അവകാശപ്പെടാനാകുമോ എന്നറിയില്ല. ഇത്തരം ഒട്ടേറെ അപൂർവതകളുടെ നാടാണ് നമ്മുടെ കേരളം. അതു തന്നെയാണ് സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയുടെ അമൂല്യ സമ്പത്തും. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ കഴിഞ്ഞ വർഷങ്ങളിലെ വളർച്ച ഇതിലേക്ക് വെളിച്ചം വീശുകയാണ്.

കഴിഞ്ഞ വർഷത്തെ സംസ്ഥാന ജി.ഡി.പിയിൽ ഒൻപതു ശതമാനം വിനോദസഞ്ചാരമേഖലയുടെ സംഭാവനയാണെന്നത് ഈ മേഖലയിൽ സംസ്ഥാനത്തിന്റെ സാധ്യതകളിലേക്ക് വിരൽചൂണ്ടുന്നു. ഭാവിയിൽ സംസ്ഥാനത്തിന്റെ വികസന അജണ്ട നിർണയിക്കുമ്പോൾ ഈ സൂചന പരിഗണനാർഹമായിരിക്കുമെന്നതിൽ സംശയമില്ല. സേവനമേഖലയാണ് സംസ്ഥാന വികസനത്തിന്റെ ശക്തി സ്രോതസ്സെന്നും അതിൽത്തന്നെ വിനോദസഞ്ചാരത്തിനുള്ള സ്ഥാനം അദ്വിതീയമാണെന്നും സംസ്ഥാന ആസൂത്രണവിദഗ്ധർ ഇപ്പോൾ അംഗീകരിക്കുന്നതും ആശാവഹമായ സൂചനയാണ്.

വിനോദസഞ്ചാര മേഖലയെപ്പറ്റി ചിന്തിക്കുമ്പോഴെല്ലാം സംസ്ഥാനത്തിന്റെ അനന്തമായ സാധ്യതകൾ വിലയിരുത്തപ്പെടാറുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ വികസന

# വിനോദസഞ്ചാരം
# മാവേലിനാടിന്റെ വരദാനം





പ്രക്രിയയിലെ മുൻഗണനാക്രമ നിർണയത്തിൽ വിനോദസഞ്ചാരമേഖലയുടെ സ്ഥാനം പലപ്പോഴും ഏറെ പിന്നിലായി പോകുന്നുവെന്നത് ഒരു വിരോധാഭാസമായി തുടരുകയായിരുന്നു. ആസൂത്രണത്തിൽ പാരമ്പര്യ ശൈലി അനുവർത്തിക്കപ്പെടുന്നതാവാം ഇതിനുകാരണം. അൽപാൽപമായി ഈ പ്രവണതയ്ക്കു മാറ്റം സംഭവിച്ചുതുടങ്ങിയെന്നത് പ്രതീക്ഷയ്ക്ക് കരുത്തേകുന്നു. ഇത് ശരിയായ ദിശയിലേക്കുള്ള ചുവടുവയ്പായി കാണാവുന്നതാണ്.

കഴിഞ്ഞ രണ്ടു വർഷവും വിനോദസഞ്ചാരികളുടെ വരവ് ഓരോ കോടി കവിഞ്ഞത് റെക്കാർഡ് നേട്ടമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. 2011–12 ൽ 7,32,985 വിദേശികളും 93,81,455 ആഭ്യന്തര ടൂറിസ്റ്റുകളുമുൾപ്പെടെ 1,01,14,440 വിനോദസഞ്ചാരികൾ കേരളത്തിലെത്തിയപ്പോൾ കഴിഞ്ഞ വർഷം അത് 7,89,698 വിദേശികളും 1,00,76,854 ആഭ്യന്തര ടൂറിസ്റ്റുകളുമുൾപ്പെടെ 1,08,66,552 പേരായി വർധിച്ചു. വരുമാനത്തിലും ഗണ്യമായ വർധന രേഖപ്പെടുത്തി യഥാക്രമം 19037 കോടിയും 21125 കോടിയുമായിരുന്നു. ഇതിൽ 4221.99 കോടിയും 4548.66 കോടിയും വിദേശ നാണ്യമായാണ് ലഭിച്ചത്.

ടൂറിസം വ്യവസായമായി അംഗീകരിച്ച തോടൊപ്പം തന്നെ ഉയർന്നുവന്ന ഒരാവശ്യമായിരുന്നു, വിദേശീയരായ വിനോദസഞ്ചാരികൾക്ക് കേരളത്തിലെത്തിയശേഷം മാത്രം ഇന്ത്യൻ ടൂറിസ്റ്റ് വിസ നേടിയാൽ മതിയെന്ന വ്യവസ്ഥ അഥവാ 'വിസാ ഓൺ അറൈവൽ' പദ്ധതി നടപ്പാക്കണമെന്നത്. കേരള ടൂറിസം വ്യവസായത്തിനും വിസാ ഓൺ അറൈവൽ പദ്ധതി നടപ്പാക്കാനുള്ള ആവശ്യത്തിനും കാൽ നൂറ്റാണ്ട് തികയുന്ന വേളയിൽ അത് യാഥാർഥ്യമായി എന്നത് അഭിമാനാർഹം തന്നെ. രാജ്യത്ത് ആകെ അഞ്ചു വിമാനത്താവളങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തുമ്പോൾ അതിൽ രണ്ടും കേരളത്തിലാണെന്നത് സംസ്ഥാന വിനോദസഞ്ചാരമേഖലയ്ക്കാകെ അഭിമാനം പകരുന്ന നേട്ടമാണ്. തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞു.

ജപ്പാൻ, സിംഗപ്പൂർ, ഫിൻലാന്റ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പൈൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമർ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാർക്കാണ് ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. വിദേശ ടൂറിസ്റ്റുകളുടെ വരവിൽ ഗണ്യമായ വർധനയാണ് ഈ സംവിധാനം വഴി കാണക്കുകൂട്ടുന്നത്.

പുതിയ ടൂറിസം ഉത്പന്നങ്ങളുടെ അവതരണത്തിൽ കേരളം എക്കാലവും മറ്റുള്ളവർക്ക് മാതൃകയാണ്. കായൽ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി നമ്മൾ അവതരിപ്പിച്ച 'ഹൗസ് ബോട്ടുകൾ' ഇന്ന് ആഗോള ടൂറിസം വിപണിയിൽ 'മെഗാഹിറ്റാ'യി മാറിയിരിക്കുന്നു. ഈ നേട്ടത്തിന്റെ ചുവടുപിടിച്ച് പുതുമകൾ തേടിയതിന്റെ ഫലമായാണ് ഈ സർക്കാരിന്റെ ഒന്നാം വാർഷികത്തിന് 'സീപ്ലെയിൻ' പദ്ധതി പ്രഖ്യാപിച്ചത്. രണ്ടാം വാർഷികമായപ്പോൾ ആ പ്രഖ്യാപനം യാഥാർഥ്യമായിരിക്കുന്നു. രാജ്യത്ത് ആദ്യമായി ടൂറിസം മേഖലയിൽ സീപ്ലെയിൻ സർവീസിന് കേരളം തുടക്കം കുറിച്ചിരിക്കുന്നു.

കൊല്ലം (അഷ്ടമുടി), പുന്നമട, തണ്ണീർമുക്കം, ബോൾഗാട്ടി (കൊച്ചി), കോട്ടപ്പുറം തുടങ്ങി ആദ്യ ഘട്ടത്തിൽ എട്ടു ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് സീപ്ലെയിൻ സർവീസ് വിഭാവനം ചെയ്തിട്ടുള്ളത്. ഓപ്പൺ സ്കൈ സിസ്റ്റത്തിൽ തുടങ്ങുന്ന സർവീസിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും സുരക്ഷാ പരിശോധനകളുമാണ് സർക്കാർ സജ്ജമാക്കിയിട്ടുള്ളത്. ഇതിനായി വാട്ടർ ഡ്രോമുകൾ പൂർത്തിയാക്കി. മറ്റു യാത്രാവിമാനങ്ങളെപോലെ ഏറെ ഉയരത്തിൽ പറക്കുന്നവയല്ല 'ജലവിമാനം' എന്നുള്ളതുകൊണ്ട് പ്രകൃതി സൗന്ദര്യം ആസ്വദിച്ചുകൊണ്ടുള്ള യാത്ര വിനോദസഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ടതാവും. രണ്ടാം ഘട്ടത്തിൽ മൂന്നാറും തേക്കടിയും 'സീപ്ലെയിൻ' സർവീസിന്റെ ശൃംഖലയിൽപ്പെടുത്താനും പരിപാടിയുണ്ട്.

ആസൂത്രിതമായ വിനോദസഞ്ചാരവികസന നടപടികൾക്ക് തുടക്കം കുറിച്ച് കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടുകഴിഞ്ഞ മികച്ച ടൂറിസം ബ്രാന്റായി 'ദൈവത്തിന്റെ സ്വന്തം നാട്' മാറിക്കഴിഞ്ഞു. മികച്ച 10 ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഒന്നായി നാഷണൽ ജ്യോഗ്രഫിക്കൽ ട്രാവലർ കേരളത്തെ അവതരിപ്പിച്ചിട്ടുണ്ട്. മാസ് ടൂറിസത്തിൽ നിന്ന് ക്വാളിറ്റി ടൂറിസത്തിലേക്ക് ആത്മവിശ്വാസത്തോടെ ചുവടുവെയ്ക്കാൻ സംസ്ഥാനത്തിന് പിന്തുണയായതും ആഗോളതലത്തിൽ ലഭിച്ച ഇത്തരം അംഗീകാരങ്ങളാണ്.

വിനോദസഞ്ചാരം സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ ശക്തമായ രാസത്വരകമായി മാറണമെങ്കിൽ നമ്മുടെ നൈസർഗിക സമ്പത്തിനെ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ നമ്മൾ

ഒരുക്കേണ്ടതുണ്ട്. വിനോദസഞ്ചാരവികസനത്തിൽ സർക്കാരിന്റെ ദൗത്യവും ഇതുതന്നെയാണ്. ഈ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു നയസമീപനമാണ് ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ഈ സർക്കാർ രണ്ടു വർഷത്തിനുള്ളിൽ ഈ മേഖലയിലെ പശ്ചാത്തലവികസനത്തിനായി 500 കോടിയിൽപ്പരം രൂപയാണ് ചെലവഴിച്ചത്.

സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകളിൽ ചെറിയൊരംശം മാത്രമാണ് നാം പ്രയോജനപ്പെടുത്തിയിട്ടുള്ളത്. അക്വാടൂറിസം മേഖലയിലും അഡ്വഞ്ചർ ടൂറിസം മേഖലയിലും നമുക്ക് വളരെയേറെ സാധ്യതകളാണുള്ളത്. ഇന്ത്യയിലാദ്യമായി പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതിക്ക് (തെന്മല) തുടക്കം കുറിച്ച കേരളത്തിന് ആ മേഖലയിൽ ഏറെ സാധ്യതകൾ ഇനിയുമുണ്ട്. അക്വാടൂറിസം, ഹിൽടോപ്പ്-എക്കോ-ആഡ്വെഞ്ചർ ടൂറിസങ്ങൾ, പിൽഗ്രിം ടൂറിസം, ഹെറിറ്റേജ് ടൂറിസം, ഹെൽത്ത് (ആയുർവേദ) ടൂറിസം, സാംസ്കാരിക ടൂറിസം, ബീച്ച് ടൂറിസം, ഷോപ്പിങ് ടൂറിസം തുടങ്ങി എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന്റെ നെടുംതൂണായി മാറാൻ ടൂറിസത്തിനു കഴിയുമെന്ന് പ്രത്യേകം പറയേണ്ടതില്ല.

# ഇക്കോ ടൂറിസം
## പ്രകൃതിയെ മുറിപ്പെടുത്താതെ

പ്രകൃതിയിലധിഷ്ഠിതവും പാരിസ്ഥിതികമായി സുസ്ഥിരവും വിദ്യാഭ്യാസവും വിജ്ഞാനവും പ്രധാനഘടകമായതും, തദ്ദേശീയർക്ക് ഗുണപ്രദവുമായ വിനോദസഞ്ചാരമാണ് ഇക്കോടൂറിസം. പരിസ്ഥിതിയും സംസ്കാരവും ചരിത്രവും മനസ്സിലാക്കുവാനുള്ള സഞ്ചാരമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. പരിസ്ഥിതിക്കും സമൂഹത്തിനും മേൽ ചുരുങ്ങിയ സമ്മർദം മാത്രം ചെലുത്തുന്ന ഇക്കോടൂറിസം സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേകിച്ച് താഴേക്കിടയിൽപ്പെട്ടവർക്കു പ്രയോജനപ്പെടുന്ന തരത്തിലാണു കേരളത്തിൽ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നത്. വനത്തെ പ്രത്യക്ഷമായും പരോക്ഷമായും ആശ്രയിച്ചുകഴിയുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ വനസംരക്ഷണത്തിനു പ്രധാന വെല്ലുവിളി ഉയർത്തിയ സാഹചര്യത്തിൽ അവരെക്കൂടി പങ്കാളികളാക്കി വനസംരക്ഷണം നടത്തുന്നതുമായി ബന്ധപ്പെട്ട ചിന്തകൾ ഉയർന്നുവന്നു. ടൂറിസത്തെ വനസംരക്ഷണത്തിനുതകും വിധത്തിൽ കൊണ്ടുവരികയും വനാശ്രിത കുടുംബങ്ങൾക്ക് ടൂറിസം വരുമാനമാർഗമായി മാറുകയും ചെയ്താൽ അതു വനപരിപാലനത്തിനുതന്നെ ഗുണപ്രദമാകും എന്നുള്ള യാഥാർഥ്യം മനസ്സിലാക്കി ഇതിലേക്കുള്ള ശ്രമങ്ങളാരംഭിച്ചു. വനസംരക്ഷണത്തിനു നല്ലത് സാമ്പ്രദായിക ടൂറിസം അല്ല, ഇക്കോടൂറിസമാണെന്ന തിരിച്ചറിവാണ് ഇക്കോ ടൂറിസം വനപ്രദേശങ്ങളിൽ വളരാൻ കാരണമായത്.

വനാശ്രിതസമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതിയും ഇക്കോഡവലപ്മെന്റ് കമ്മിറ്റിയും വനത്തിലുള്ള ഇക്കോടൂറിസം സംരംഭങ്ങൾ നേരിട്ടു നടപ്പാക്കുകവഴി സ്വന്തമായി ഒരു വിനോദസഞ്ചാര അനുബന്ധവ്യവസായം കെട്ടിപ്പടുത്ത് ഇതുവഴി ജീവനോപാധി ഉണ്ടാക്കുന്ന രീതിയാണ് കൈവരിക്കുന്നത്. ദിനംപ്രതി പ്രകൃതി സ്നേഹികളായ സഞ്ചാരികളുടെ വരവിലുള്ള വർധന ഈ മേഖ



തെന്മല

ഈ സാഹചര്യം മുന്നിൽ കണ്ടാണ് സമയബന്ധിതമായ പദ്ധതി നിർവഹണത്തിന് വിവിധ വകുപ്പുകളുടെ കൂട്ടായ്മയും സഹകരണവും ഉറപ്പാക്കുന്നതിനായി ഒരു മന്ത്രിസഭാ സമിതിക്ക് രൂപം നൽകിയത്. മുഖ്യമന്ത്രി അധ്യക്ഷനും ടൂറിസം മന്ത്രി ഉപാധ്യക്ഷനും റവന്യൂ, ധനം, വനം, സാംസ്കാരികം, പഞ്ചായത്തും സാമൂഹികക്ഷേമവും, പൊതുമരാമത്ത്, ജലവിഭവം, നഗരകാര്യം എന്നീ വകുപ്പ് മന്ത്രിമാർ അംഗങ്ങളുമായി രൂപീകരിച്ച മന്ത്രിസഭാ സമിതി, ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ആവേശം പകരുമെന്നതിൽ സംശയം വേണ്ട.

ഇതോടൊപ്പം ടൂറിസം പദ്ധതി ആസൂത്രണത്തിനും നിർവഹണത്തിനും ദിശാബോധം നൽകാനും പ്രായോഗിക സമീപനം കൈവരുത്താനുമായി ഒരു സംസ്ഥാനതല ടൂറിസം ഉപദേശക സമിതിക്കും രൂപം നൽകുകയുണ്ടായി. ടൂറിസം വ്യവസായത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പ്രഗത്ഭമതികളായ 19 പേരാണ് ഉപദേശകസമിതിയിലെ അംഗങ്ങൾ. ഇത് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരും സ്വകാര്യമേഖലയുമായി അനിവാര്യമായുണ്ടാകേണ്ട സമവായത്തിന് വേദിയൊരുക്കുമെന്ന് കരുതുന്നു.

മേൽപ്പറഞ്ഞ രണ്ട് ഉന്നത സമിതികളും ഈ സർക്കാർ രൂപം നൽകിയ പുതിയ ടൂറിസം നയത്തിന്റെ ഭാഗമായി യാഥാർഥ്യമാക്കിയവയാണ്. പൊതുമേഖലയെന്നപോലെ, സ്വകാര്യമേഖലയേയും ശക്തിപ്പെടുത്താനുള്ള നിർദേശങ്ങൾ അടങ്ങുന്നതാണ് പുതിയ ടൂറിസം നയം. 10 കോടിയിൽപ്പരം മുതൽ മുടക്കുള്ള സ്വകാര്യ ടൂറിസം പദ്ധതികൾക്ക് അനുമതി നൽകുന്നതിന് ഗ്രീൻ ചാനൽ സംവിധാനം ഉൾപ്പെടെ സ്വകാര്യസംരംഭകർക്ക് അവശ്യം വേണ്ട പ്രോത്സാഹനം ഉറപ്പാക്കാനും ഹോംസ്റ്റേ, ആയുർവേദ ചികിത്സ, ഹൗസ്ബോട്ട് എന്നിവയുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതും ആരോഗ്യകരവുമാകുന്നതിനുള്ള നിർദേശങ്ങളും പുതിയ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ടൂറിസം കൂടുതൽ ജനകീയമാക്കുന്നതിലേക്കായി ഉത്തരവാദടൂറിസം പദ്ധതി വ്യാപകമാക്കാനുള്ള നടപടി ഈ സർക്കാർ ഊർജിതമാക്കിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രത്തോടു ചേർന്നുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടൂറിസം വികസനത്തിനാണ് ഉത്തരവാദടൂറിസം പദ്ധതി ഊന്നൽ നൽകുന്നത്. പ്രാരംഭഘട്ടത്തിൽ നിർവഹണത്തിലുണ്ടായ പാളിച്ചകൾ പരിഹരിച്ച്, കുമരകം, കോവളം, തേക്കടി, വൈത്തിരി എന്നിവയ്ക്കു പുറമെ കുമ്പളങ്ങി, അമ്പലവയൽ, ബേക്കൽ തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഉത്തരവാദ ടൂറിസം പദ്ധതി നടപ്പാക്കി. രണ്ടാം ഘട്ടമായി മറ്റു ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഇത് നടപ്പാക്കനുള്ള നടപടികൾ തുടരുന്നു. ഇതിനുപുറമെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കാനായി പ്രമുഖ ടൂറിസ്റ്റു കേന്ദ്രങ്ങളിലെല്ലാം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളും സംഘടിപ്പിച്ചിട്ടുണ്ട്.

മാലിന്യനിർമാർജനവും ശുചിത്വപരിപാലനവുമാണ് ടൂറിസം മേഖല അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് നിരോധനം ഇതിൽ മുഖ്യയിനമാണ്. സുപ്രധാന അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് പ്ലാസ്റ്റിക് നിരോധനവും മാലിന്യനിർമാർജന പ്രവർത്തനവും നടപ്പാക്കിവരുന്നു. ഘട്ടംഘട്ടമായി എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഇത് നടപ്പാക്കുകയാണ് ലക്ഷ്യം. ഇതിനായി ക്ലീൻ കേരള കാംപെയിൻ സംഘടിപ്പിച്ചു. ഹൗസ് ബോട്ടുകളുടെ കേന്ദ്രമായ കുട്ടനാടൻ മേഖലയിലെ മാലിന്യപ്രശ്നം പരിഹരിക്കാനായി കുമരകത്ത് ആധുനികമാലിന്യ പ്ലാന്റ് സ്ഥാപിച്ചു. വർക്കല, മൂന്നാർ, ദേവികുളം, കുമ്പളങ്ങി, വൈത്തിരി എന്നിവിടങ്ങളും നവീനരീതിയിലുള്ള പ്ലാന്റുകൾ സ്ഥാപിച്ചു.

ലയെ കൂടുതൽ ആകർഷണമുള്ളതാക്കി തീർക്കുന്നു.

ടൂറിസം വകുപ്പിനുകീഴിലുള്ള ഇക്കോ ടൂറിസം ഡയറക്ടറേറ്റ് ഇതുവരെ 105 സ്ഥലങ്ങൾ ഇക്കോടൂറിസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തി. 64 സ്ഥലങ്ങളിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുകയും 44 സ്ഥലങ്ങൾ സഞ്ചാരികൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. വനംവകുപ്പിന് കീഴിലുള്ള ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി വഴിയാണ് മിക്ക ഇക്കോടൂറിസം പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഇക്കോടൂറിസം പദ്ധതികളിൽ ഇന്റർപ്രെട്ടേഷൻ സെന്റർ, നടപ്പാത, കുളിക്കടവ്, താമസസൗകര്യം തുടങ്ങിയവ ഒരുക്കുന്നതിനുവേണ്ടിയുള്ള പദ്ധതി ആസൂത്രണവും സാമ്പത്തിക സഹായവും ഇക്കോ ടൂറിസം ഡയറക്ടറേറ്റിൽ നിന്നും നൽകിവരുന്നു.

## നേട്ടങ്ങൾ

കഴിഞ്ഞ കാലയളവിലെ പ്രധാന ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കിയത് തെന്മല, പൊൻമുടി, അരിപ്പ, കമ്പമല, ചെല്ലാർകോവിൽ എന്നിവിടങ്ങളിലാണ്. ഇതിൽ പൊന്മുടിയിലെ ഇക്കോടൂറിസം ഇന്റർപ്രെട്ടേഷൻ സെന്ററിന്റെയും അമിനിറ്റി സെന്ററിന്റെയും നിർമാണം നൂറു ദിവസത്തെ റിക്കോർഡ് കാലയളവിനുള്ളിലാണ് നടന്നത്. കിറ്റ്സ് വഴി വനസംരക്ഷണസമിതി പ്രവർത്തകർക്കും ഇക്കോഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും ഇക്കോടൂറിസം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാനുതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

സംസ്ഥാനത്തെ സാഹസിക വിനോദസഞ്ചാരപ്രവർത്തനങ്ങൾക്ക് പുതിയ ഊർജം പകരാനുതകുംവിധം സ്വിറ്റ്സർലന്റ് ആസ്ഥാനമായുള്ള യൂണിയൻ സൈക്ലിസ്റ്റ് ഇന്റർനാഷണൽ, സ്പോർട്സ് വകുപ്പ്, സൈക്ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ, സൈക്ലിങ് ഫെഡറേഷൻ ഓഫ് കേരള, കേരള ഒളിംപിക് അസോസിയേഷൻ തുടങ്ങിയവയുടെ സഹകരണത്തോടെ അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിങ് മത്സരം തെന്മലയിലും (ക്രോസ് കൺട്രി) കോവളത്തും (ഫോർ ക്രോസ്) സംഘടിപ്പിക്കുവാൻ കഴിഞ്ഞു. യു.സി.ഐ സർട്ടിഫിക്കറ്റോടുകൂടി നടത്തപ്പെട്ട ഈ മത്സരം ഇന്ത്യയിൽത്തന്നെ ഇദംപ്രഥമമായി സംഘടിപ്പിക്കപ്പെട്ടതാണ്.

2012–14 സാമ്പത്തികവർഷത്തിൽ 320 ലക്ഷം രൂപ ഇക്കോടൂറിസം വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ അംഗീകരിച്ചതും എന്നാൽ പ്രവർത്തനം പൂർത്തിയാക്കാത്തതുമായ തെന്മല, അരിപ്പ, ചെല്ലാർകോവിൽ, ജടായൂപാറ, കമ്പമല, മരുതിമല തുടങ്ങിയവ തുടർ പദ്ധതിയിലുൾപ്പെടുന്നു.

## പുതിയ പദ്ധതികൾ

പുതായി ഈ വർഷം കണ്ടെത്തിയ തെന്മല, കൊച്ചുപമ്പ, എം.ടി.ബി 2013, വെള്ളിക്കീൽ ഇക്കോടൂറിസം എന്നീ പദ്ധതികൾക്കായി തുകവിനിയോഗിക്കും. ഇക്കോടൂറിസം വികസനത്തിന് അത്യാവശ്യമായ അടിസ്ഥാന പശ്ചാത്തലസൗകര്യങ്ങളായ ഫെസിലിറ്റേഷൻ സെന്റർ, താമസസൗകര്യം, പഠന വിവർത്തന സെന്ററുകൾ തുടങ്ങിയവ ആവശ്യമുള്ള സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനായി തുകവിനിയോഗിക്കും.

## പരിസ്ഥിതി സൗഹാർദ പരിപാടികൾ

കേരളത്തിലെ വിനോദസഞ്ചാരമേഖലയിൽ പരിസ്ഥിതി സൗഹാർദ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കും. ഇതിൽ പരിസ്ഥിതി സൗഹാർദ യന്ത്രങ്ങൾ, കളിക്കോപ്പുകൾ, ബോട്ടുകൾ, മറ്റ് വാഹനങ്ങൾ, സുവനീറുകൾ തുടങ്ങിയവ ഉൾപ്പെടുന്നതാണ്. തെന്മലയിൽ ഊർജസംരക്ഷണവുമായി ബന്ധപ്പെടുത്തിയുള്ള പദ്ധതികളും അവയെ ടൂറിസം ഉത്പന്നമായി അവതരിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ എടുക്കും.

## പരിസ്ഥിതി-സാമൂഹിക പ്രത്യാഘാത പഠനങ്ങൾ

ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെ മുന്നോടിയായി അത്തരം സ്ഥലങ്ങളിൽ ഇക്കോടൂറിസം കൊണ്ടുണ്ടാകുന്ന പരിസ്ഥിതി-സാമൂഹിക പ്രത്യാഘാതങ്ങളെ പഠിക്കുന്നത് എപ്പോഴും ഗുണപ്രദമാകുമെന്ന് തെളിയിച്ചിട്ടുണ്ട്. മൊത്തവിഹിതത്തിന്റെ ഒരു നിശ്ചിതശതമാനം ഇതിലേക്കായി വിനിയോഗിക്കും. ■




ദാസ് ഗോൾഡൻ സ്റ്റാഡ്റ്റർ പുരസ്കാരം മന്ത്രി എ.പി. അനിൽകുമാർ സ്വീകരിക്കുന്നു

ടൂറിസം വികസനം പ്രാദേശിക ജനതയുടെ ജീവൽ പ്രശ്നങ്ങളുടെ പരിഹാരത്തിനുകൂടി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കോവളം മേഖലയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 14 കോടി രൂപയുടെ കുടിവെള്ള പദ്ധതി നടപ്പാക്കാൻ ഫണ്ട് നൽകിക്കഴിഞ്ഞു. സമഗ്രമായ ടൂറിസം വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് അവസരമൊരുക്കുകയാണ് ടൂറിസം വകുപ്പിന്റെ പരമമായ ലക്ഷ്യം. ജനങ്ങളുടെ സഹകരണം ഉറപ്പാക്കിയും പരമാവധി ആശങ്കകൾ അകറ്റിയുമാണ് ടൂറിസം വികസനം സാധ്യമാവുക. ടൂറിസം വികസനമെന്നു കേൾക്കുമ്പോൾ പരിസ്ഥിതി നശീകരണമെന്ന തെറ്റായ സന്ദേശം എങ്ങനെയോ ജനങ്ങൾക്കിടയിൽ എത്തിപ്പെട്ടിരിക്കുന്നു. ഇത് പൂർണമായും തെറ്റായ കാഴ്ചപ്പാടാണെന്ന് ഉറപ്പിച്ചു പറയേണ്ടതുണ്ട്. കാരണം പരിസ്ഥിതിയും പ്രകൃതിവിഭവങ്ങളും സംരക്ഷിച്ചുകൊണ്ടു മാത്രമേ ആരോഗ്യകരമായ ടൂറിസം വികസനം സാധ്യമാകൂ. നമ്മുടെ പ്രകൃതിയും സുഖദായകമായ കാലാവസ്ഥയുമാണ് ടൂറിസ്റ്റുകളെ വൻതോതിൽ ആകർഷിക്കുന്നത്. ആ സാധ്യത നശിപ്പിച്ചുകൊണ്ട് ടൂറിസം വികസനം സാധ്യമല്ലതന്നെ.

പരിസ്ഥിതി സംരക്ഷണത്തിന് ടൂറിസം വകുപ്പിന്റെ ബോധപൂർവമായ ഇടപെടൽ തന്നെ ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. വിവേചനരഹിതമായ മണലൂറ്റ് തടഞ്ഞ് നദീസംരക്ഷണം ഉറപ്പാക്കാനുള്ള നടപടികളും വനനശീകരണ പ്രവണതകൾക്കെതിരെയും ടൂറിസം വകുപ്പിന്റെയും ശക്തമായ ഇടപെടൽ ഉണ്ടായിട്ടുണ്ട്. ഇത്തരം നടപടികൾ കൂടുതൽ ശക്തവും വ്യാപകവുമാക്കുകയാണ് ഇപ്പോഴത്തെ ലക്ഷ്യം.

വിപണനത്തിന് നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി അതിനുള്ള ഭീമമായ ചെലവ് ഗണ്യമായി കുറയ്ക്കാനുള്ള തീവ്രശ്രമം സർക്കാർ ഭാഗത്തുനിന്ന് തുടങ്ങിയിട്ടുണ്ട്. വിവിധ ഇന്ത്യൻ ഭാഷകളിലും ചില യൂറോപ്യൻ ഭാഷകളിലും ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിന് പരിഭാഷകൾ സൃഷ്ടിച്ചു. യൂട്യൂബ് പോലുള്ള സോഷ്യൽ മീഡിയകളും ഫലപ്രദമായി വിപണനത്തിന് ഉപയോഗിച്ചുവരുന്നു. ഗൂഗിൾ സെർച്ചിൽ താജ്മഹലിനെ പിൻതള്ളി കേരളാ ടൂറിസം ഒന്നാമതെത്തിയത് അഭിമാനാർഹമായ നേട്ടമായി. ആയുർവേദ, ജൈവവൈവിധ്യമേഖലയായി യുനെസ്കോ പ്രഖ്യാപിച്ച പശ്ചിമഘട്ടം എന്നിവ ഫലപ്രദമായ വിപണനോത്പന്നങ്ങളായി ഉപയോഗിച്ചുവരുന്നു. എല്ലാ സീസണിലും വിനോദ സഞ്ചാര ലക്ഷ്യം എന്ന നിലയ്ക്കാണ് വിപണനതന്ത്രം മെനയുന്നത്. ഗൾഫ് മേഖലയിലും ഓസ്ട്രേലിയയിലും റഷ്യയിലും ഇദംപ്രഥമമായി മേളകളിൽ പങ്കാളിത്തവും റോഡ്ഷോകളും വിജയകരമായി സംഘടിപ്പിച്ചു. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ദേശീയവും അന്തർദേശീയവുമായ രണ്ടു ഡസനോളം പുരസ്കാരങ്ങൾ കേരളാ ടൂറിസം കരസ്ഥമാക്കിയെന്നതും വലിയ നേട്ടം തന്നെയാണ്.

> പരിസ്ഥിതി സംരക്ഷണത്തിന് ടൂറിസം വകുപ്പിന്റെ ബോധപൂർവമായ ഇടപെടൽ തന്നെ ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. വിവേചനരഹിതമായ മണലൂറ്റ് തടഞ്ഞ് നദീസംരക്ഷണം ഉറപ്പാക്കാനുള്ള നടപടികളും വനനശീകരണ പ്രവണതകൾക്കെതിരെയും ടൂറിസം വകുപ്പിന്റെയും ശക്തമായ ഇടപെടൽ ഉണ്ടായിട്ടുണ്ട്. ഇത്തരം നടപടികൾ കൂടുതൽ ശക്തവും വ്യാപകവുമാക്കുകയാണ് ഇപ്പോഴത്തെ ലക്ഷ്യം.

ടൂറിസം വികസനത്തിൽ പ്രാദേശികമായ സന്തുലനം അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, മലബാർ മേഖലയുടെ ടൂറിസം വികസനത്തിന് പ്രത്യേക ഊന്നൽ നൽകി. ഈസ്റ്റേൺ ടൂറിസം കോറിഡോർ, നോർത്തേൺ റീജിയണൽ ടൂറിസം സർക്യൂട്ട് എന്നിവ ഇതിന്റെ ഭാഗമായി രൂപപ്പെടുത്തിയ പദ്ധതികളാണ്. 72 കോടിയുടെ ആലപ്പുഴ സംയോജിത കായൽ ടൂറിസം പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിക്കുകയും പ്രഥമ ഘട്ടമായി 50 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ നിർമാണപ്രവർത്തനം ഈ വർഷം തുടങ്ങും. സമാനമായ വൻ പദ്ധതി വയനാടിനുവേണ്ടിയും തയാറാക്കിവരുന്നു. ഈ നിലയിൽ കേരള ടൂറിസം സാധ്യമായ ഊർജം സംഭരിച്ചുകൊണ്ട് ദീർഘവീക്ഷണത്തോടുകൂടിയ മുന്നേറ്റത്തിന് തുടക്കം കുറിച്ചുകഴിഞ്ഞിരിക്കുന്നു.

വിനോദസഞ്ചാരം സമ്പന്നവിഭാഗത്തിന്റെ വിനോദോപാധിയെന്ന കാഴ്ചപ്പാടിൽ നിന്ന് എല്ലാ വിഭാഗം ജനങ്ങളുടെയും ഉത്കർഷത്തിനു സഹായകമായ മേഖലയെന്ന നിലയിൽ അംഗീകരിപ്പിക്കാൻ കഴിയുന്നവിധം ജനകീയ ടൂറിസത്തിന് രൂപം നൽകുന്നതിനാണ് സർക്കാരിന്റെ മുന്തിയ പരിഗണന.

ഈ സാമ്പത്തികവർഷം തന്നെ വിവിധ മേഖലകളിലായി ഇതിനകം 179 കോടി രൂപയുടെ വൈവിധ്യമാർന്ന ടൂറിസം പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞുവെന്നത് ഈ മേഖലയ്ക്ക് സർക്കാർ നൽകുന്ന പ്രാമുഖ്യം വ്യക്തമാക്കാൻ പോന്നതാണ്.

എല്ലാ മലയാളികൾക്കും സന്തുഷ്ടവും ഐശ്വര്യപൂർണവുമായ ഓണാശംസകൾ നേരുന്നതിനുകൂടി ഞാനീ അവസരം വിനിയോഗിക്കട്ടെ. ■










# ചക്രവാളങ്ങൾ കടന്നെത്തുന്ന കേരള സഞ്ചാരം

കേരളം എക്കാലവും വിദേശയാത്രികരുടെ ഹരമായിരുന്നു. കുരുമുളകും സുഗന്ധദ്രവ്യങ്ങളും വാങ്ങാനായി വാണിജ്യലക്ഷ്യത്തോടെ വന്ന കച്ചവടക്കാർ പോലും ഈ നാടിന്റെ മനോഹരതീരങ്ങളിലും മലനിരകളിലും മുഗ്ധരായി. ഇന്നിപ്പോൾ ദൈവത്തിന്റെ സ്വന്തംനാട് ആഗോളവിനോദ സഞ്ചാരഭൂപടത്തിലെ പ്രമുഖ ഇടങ്ങളിലൊന്നായി മാറിക്കഴിഞ്ഞിരിക്കുന്നു. സെപ്റ്റംബർ 27ന് ലോക വിനോദസഞ്ചാരദിനം ആചരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങളും ഭാവിസാധ്യതകളും അന്വേഷിക്കുകയാണ് ഇവിടെ. ഒപ്പം ചില യാത്രാനുഭവങ്ങളും...

സുസ്മേഷ് ചന്ത്രോത്ത്, കെ.എൻ. ഷാജി, കെ.എ. ബീന തുടങ്ങിയവർ എഴുതുന്നു.



■ എഴുമാവിൽ രവീന്ദ്രനാഥ്


# വിനോദസഞ്ചാരത്തിന് ഒരു ഹരിതരേഖ

**നെല്ലറകളുടെയും കേര വൃക്ഷങ്ങളുടെയും ദൃശ്യചാരുതയും റബർ, ഏലം, തേയിലത്തോട്ടങ്ങളുടെ വിശാലതയും പ്രയോജനപ്പെടുത്താവുന്ന ഫാം ടൂറിസം ഇനിയും വികസിക്കേണ്ടതുണ്ട്**

ദൈവത്തിന്റെ സ്വന്തം നാട് എന്നു മുദ്രണം ചാർത്തപ്പെടുന്നതിനും എത്രയോ നൂറ്റാണ്ടുകൾക്ക് മുൻപ് സുഗന്ധങ്ങളുടെ നാട് എന്ന പേര് കേരളത്തിനു വീണുകിട്ടിയിരുന്നു. പിന്നീടത് സുഗന്ധവ്യഞ്ജനങ്ങളുടെ നാടെന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. പുഴകളും മലകളും പൂവനങ്ങളും ചൊരിയുന്ന സമൃദ്ധി ഒരു ഭാഗത്ത്, വേർപ്പൊഴുക്കി കർഷകവൃന്ദം വിസ്തൃതമാക്കുന്ന ഹരിതസാമ്രാജ്യത്തിന്റെ ശബളിമ മറ്റൊരുഭാഗത്ത്. ഇവരണ്ടും ഒരുപോലെ നുകർന്നവരായിരുന്നു പ്രാചീനകാലം തൊട്ടു മലയാളക്കരയിൽ കപ്പലും പായ്‌വഞ്ചികളുമടുപ്പിച്ച വിദേശികൾ. ഇവർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ അന്നത്തെ നാടുവാഴികൾ കാട്ടിയ മഹാമനസ്കതയിൽ നിന്നാവണം നമ്മുടെ വിനോദസഞ്ചാരവികസനത്തിന്റെ അഭിമാനശിലകൾ പാകപ്പെട്ടത്. നാട്ടകങ്ങളിലെ പ്രകൃതിസൗന്ദര്യങ്ങളും സവിശേഷതകളും കണ്ടറിയാനും അവയുടെ സംവർധനത്തിനുള്ള നടപടികൾ കൈക്കൊള്ളുവാനും നാട്ടരചന്മാർക്കു പ്രേരണയായതും ഒരുപക്ഷേ വിദേശികളുടെ പ്രകൃതിസ്നേഹമായിരുന്നിരിക്കണം.

പ്രകൃതി സ്വയമൊരുക്കിയതും നമ്മൾ പരിപോഷിപ്പിച്ചെടുത്തതും കൃത്രിമമായി സൃഷ്ടിച്ചെടുത്തവയും ഹൈടെക് രീതിയിലുള്ളവയുമായ വിനോദസഞ്ചാരകേന്ദ്രങ്ങൾ നമുക്കുണ്ട്. ഏറ്റവും ഒടുവിൽപ്പറഞ്ഞവ രണ്ടും ഏതു രാജ്യത്തിനും വികസിപ്പിച്ചെടുക്കാനാവും. എന്നാൽ അവയോട് നാട്ടാർക്കുള്ളത്ര ആഭിമുഖ്യത്തിന്റെ നേരിയൊരംശംപോലും വിദേശികൾക്കില്ലെന്നാണ് ഇതുസംബന്ധിച്ച പഠനങ്ങൾ വ്യക്തമാക്കുന്നത്. ആദ്യം പറഞ്ഞവ രണ്ട് ബിസിനസ് കേന്ദ്രങ്ങളായി മാറ്റപ്പെടുന്നില്ല എന്ന സന്ദേഹവും വിദേശികൾ പങ്കുവെയ്ക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങൾ നമ്മുടെ ടൂറിസം രംഗത്തെ ഭാവിയിൽ ദോഷകരമായി ബാധിച്ചേക്കാം. ഹൈറേഞ്ചുകളിൽ തണുപ്പുകുറയുന്നതും വെള്ളച്ചാട്ടങ്ങൾ നൂൽപ്പരുവമാകുന്നതും ഇതിനുദാഹരണങ്ങളാണ്. പ്രകൃതിയെ സംരക്ഷിച്ച്, പരിസ്ഥിതിയെ പരിപാലിച്ചുകൊണ്ടുള്ള മുന്നേറ്റമാണ് ടൂറിസം രംഗത്തുണ്ടാവേണ്ടത്.

ഇവിടെയാണ് ഫാം ടൂറിസത്തിന്റെ പ്രസക്തി. വിശാലമായ ഭാരതസാമ്രാജ്യത്തിന്റെ 1.18 ശതമാനം മാത്രമേ വിസ്തൃതിയുള്ളുവെങ്കിലും ഏതാണ്ട് 69 ശതമാനം ഭൂമിയും കൃഷിക്കായി നീക്കിവെക്കപ്പെട്ട നാടാണ് നമ്മുടേത്. 27.8 ശതമാനം വനമേഖലയാണ്. ചുരുക്കത്തിൽ ആകെ ഭൂവിസ്തൃതിയുടെ 97 ശതമാനവും ഹരിതാഭമാണ്.



| | | | |
|---|---|---|---|
| ആകെ ഭൂവിസ്തൃതി | - | 3886287 | ഹെക്ടർ |
| വനഭൂമി | - | 1081509 | ഹെക്ടർ |
| കൃഷിഭൂമി | - | 2668678 | ഹെക്ടർ |
| വിവിധതരം വൃക്ഷവിളകളുള്ള ഭൂമി | - | 4423 | ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത പ്രദേശം | - | 22046 | ഹെക്ടർ |
| തരിശുഭൂമി | - | 76945 | ഹെക്ടർ |
| മറ്റുള്ളവ | - | 32686 | ഹെക്ടർ |

7,78,618 ഹെക്ടർ സ്ഥലത്താണ് ഇന്ന് തെങ്ങു കൃഷി വ്യാപിച്ചിട്ടുള്ളത്. 99188 ഹെക്ടർ സ്ഥലം സ്വന്തമാക്കി കവുങ്ങും പിന്നാലെയുണ്ട്. പല സിനിമകളുടെയും ലൊക്കേഷനാകാൻ ഇവയിൽ ലക്ഷണമൊത്ത ഫാമുകൾക്കു കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ളവയെപ്പറ്റി സമഗ്രമായ സർവേ സംഘടിപ്പിച്ച് അവയെ ടൂറിസവുമായി ബന്ധപ്പെടുത്താൻ ബന്ധപ്പെട്ടവർക്കു കഴിയണം. ഇവിടെ ഉത്പന്നവൈവിധ്യം സംബന്ധിച്ച വിജ്ഞാനവ്യാപന സംവിധാനം കൂടി ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും.



നമ്മുടെ കൃഷിഭൂമിയിൽ 60 ശതമാനവും ഒരു കാലത്ത് വനപ്രദേശമായിരുന്നു. കൃഷിയോഗ്യമല്ലെന്നുകണ്ട് അവഗണിച്ച മൊട്ടക്കുന്നുകളും പാറക്കെട്ടുകളുമെല്ലാം കഠിനാധ്വാനത്തിലൂടെ വിളഭൂമിയാക്കി മാറ്റാൻ നമുക്കായി. ബ്രിട്ടീഷ് ഭരണകാലത്താണ് ഇത്തരം നീക്കങ്ങൾ സജീവമായത്. ഏലം, തേയില, കാപ്പി, റബർ തുടങ്ങിയവയും സുഗന്ധവ്യഞ്ജനവിളകളും വ്യാപകമായി കൃഷി ചെയ്യപ്പെട്ടതും ഇക്കാലത്തുതന്നെ. മൂല്യരഹിതമായ കുറ്റിക്കാടുകളെ മൂല്യവർധിത ഉത്പന്നങ്ങളുടെ വിളനിലമാക്കി മാറ്റുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തി എന്നതായിരുന്നു ഈ കൃഷിരീതിയിലൂടെ ഉണ്ടായ നേട്ടം. പ്രകൃതിദത്ത വനങ്ങളോളം വരില്ലെങ്കിലും ഒരു പ്രത്യേകദൃശ്യഭംഗി സൃഷ്ടിക്കുവാൻ റബർ, തെങ്ങ്, കവുങ്ങ് തുടങ്ങിയ വിളകൾ കൊണ്ടുതീർത്ത ചാർട്ടേഡ് വനങ്ങൾക്കു കഴിഞ്ഞു എന്നതൊരു സത്യമാണ്. മൊട്ടക്കുന്നുകളെ പച്ചപ്പുതപ്പണിയിച്ച ഏലവും കാപ്പിയും തേയിലയുമൊക്കെ ചെയ്തതും തത്തുല്യമായ ധർമം തന്നെ.

നമ്മുടെ നെല്ലറകൾ പകർന്നുതരുന്ന ദൃശ്യചാരുതയും എടുത്തുപറയേണ്ടതുതന്നെ. ജലസമൃദ്ധമായ പശ്ചാത്തലത്തിലും അല്ലാതെയും പരന്നുകിടക്കുന്ന പച്ചപ്പിന്റെ സൗന്ദര്യം പ്രകൃതിസ്നേഹികൾക്കും സഞ്ചാരപ്രിയർക്കും കാണാതെ പോകാനാവുന്നതല്ല. റബർ, തെങ്ങ്, കവുങ്ങ് തോട്ടങ്ങളെക്കാൾ വനസാദൃശ്യം ഒരുക്കാൻ കെൽപ്പുള്ള കശുമാവിൻ തോപ്പുകളെയും ഇത്തരണത്തിൽ ഓർക്കേണ്ടതുണ്ട്. ഇവയെ എല്ലാംതന്നെ ടൂറിസവുമായി ബന്ധിപ്പിച്ചാലോ? തീർച്ചയായും വേറിട്ടൊരനുഭവമാകും ഉണ്ടാവുക.

വിദേശികളും സ്വദേശികളും വ്യത്യസ്തതകൾ ആഗ്രഹിക്കുന്നവരാണ്. കണ്ടുമടുക്കുന്നവയല്ല എന്നു പറഞ്ഞാലും ഒരേപ്രദേശങ്ങളിൽ വീണ്ടും വീണ്ടും സന്ദർശനത്തിനെത്തുന്നവർ പൂർണതൃപ്തിയോടെയല്ല പലപ്പോഴും മടങ്ങുന്നത്. ഇവിടെയാണ് ഫാം ടൂർ പ്രൊജക്ടുകളിലൂടെ വ്യത്യസ്തമായ ദൃശ്യവിരുന്നൊരുക്കേണ്ടതിന്റെ ആവശ്യകതയുള്ളത്.

തണുവണിഞ്ഞതും ഇരുൾമൂടിയതുമായ റബർ പ്ലാന്റേഷനുകൾക്കിടയിലൂടെയുള്ള ഹ്രസ്വമെങ്കിലും സുഖദമായ യാത്ര, യാത്രയ്ക്കിടയിൽ രസം നിറക്കാനുള്ള വിനോദോപാധികൾ, കോഫിപാർലറുകൾ, കോട്ടേജുകൾ, ഏറുമാടങ്ങൾ ഇവയൊക്കെ സജ്ജീകരിച്ചാലോ? നമ്മുടെ സംസ്ഥാനത്തെ എൺപതോളംവരുന്ന വൻകിട, ഇടത്തരം റബർ പാന്റേഷനുകളിൽ 75 ശതമാനത്തിനും ഇതിനുകഴിയും. 5,25,408 ഹെക്ടറിലായി പടർന്നുകിടക്കുന്ന റബറിന്റെ പച്ചപ്പാണ് നമ്മുടെ സംസ്ഥാനത്തുള്ളതെന്നോർക്കുക. സൂര്യവെളിച്ചം ആവോളം നുകരുന്ന 41593 ഹെക്ടർ ഏലക്കാടും 36845 ഹെക്ടർ തേയിലത്തോട്ടവും 84796 ഹെക്ടർ കാപ്പിത്തോട്ടവും നമുക്കുണ്ട്. പ്രകൃതിയോടിണങ്ങിക്കഴിയുന്ന ഈ ത്രിമൂർത്തികൾക്ക് ഫാം ടൂറിസം രംഗത്ത് വഹിക്കാനുള്ള പങ്ക് ഏറെയാണ്. കൃത്രിമത്വം തോന്നാത്ത വള്ളിക്കുടിലുകളും ഏറുമാടങ്ങളുമൊക്കെ ഇവയിൽ സ്ഥാപിച്ചാൽ അവയെ കണ്ടില്ലെന്നു നടിച്ചുപോകാൻ കണ്ണുള്ളവർക്കും കഴിയില്ല.

നമ്മുടെ നെൽക്കൃഷി 2,34,013 ഹെക്ടർ സ്ഥലത്തായി പടർന്നുകിടക്കുന്നു. അരിവിഭവങ്ങൾ ലഭിക്കുന്ന വിപണനകേന്ദ്രങ്ങളും അരിയെപ്പറ്റിയുള്ള നൂറുകണക്കിനു നാട്ടറിവുകളുടെ ലൈറ്റ് ആൻഡ് സൗണ്ട് പ്രദർശനവും പാടത്തിനു നടുവിലെ ഏറുമാടങ്ങളുമൊക്കെ ഒന്നു സങ്കൽപ്പിച്ചു നോക്കൂ. നിലം തൊടാതെയുള്ള താമസവും വിഷം തീണ്ടാതെയുള്ള ഭക്ഷണവുമൊക്കെ സന്ദർശകർക്കു നൽകുമ്പോൾ നാടിന്റെയും നെല്ലിന്റെയും യശസ്സ് ഒരുപോലെ ഉയരും.

### വിളയും വിസ്തൃതിയും

| | | | |
|---|---|---|---|
| നെല്ല് | - | 234013 | ഹെക്ടർ |
| തെങ്ങ് | - | 778618 | ഹെക്ടർ |
| റബർ | - | 525408 | ഹെക്ടർ |
| ഏലം | - | 41593 | ഹെക്ടർ |
| തേയില | - | 36845 | ഹെക്ടർ |
| കാപ്പി | - | 84796 | ഹെക്ടർ |
| കവുങ്ങ് | - | 99188 | ഹെക്ടർ |
| വാഴ | - | 99077 | ഹെക്ടർ |



കന്നുകാലിവളർത്തലും കോഴിവളർത്തലും വീണ്ടും സജീവമായിരിക്കുന്ന ഒരു കാലത്തിലൂടെയാണ് നമ്മുടെ സഞ്ചാരം. മുൻപ് വീടുകളിലൊതുങ്ങിയിരുന്ന ഈ മൃഗസംരക്ഷണ സമ്പ്രദായം ഹൈടെക്കിലേക്കു ചുവടുമാറ്റിയിരിക്കുന്നു. വിശാലമായ കൃഷിയിടങ്ങൾക്കിടയിൽ വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷത്തിൽ വളർത്തുന്ന പക്ഷികളും മൃഗങ്ങളുമുള്ള പുതിയൊരു ഫാമിങ് രീതി ഇന്ന് വ്യാപകമാവുകയാണ്. ഉത്പാദനം, സംഭരണം, സംരക്ഷണം, വിപണനം ഇവയെല്ലാം ഒരു കുടക്കീഴിലാക്കിയുള്ള ഹൈടെക്മോഡൽ വിജ്ഞാനദാഹികളും വിനോദകുതുകികളുമായ സഞ്ചാരികളുടെ പറുദീസയാക്കിമാറ്റാൻ നാം ഒന്നു മനസ്സുവെച്ചാൽ മതി.

എന്നാൽ ഇവയിൽ ശാസ്ത്രീയമായി പരിപാലിക്കപ്പെടുന്നവ വെറും 30 ശതമാനം മാത്രമാണ്. വിസ്തൃതമായ ഭൂപ്രദേശവും അതിൽ ജീവികൾക്കു സ്വതന്ത്രവിഹാരത്തിനുള്ള സൗകര്യങ്ങളും പെറ്റ്സ് കോട്ടേജുകളും ഒരുക്കാൻ കേവലം പത്തു ശതമാനത്തിനുമാത്രമേ കഴിഞ്ഞിട്ടുള്ളു. ഇതിന് മൂലധനം, ആധുനികസാങ്കേതികവിദ്യകളുടെ ലഭ്യത, സർക്കാർ സഹായങ്ങൾ ഇവ അത്യന്താപേക്ഷിതം തന്നെ. വ്യക്തികൾ ഈ രംഗത്തേക്ക് ഇറങ്ങുമ്പോൾ ആവശ്യമായ സ്ഥലം, സാമ്പത്തികഭദ്രത എന്നിവ ഉണ്ടായേപറ്റൂ. മേൽപ്പറഞ്ഞ പത്തുശതമാനത്തിൽ നാലു ശതമാനം മാത്രമാണ് വ്യക്തിഗത സംരംഭങ്ങൾ. സർക്കാർ ഫാമുകൾ, ചാരിറ്റബിൾ ട്രസ്റ്റ് ഉൽപ്പെടെയുള്ള കൂട്ടായ്മകളും ബിസിനസ് ഗ്രൂപ്പുകളുമാണ് ബാക്കിയുള്ളവയുടെ അമരക്കാർ. എന്നാൽ ഇവരൊന്നും തന്നെ ലൈവ് സ്റ്റോക്ക് ഫാമുകളുടെ ടൂറിസം സാധ്യതകൾ ഇതേവരെ മുതലാക്കിയിട്ടില്ലെന്നതാണ് സത്യം. സ്വകാര്യ ഫാമുകൾക്ക് ഇത്തരം പദ്ധതികൾക്കായി സർക്കാർ സഹായങ്ങൾ ലഭ്യമാകുമോ എന്ന ആശങ്കകൾ പലരും പങ്കുവെക്കുന്നത് ഇത്തരുണത്തിൽ ഓർക്കേണ്ടതുണ്ട്.

വിശാലമായ കൃഷിയിടങ്ങൾക്കിടയിൽ വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷത്തിൽ വളർത്തുന്ന പക്ഷികളും മൃഗങ്ങളുമുള്ള പുതിയൊരു ഫാമിങ് രീതി ഇന്ന് വ്യാപകമാവുകയാണ്. ഉത്പാദനം, സംഭരണം, സംരക്ഷണം, വിപണനം ഇവയെല്ലാം ഒരു കുടക്കീഴിലാക്കിയുള്ള ഹൈടെക്മോഡൽ വിജ്ഞാനദാഹികളും വിനോദകുതുകികളുമായ സഞ്ചാരികളുടെ പറുദീസയാക്കിമാറ്റാൻ നാം ഒന്നു മനസ്സുവെച്ചാൽ മതി.

സഹകരണമേഖലയ്ക്ക് ഈ രംഗത്ത് ഏറെ പ്രവർത്തിക്കാനാവും. കൂട്ടായ്മയുടെ ബലം, സർക്കാർ നിയന്ത്രണത്തിന്റെ സുരക്ഷിതത്വം, കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും ഏജൻസികളുടെയും കൈത്താങ്ങ് എന്നിവ ഇത്തരം സ്ഥാപനങ്ങൾക്കുമാത്രം സ്വന്തം. ടൂറിസം, കൃഷി, സഹകരണം തുടങ്ങിയ മൂന്നു വകുപ്പുകൾ ചേർന്ന് ഇതിനൊരു രൂപരേഖ തയാറാക്കിയാൽ അത് നാടിന്റെ മുഖച്ഛായ മാറ്റിയെടുക്കാനുള്ള ഹരിതരേഖയായി മാറ്റപ്പെടും. ഈ രംഗത്ത് ചുവടുറപ്പിക്കുവാനുള്ള നീക്കവുമായാണ് തിരുവനന്തപുരം ജില്ല ഫാം ടൂറിസം സഹകരണസംഘം പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. പ്രകൃതി സൗന്ദര്യം നിറഞ്ഞുകവിയുന്ന വൻകിട കൃഷിയിടങ്ങളെ അടയാളപ്പെടുത്തി, അതിലൂടെ സഞ്ചാരികളിൽ കൃഷിയുടെ മഹാത്മ്യവും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യവും സംബന്ധിച്ച അവബോധം സൃഷ്ടിക്കാനുള്ള ശ്രമങ്ങളാണ് തങ്ങൾ നടത്തിവരുന്നതെന്ന് സംഘം ഭാരവാഹികൾ പറയുന്നു. ഇത് മറ്റു ജില്ലകൾക്കും പിൻതുടരാവുന്ന മാതൃകതന്നെയല്ലേ? എന്നാൽ എപ്രകാരം ഇത് പ്രാവർത്തികമാക്കാം എന്നതു സംബന്ധിച്ച മാർഗനിർദേശങ്ങൾ സംസ്ഥാനതലത്തിൽ തന്നെ ഉണ്ടാവണം. ഇതിനു താഴെപ്പറയുന്നവ സൂചകങ്ങളാക്കാം. 1) ഓരോ ജില്ലയിലേയും കാർഷിക പ്രാധാന്യം, 2) കൃഷിയിടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ, 3) പ്രകൃതി ഭംഗിയുടെ അവലോകനം (കുന്നുകൾ, താഴ്വാരങ്ങൾ, ജലാശയങ്ങൾ), 4) ഗതാഗത സൗകര്യം, 5) നിലവിൽ ടൂറിസത്തിന് യോഗ്യമോ?, 6) ടൂറിസം സാധ്യതകൾ എങ്ങനെ?, 7) ഇതിലേക്കുവേണ്ടിവരുന്ന അടിസ്ഥാന സൗകര്യങ്ങൾ, 8) ഇതിനുള്ള ചെലവുകൾ, 9) മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളുമായുള്ള സാമീപ്യം, 10) പുതുതായി ഉയരുന്ന തൊഴിൽ സാധ്യതകൾ, 11) പ്രതീക്ഷിക്കുന്ന വരുമാനം.

ഇവ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇപ്പോൾത്തന്നെ ലഭ്യമാണ്. അവ അൽപം 'പോളീഷ്' ചെയ്തെടുക്കണമെന്നു മാത്രം. കയ്യിലെ നിധി കാണാതെ കാക്കപ്പൊന്നു തേടുന്ന അവസ്ഥയിൽ നിന്നൊരു മാറ്റത്തിന് ഇതൊരു തുടക്കമായി മാറട്ടെ. ■

*(കോപ്-ഫെഡ് ഡയറക്ടറാണ് ലേഖകൻ)*



ഡോ. ബി. വിജയകുമാർ



# വിനോദസഞ്ചാരവും തൊഴിൽ വൈദഗ്ധ്യവികസനവും

**വിനോദസഞ്ചാര രംഗത്തെ തൊഴിലവസരങ്ങളുടെ സാധ്യത തിരിച്ചറിഞ്ഞ് വിദഗ്ധ പരിശീലനം നൽകുന്ന സ്ഥാപനങ്ങളുടെ ശൃംഖല തന്നെ കേരളത്തിലുണ്ട്**

ആധുനികലോകം വിജ്ഞാനത്തിൽ നിന്നും ഊർജം ഉൾക്കൊണ്ട് അനുദിനം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. കാഴ്ചപ്പാടും സർഗശേഷിയും പ്രവർത്തനചാരുതയും സമന്വയിപ്പിച്ച് വികസനരംഗത്ത് ഘടനാപരമായ മാറ്റം സൃഷ്ടിക്കുവാനുള്ള സാഹചര്യമൊരുക്കുന്നതിൽ വിവരസാങ്കേതികവിദ്യയുടെ പങ്ക് വളരെ വലുതാണ്. ആധുനീകരണവും വികസനവും മൂലം സമൂഹത്തിന്റെ ക്രയശേഷിയിലുണ്ടായ വർധന കാര്യമായ പ്രചോദനം ചെലുത്തിയ ഒരു മേഖലയാണ് വിനോദസഞ്ചാരം. ആഗോളതലത്തിൽ വിനോദസഞ്ചാരികളുടെ എണ്ണം 1950 ൽ 25 ദശലക്ഷമായിരുന്നത് 2008 ൽ 924 ദശലക്ഷമായും 2012 ൽ 1035 ദശലക്ഷമായും വർധിച്ചു. 2012 കാലയളവിൽ കേരളത്തിലെ മൊത്തസഞ്ചാരികളുടെ എണ്ണം ഒരു കോടി കവിയുകയും ചെ




തിരുവനന്തപുരം കിറ്റ്സ് അക്കാദമി ബ്ലോക്കിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു

യ്തു. ലോകവിനോദസഞ്ചാരഭൂപടത്തിൽ സ്വന്തമായ വ്യക്തിമുദ്രപതിപ്പിച്ച കേരളം ടൂറിസത്തെ ഇന്ന് പ്രാദേശികവികനത്തിനും തൊഴിലും വരുമാനവും വർധിപ്പിക്കുന്നതിനുമുള്ള മികച്ച ഉപാധിയായിട്ടാണ് പരിഗണിച്ചിരിക്കുന്നത്. സംസ്ഥാനത്തിനകത്തും രാജ്യത്തിനകത്തും വിദേശത്തും വിനോദ സഞ്ചാര മേഖലയിലുണ്ടാകുന്ന തൊഴിലവസരങ്ങൾ നമ്മുടെ യുവതീയുവാക്കൾക്ക് പ്രയോജനപ്പെടുത്തണമെങ്കിൽ അതിന് അനുയോജ്യമായ രീതിയിൽ ഈ മേഖലയിലെ മാനവശേഷി വികസനപരിപാടികൾ ക്രമപ്പെടുത്തണം. സമ്പദ്ഘടനയിലെ വിവിധ ഉത്പാദന-സേവന മേഖലകളിൽ ആഗോളതലത്തിൽ വർധിച്ചുവരുന്ന വിദഗ്ധ തൊഴിലാളികളുടെ ആവശ്യകത കണക്കിലെടുത്ത് യുവതീയുവാക്കളെ സജ്ജമാക്കുന്നതിന് ദേശീയ തൊഴിൽ വൈദഗ്ധ്യ വികസന കൗൺസിലിനും സംസ്ഥാന തൊഴിൽ വൈദഗ്ധ്യവികസന കേന്ദ്രത്തിനും രൂപം നൽകിയിട്ടുണ്ട്. ഈ വർഷത്തെ കേന്ദ്രബജറ്റിൽ തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിന് സർക്കാർ കാര്യമായ തുക നീക്കിവെക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംക്ഷിപ്തരൂപം നോക്കാം.

**തൊഴിൽ വൈദഗ്ധ്യവികസനവും - കേന്ദ്രാവിഷ്കൃത പദ്ധതികളും 2013-14**

| നമ്പർ | പദ്ധതി | മന്ത്രാലയം | രൂപ (ലക്ഷത്തിൽ) |
|---|---|---|---|
| 1. | സംരംഭകത്വ വികസനം (ക്ഷീരം) | കൃഷി | 259.70 |
| 2. | മാനവശേഷി വികസനം (ഐടി) | വാർത്താവിനിമയം | 90.00 |
| 3. | SJSRY (NULM) | ഭവനം, നഗരദാരിദ്ര്യ നിർമാർജനം | 950.00 |
| 4. | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | മാനവശേഷി വികസനം | 72.09 |
| 5. | വയോജന വിദ്യാഭ്യാസം | മാനവശേഷി വികസനം | 514.80 |
| 6. | വയോജന വിദ്യാഭ്യാസം NGO/SRC | മാനവശേഷി വികസനം | 90.00 |
| 7. | PPP രീതിയിൽ ഐടിക്ക് പുതിയ സ്ഥാപനം | മാനവശേഷി വികസനം | 30.00 |
| 8. | കമ്മ്യൂണിറ്റി കോളേജ് ഉൾപ്പടെ ഉന്നത വിദ്യാഭ്യാസം | മാനവശേഷി വികസനം | 30.00 |
| 9. | പോളിടെക്നിക്കുകൾക്ക് സഹായം | മാനവശേഷി വികസനം | 595.00 |
| 10. | പരിശീലനം | തൊഴിൽ | 617.99 |
| 11. | എസ്.സി./എസ്.ടി., ഒ.ബി.സി. ക്ഷേമം | തൊഴിൽ | 7.20 |
| 12. | അടിസ്ഥാന സൗകര്യം/ ശേഷിവികസനം | സൂക്ഷ്മ, ഇടത്തരം ചെറുകിട സംരംഭം | 156.00 |
| 13. | ഖാദി വ്യവസായം | സൂക്ഷ്മ, ഇടത്തരം ചെറുകിട സംരംഭം | 108.80 |
| 14. | മറ്റ് ഗ്രാമീണ വ്യവസായം | സൂക്ഷ്മ, ഇടത്തരം ചെറുകിട സംരംഭം | 67.92 |
| 15. | പി.എം. ഇ.ജി.പി. | സൂക്ഷ്മ, ഇടത്തരം ചെറുകിട സംരംഭം | 1237.90 |
| 16. | വൈദഗ്ധ്യവികസന സംരംഭം | ന്യൂനപക്ഷം | 15.00 |
| 17. | പിന്നാക്കമേഖലയ്ക്ക് ഗ്രാന്റ് | പഞ്ചായത്ത് രാജ് | 6500.00 |
| 18. | എൻ.ആർ.എച്ച്.എം, | ഗ്രാമവികസനം | 3659.00 |
| 19. | എം.ജ്.എൻ.ആർ.ഇ.ജി.എസ്. | ഗ്രാമവികസനം | 33000.00 |
| 20. | ഫ്ളെക്സി ഫണ്ട് | ഗ്രാമവികസനം | 0.90 |
| 21. | മാനവശേഷി വികസനം - ISDS | ടെക്സ്റ്റയിൽ | 250.00 |
| 22. | പരിശീലനം | ടൂറിസം | 235.00 |
| 23. | ആർ.കെ.വി.വൈ. | കൃഷി | 9854.56 |

മേൽപ്പറഞ്ഞ പദ്ധതികളിൽ ടൂറിസത്തിലെ തൊഴിൽ വൈദഗ്ധ്യപരിശീലനത്തിനു മാത്രമായി 235 ലക്ഷം രൂപയാണ് ഈ വർഷത്തേക്ക് നീക്കിവെച്ചിരിക്കുന്നത്. എന്നാൽ ടൂറിസം ഒരു ബഹുമുഖവ്യവസായമായതിനാൽ മറ്റു മേഖലകളിലും ടൂറിസം ബന്ധിത തൊഴിൽ വൈദഗ്ധ്യപരിശീലനത്തിനുള്ള സാധ്യതയുള്ള കാര്യം നാം വിസ്മരിച്ചുകൂടാ. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സാധ്യമായ മേഖലകളെയെല്ലാം ബന്ധപ്പെടുത്തി ആഗോളസാധ്യതയുള്ള ടൂറിസത്തിനാവശ്യമായ തൊഴിൽ വൈദഗ്ധ്യ പരിശീലനപദ്ധതികൾ ആവിഷ്കരിച്ച് സംസ്ഥാനത്തിനകത്തു നടപ്പാക്കുന്നതിനുള്ള കർമപദ്ധതികൾ നാം ആവിഷ്കരിക്കണം.

## കേരളത്തിലെ പരിശീലന പരിപാടികൾ

കഴിഞ്ഞ രണ്ടര പതിറ്റാണ്ടുകാലത്തെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ടൂറിസത്തിലെ വിവിധ തൊഴിലവസരങ്ങളുടെ സാധ്യത തിരിച്ചറിഞ്ഞ സംസ്ഥാനമാണ് കേരളം. പ്രൊഫഷണലുകൾ, വിദഗ്ധ തൊഴിലാളികൾ തുടങ്ങി പല തലങ്ങളിൽ നൈപുണ്യം നേടിയവർക്കും ഇല്ലാത്തവർക്കും പ്രവർത്തിയെടുക്കാൻ അവസരം തരുന്ന ടൂറിസം മേഖലയിൽ ജോലിചെയ്യാൻ ആവശ്യമായ വൈദഗ്ധ്യം നൽകുന്ന സ്ഥാപനങ്ങളുടെ ഒരു ശൃംഖലതന്നെ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. ടൂറിസത്തിൽ പരിശീലനത്തോടൊപ്പം ബിരുദാനന്തര ബിരുദം മുതൽ സർട്ടിഫിക്കറ്റ് കോഴ്സ് വരെ ഈ സ്ഥാപനങ്ങളിൽ നടത്തിവരുന്നു. തിരുവനന്തപുരം, തലശേരി, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) കോഴിക്കോട്, കോട്ടയം കേന്ദ്രങ്ങളിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജി ടൂറിസം മാനവശേഷി വികസനരംഗത്ത് തൊഴിൽ വൈദഗ്ധ്യവികസനത്തിന് പ്രത്യേക ഊന്നൽ നൽകിവരുന്നു. ടൂറിസത്തിൽ എം.ബി.എ., ടൂറിസം പബ്ലിക് റിലേഷൻസ് മാനേജ്മെന്റിൽ പി.ജി. ഡിപ്ലോമ, എയർപോർട്ട് ഓപ്പറേഷൻ, കാർഗോ മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ്, സ്പാ തെറാപ്പി, ആയുർവേദ മസ്സാജ്, ഡസ്റ്റിനേഷൻ മാനേജ്മെന്റ്, ഇവന്റ് മാനേജ്മെന്റ്, സോഷ്യൽ മീഡിയ മാർക്കറ്റിങ്, ഇലക്ട്രോണിക് മാർക്കറ്റിങ്, ഐടിയും ടൂറിസവും, അബാക്കസ്, ഗലീലിയോ, അമേഡിയസ് തുടങ്ങിയ പാക്കേജുകൾ, വിവിധ അയാട്ട കോഴ്സുകൾ, ഫ്രഞ്ച്, ജർമൻ, അറബിക്-ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ആശയവിനിമയം തുടങ്ങി ട്രാവൽ ടൂറിസവുമായി ബന്ധപ്പെട്ട മേഖലയ്ക്ക് ആവശ്യമായ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള ഒട്ടേറെ ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകളും കിറ്റ്സ് നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, ഫുഡ് പ്രൊഡക്ഷൻ, എഫ് & ബി സർവീസ്, ഹൗസ് കീപ്പിങ്, ബേക്കറി ആൻഡ് കൺഫെക്ഷനറി എന്നീ മേഖലകളിലാണ് മറ്റ് സ്ഥാപനങ്ങൾ കോഴ്സുകൾ നടത്തുന്നത്. സ്കൂൾ വിദ്യാഭ്യാസം മുതൽ ബിരുദാനന്തര ബിരുദം നേടിയവർക്കുവരെ അനുയോജ്യമായ കോഴ്സുകൾ ഇന്ന് കേരളത്തിൽ ലഭ്യമാണ്.



## സൗജന്യ കോഴ്സുകൾ നിരവധി

ടൂറിസം മേഖലയിൽ തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ വർധിച്ചുവരുന്ന സാധ്യതകൾ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഒട്ടനവധി സൗജന്യ കോഴ്സുകളും ഇന്ന് കേരളത്തിൽ നടത്തിവരുന്നു. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ കിറ്റ്സ് സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ രണ്ടാഴ്ച ദൈർഘ്യമുള്ള ഫുഡ് പ്രൊഡക്ഷൻ കോഴ്സ്, ആറാഴ്ച ദൈർഘ്യമുള്ള ഹൗസ് കീപ്പിങ്, എഫ് & ബി സർവീസ് എന്നിവ നടത്തുന്നു. പഠിതാക്കൾക്ക് യൂണിഫോം, ആഹാരം, താമസം, പഠനോപകരണം എന്നിവയ്ക്കു പുറമെ 1500 മുതൽ 2000 രൂപവരെ സ്റ്റൈപ്പന്റ് നൽകുന്നു. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും പ്ലേസ്മെന്റ് സൗകര്യവും നൽകുന്നുണ്ട്. കുടുംബശ്രീ അംഗങ്ങളായ സ്ത്രീകളുടെ സൗകര്യാർഥം പ്രത്യേക സൗജന്യ കോഴ്സുകൾക്കും രൂപം നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞത് എട്ടാം ക്ലാസ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് മേൽപ്പറഞ്ഞ കോഴ്സുകൾക്ക് ചേരാവുന്നതാണ്. ഈ വർഷം 7560 പേരെ ഈ പദ്ധതിയനുസരിച്ച് പരിശീലിപ്പിക്കുവാനാണ് കിറ്റ്സ് ലക്ഷ്യമിടുന്നത്.

സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി തൊഴിൽ വൈദഗ്ധ്യ പരിശീലനപരിപാടികളും കിറ്റ്സ് സംസ്ഥാനത്തുടനീളം നടത്തിവരുന്നു. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, ട്രാവൽ കൺസൾട്ടൻസി, ടൂർ കൺസൾട്ടൻസി, നാചുറലിസ്റ്റ്, ഇന്റർപ്രിട്ടർ, സ്മരണികാ നിർമാണം എന്നിവയിൽ 50 ദിവസം നീണ്ടുനിൽക്കുന്ന സൗജന്യ പരിശീലനമാണ് ഇതുപ്രകാരം നൽകുന്നത്. ഉത്തരവാദിത്വ ടൂറിസം കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, കുമ്പളങ്ങി, അമ്പലവയൽ, വൈത്തിരി, ബേക്കൽ എന്നിവിടങ്ങളിലെ തദ്ദേശവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ടൂറിസം വ്യവസായത്തിൽ പ്രവർത്തിക്കുന്നതിനാവശ്യമായ വിവിധ സൗജന്യ കോഴ്സുകളും നടത്തുന്നുണ്ട്. കേരളത്തിലെ വനമേഖലയിലെ വനസംരക്ഷണസമിതി അംഗങ്ങൾ, ടാക്സി-ഓട്ടോറിക്ഷാ ഡ്രൈവർമാർ, ലൈഫ് ഗാർഡുകൾ, ടൂറിസം പൊലീസ്, ഹോംസ്റ്റേ പ്രവർത്തകർ, ഹൗസ്ബോട്ട് തൊഴിലാളികൾ തുടങ്ങിയവർക്ക് സൗജന്യ ശേഷിവികസന പരിപാടികളും കിറ്റ്സ് നടത്തുന്നുണ്ട്. ആതിഥ്യ മേഖലയിൽ ഗുണമേന്മയുള്ള സേവനപ്രദാനം ലക്ഷ്യമിട്ട് ഹോട്ടലുകളുടെ സഹകരണത്തോടുകൂടി തൊഴിലാളികൾക്ക് 'ലെറ്റ്സ് ലേൺ' പദ്ധതിയും നടപ്പാക്കിവരുന്നു.

## ഭാവി സാധ്യതകൾ

ടൂറിസം ഒരു ബഹുമുഖ വ്യവസായമാണ്. കൃഷി, പരമ്പരാഗതവ്യവസായം, പൈതൃകം, പരിസ്ഥിതി, സംസ്കാരം, കലാരൂപങ്ങൾ, ആയുർവേദം, വനം, ആരോഗ്യം, വിദ്യാഭ്യാസം, ഗ്രാമവികസനം, ഐടി, ഗതാഗതം തുടങ്ങി ഒട്ടനവധി മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് കേരളത്തിലെ ടൂറിസം മേഖല വളർന്ന് വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നത്. ഈ മേഖലകളിൽ പ്രവർത്തിക്കുന്ന സർക്കാർ അർധസർക്കാർ വകുപ്പുകൾ, സർക്കാരിതര സംഘടനകൾ, വിവിധ ക്ഷേമവകുപ്പുകൾ എന്നിവയുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് ടൂറിസം ബന്ധിത സംരംഭങ്ങൾ. സ്വയംതൊഴിലുകൾ, മറ്റു തൊഴിലവസരങ്ങൾ എന്നിവ സൃഷ്ടിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും കക്ഷികളുടെ ആവശ്യാധിഷ്ഠിത പരിശീലന പരിപാടികളും കിറ്റ്സ് രൂപകൽപ്പന ചെയ്ത് നൽകുന്നുണ്ട്. തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളും വിവിധ വകുപ്പുകളും ആവിഷ്കരിക്കുന്ന പദ്ധതികളിൽ നല്ലൊരു പരിധിവരെ ടൂറിസത്തെ സമന്വയിപ്പിക്കാനുള്ള സാധ്യതകളുമുണ്ട്. അവ തിരിച്ചറിയുകയും ഓരോ മേഖലയ്ക്കും യോജ്യമായ രീതിയിൽ ടൂറിസം തൊഴിൽ വൈദഗ്ധ്യം നൽകുന്നതിനും കിറ്റ്സിലെ ഗവേഷണ-കൺസൾട്ടൻസി വിഭാഗം സേവനം നൽകുന്നുണ്ട്. ടൂറിസം രംഗത്തു മാറുന്ന പ്രവണതകൾക്കനുയോജ്യമായ നൈപുണി വികസിപ്പിച്ചുകൊണ്ട് ലോകോത്തര നിലവാരമുള്ള സേവനപ്രദാനത്തിനാവശ്യമായ മാനവശേഷി വികസനം പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാരിന്റെയും ടൂറിസം വകുപ്പിന്റെയും സഹായത്തോടെ കിറ്റ്സിൽ നടപ്പാക്കുന്നത്. ആസൂത്രിതവും ചിട്ടയോടും സമയബന്ധിതവുമായ പ്രവർത്തനങ്ങളിലൂടെ മുന്നേറുകയാണെങ്കിൽ ലോക വിനോദസഞ്ചാര വ്യവസായത്തിനാവശ്യമായ വിദഗ്ധ തൊഴിലാളികളെ പ്രദാനം ചെയ്യുന്ന ഒരു പ്രധാന കേന്ദ്രമായി കേരളത്തെ മാറ്റാനാകും. ■

*കിറ്റ്സിന്റെ പ്രിൻസിപ്പലാണ് ലേഖകൻ*




കിറ്റ്സ്

അരവിന്ദ് ഗോപിനാഥ്

വാർഷികത്തിലും അർധവാർഷികത്തിലും കേരളത്തിലേക്കു പറന്നിറങ്ങുന്ന വിദേശികളുടെ കണക്കെടുപ്പിൽ മാത്രം ഒതുങ്ങുന്നതല്ല കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ വളർച്ചയുടെ വിലയിരുത്തൽ. ആറുവർഷങ്ങൾക്കു മുൻപുണ്ടായ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ കുത്തൊഴുക്കിൽ നിന്നു കരകയറുന്ന മേഖല അതേസമയം അടിയൊഴുക്കുകളെയും നേരിടുന്നുണ്ട്. നവസാമ്പത്തിക ക്രമത്തിൽ ഈ സേവന മേഖലക്കുള്ള പ്രധാന്യം കണക്കിലെടുത്ത് ലഭിക്കുന്ന വരുമാനത്തിനു പുറമേ തൊഴിൽ, വിദേശ നാണ്യം, പ്രാദേശിക വികസനം എന്നിവയുടെ വളർച്ച കൂടി ലക്ഷ്യമിടുന്ന നയങ്ങളാണു കേരളത്തിൽ കാലാകാലങ്ങളായി സർക്കാരുകൾ തീരുമാനിച്ചതും നടപ്പാക്കി വരുന്നതും. ഉത്തരവാദിത്വം, സുസ്ഥിരം, പരിസ്ഥിതി സൗഹൃദം, ആയുർവേദ എന്നിങ്ങനെ പേരുകൾ വിഭിന്നമായിരുന്നെങ്കിലും ഇവയുടെ ലക്ഷ്യമെല്ലാം ഒന്നായിരുന്നു. അതുകൊണ്ട് തന്നെ പ്രകൃതി, സമൂഹം, സംസ്കാരം എന്നിവയെ അടിസ്ഥാനമാക്കിയും സംരക്ഷിച്ചുമുള്ള നയങ്ങൾ നടപ്പാക്കുന്നതിൽ നമ്മൾ കുറച്ചെങ്കിലും വിജയിക്കുകയും ചെയ്തു.

# സുസ്ഥിര വളർച്ചയ്ക്ക് വേണം പുതുവിപണികൾ





1976ല്‍ കോവളത്ത് കേന്ദ്ര സര്‍ക്കാര്‍ ബീച്ച് റിസോര്‍ട്ട് സ്ഥാപിച്ചതോടെയാണു വിനോദസഞ്ചാര ഭൂപടത്തിലേക്ക് കേരളവും സ്ഥാനംപിടിച്ചത്. വാണിജ്യ സാധ്യത തിരിച്ചറിഞ്ഞ സംസ്ഥാനസര്‍ക്കാര്‍ 1986-ല്‍ വ്യവസായമായി പ്രഖ്യാപിക്കുകയും ചെയ്തു. തുടര്‍ന്നുള്ള രണ്ടര ദശാബ്ദങ്ങളില്‍ രാജ്യാന്തരതലത്തില്‍ ദൈവത്തിന്റെ സ്വന്തം നാടിന് മികച്ച ബ്രാന്‍ഡാകാനും കഴിഞ്ഞു. പൊതു-സ്വകാര്യ പങ്കാളിത്തത്തിന് ഊന്നല്‍ നല്‍കി 1995-ലാണ് ആദ്യമായി സര്‍ക്കാര്‍ ടൂറിസം നയം പ്രഖ്യാപിക്കുന്നത്. തുടര്‍ന്നിങ്ങോട്ടുള്ള വര്‍ഷങ്ങളില്‍ കേരളത്തിന്റെ വിനോദസഞ്ചാരമേഖല കാലാനുസൃതമായ വിപണനതന്ത്രങ്ങളും ഉത്പന്നങ്ങളും പരീക്ഷിക്കുകയും പുത്തന്‍ വിപണികള്‍ കണ്ടെത്തുകയും ചെയ്തു.

1990-കളിലുയര്‍ന്നുവന്ന ഇക്കോ ടൂറിസം ശ്രദ്ധിക്കപ്പെട്ടതിനു സമാനമായി പില്‍ക്കാലത്തെ ആശയങ്ങളായ കായല്‍, മണ്‍സൂണ്‍, ആയുര്‍വേദ, മെഡിക്കല്‍ വിനോദ സഞ്ചാര മേഖലകളും സഞ്ചാര ചരിത്രത്തില്‍ നാഴികക്കല്ലുകളായി. കഴിഞ്ഞ പതിനാലു വര്‍ഷമായി നടക്കുന്ന കേരള ട്രാവല്‍ മാര്‍ട്ട്, നിക്ഷേപകരെ ആകര്‍ഷിക്കാന്‍ നടത്തുന്ന എമര്‍ജിങ് കേരള, കൊച്ചി മുസ്‌രിസ് ബിനാലെ, കോവളത്ത് നടന്ന ദേശീയ സര്‍ഫിങ് മത്സരം, വിദേശ രാജ്യങ്ങളില്‍ നടത്തിയ റോഡ് ഷോകള്‍ എന്നിവയ്ക്കു മികച്ച പ്രതികരണമാണ് ലഭിച്ചത്. സര്‍ക്കാര്‍ ഒരു ഫെസിലിറ്റേറ്ററും (നിര്‍വാഹകന്‍) ക്യാറ്റലിസ്റ്റുമായി (ഉല്‍പ്രേരകം) പ്രവര്‍ത്തിച്ച് സ്വകാര്യ നിക്ഷേപത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുകളമൊരുക്കി. ഇതു കണക്കിലെടുത്താണ് വരും വര്‍ഷങ്ങളിലും പൊതുസ്വകാര്യ പങ്കാളിത്തത്തോടൊപ്പം ജനകീയ പങ്കാളിത്തം കൂടി ഉറപ്പിക്കുന്നതാവും ടൂറിസം പദ്ധതികള്‍ക്കുള്ള സര്‍ക്കാര്‍ നയമെന്നു മുഖ്യമന്ത്രി പ്രഖ്യാപിച്ചത്.



**അവകാശപ്പെടാന്‍ ഏറെ മുന്നേറ്റങ്ങളുണ്ടെങ്കിലും സജീവമായി വെല്ലുവിളികളും മേഖല നേരിടുന്നുണ്ട്. നിലവിലെ നിയമം അനുസരിച്ച് വികസനപ്രവര്‍ത്തനങ്ങളെ നിയന്ത്രിക്കാനുള്ള പൂര്‍ണ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്കാണ്. അധിക ജോലിഭാരവും ഉത്തരവാദിത്വമുള്ള ഈ സ്ഥാപനങ്ങള്‍ക്ക് സഞ്ചാരകേന്ദ്രങ്ങളുടെ വികസനത്തിനും പദ്ധതി ആവിഷ്കരണത്തിനും മുന്‍തൂക്കം നല്‍കാന്‍ കഴിയാറില്ല**

1990-കള്‍ മുതല്‍ യൂറോപ്പില്‍ നിന്നുള്ള സഞ്ചാരികളിലാണു കേരളം ശ്രദ്ധ ചെലുത്തിയിരുന്നത്. ആഗോള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ശ്രദ്ധാകേന്ദ്രം ആഭ്യന്തര സഞ്ചാരികള്‍ക്ക് വഴിമാറിയത്. ഫണ്ടിങ് പോലും പകുതിയായി വിഭജിക്കപ്പെട്ടു. വരുമാന ആശ്രയത്വം കുറച്ചു സ്ഥിരത കൈവരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു അത്. തദ്ദേശ സഞ്ചാരികളുടെ വരവ് ക്രമാനുഗതമായി വര്‍ധിപ്പിക്കാനാണ് സര്‍ക്കാര്‍ ലക്ഷ്യമിട്ടതും. കഴിഞ്ഞ വര്‍ഷം 7.94 ലക്ഷം വിദേശികളും 1.01 കോടി ആഭ്യന്തര സഞ്ചാരികളും കേരളത്തിലെത്തി. കഴിഞ്ഞ ഒരു ദശാബ്ദത്തിലെ കണക്ക് പരിശോധിക്കുകയാണെങ്കില്‍ വിദേശ സഞ്ചാരികളുടെ വരവില്‍ ശരാശരി 12 ശതമാനം വര്‍ധനയുണ്ടായിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ കണക്കുകള്‍ അനുസരിച്ച് കഴിഞ്ഞ വര്‍ഷം കേരളത്തിനു ലഭിച്ച വരുമാനം 21,125 കോടിയായി. മുന്‍ വര്‍ഷം ഇതേ കാലയളവില്‍ 19,037 കോടിയായിരുന്നു ലഭിച്ച വരുമാനം. വിദേശനാണ്യത്തിലുള്ള വരുമാനം (പ്രത്യക്ഷമായും പരോക്ഷമായും) കഴിഞ്ഞവര്‍ഷം 4,548 കോടിയായി ഉയര്‍ന്നു. 2011-ല്‍ ഇത് 4,222 കോടിയായിരുന്നു.

## വിറ്റുവരവില്‍ വര്‍ധന

2012-13 സാമ്പത്തിക വര്‍ഷത്തില്‍ വിറ്റുവരവില്‍ പത്തു ശതമാനത്തോളം വര്‍ധനയുണ്ടായെന്നും കണക്കുകള്‍ പറയുന്നു. എട്ടു മുതല്‍ പത്തു ശതമാനം വരെയാണു പ്രതീക്ഷിത വളര്‍ച്ചാ നിരക്ക്. ഏറ്റവുമധികം സഞ്ചാരികളെത്തിയത് എറണാകുളം ജില്ലയിലാണ്, 3,30,390 പേര്‍. രണ്ടാം സ്ഥാനം തിരുവനന്തപുരത്തിനും മൂന്നാം സ്ഥാനം ഇടുക്കിക്കുമാണ്. ഏറ്റവും കുറവ് സഞ്ചാരികളെത്തിയത് പത്തനംതിട്ടയിലാണ്, 1,253പേര്‍. ജനുവരിയിലും തുടര്‍ന്നു ഫെബ്രുവരിയിലുമാണ് ഏറ്റവും കൂടുതല്‍ സഞ്ചാരികളുടെ ഒഴുക്കുണ്ടായത്. 2021-ല്‍ 30 ലക്ഷം സഞ്ചാരികളെയാണു കേരളം പ്രതീക്ഷിക്കുന്നത്. തദ്ദേശ സഞ്ചാരികളുടെ എണ്ണം 180 ലക്ഷമാകുമെന്നും കരുതുന്നു.

അതേസമയം കേന്ദ്ര ടൂറിസം മന്ത്രാലയം പുറത്തുവിട്ട കണക്ക് അനുസരിച്ച് കേരളത്തിലേക്കുള്ള വിദേശ സഞ്ചാരികളുടെ വരവ് എട്ടുലക്ഷമാണ്. മഹാരാഷ്ട്ര, തമിഴ്നാട്, ഡല്‍ഹി, ഉത്തര്‍പ്രദേശ്, രാജസ്ഥാന്‍, പശ്ചിമ ബംഗാള്‍, ബീഹാര്‍ എന്നിവയ്ക്കു പിന്നിലാണു കേരളത്തിന്റെ സ്ഥാനം.

നമ്മുടെ പ്രകൃതിക്ക് ഇണങ്ങുന്ന ആശ

യങ്ങളുടെ വിജയം നാം ശരിയായ ദിശയിലാണ് നീങ്ങുന്നതെന്ന ശുഭസൂചനകൾ നൽകുന്നു. 2007-ലെ പ്രഖ്യാപനം കഴിഞ്ഞ് ചുരുങ്ങിയ നാളുകൾക്കുള്ളിൽ തന്നെ കുമരകം, വയനാട്, കോവളം, തേക്കടി എന്നിവടങ്ങളിൽ നടപ്പാക്കിയ ഉത്തരവാദിത്വ ടൂറിസമെന്ന ആശയം വിജയം കണ്ടിരുന്നു. ബോധവൽക്കരണം, ജനപങ്കാളിത്തം, വാണിജ്യ- പാരിസ്ഥിതിക സുസ്ഥിരത എന്നിവയിൽ ചെറുതല്ലാത്ത നേട്ടമുണ്ടാക്കാൻ സംസ്ഥാനത്തിന് ഇതുവഴികഴിഞ്ഞു. സോഷ്യൽനെറ്റ്‌വർക്ക് സൈറ്റുകളായ ഫെയ്സ്ബുക്ക്, ടിറ്റർ വഴി നടത്തിയ പ്രചാരണങ്ങൾ സഹായിച്ചെന്നാണു വിലയിരുത്തൽ. ഗുണനിലവാരമുള്ള സന്ദർശനാനുഭവം, നിക്ഷേപാനുകൂല അന്തരീക്ഷം, തദ്ദേശ വാസികൾക്കു പ്രയോജനം, ആഗോളതലത്തിലെ പ്രത്യക്ഷ ബ്രാൻഡ് എന്നിവയാണു കഴിഞ്ഞവർഷം പുറത്തിറക്കിയ ടൂറിസം നയം വ്യക്തമാക്കുന്നത്. അടിസ്ഥാനസൗകര്യ വികസനത്തിന് മുഖ്യമന്ത്രി അധ്യക്ഷനായും ടൂറിസം മന്ത്രി ഉപാധ്യക്ഷനായും ഒരു ക്യാബിനറ്റ് കമ്മിറ്റി രൂപീകരിക്കുമെന്നും നയരേഖയിൽ പറയുന്നു.

നിലവിൽ മിക്ക വിനോദ സഞ്ചാര ആകർഷണങ്ങളും തദ്ദേശ സ്വയംഭരണം, വനം, കെ.എസ്.ഇ.ബി., സാംസ്കാരികം, കൃഷി, തുറമുഖം, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകൾക്കു കീഴിലാണ്. പുതിയ ആശയങ്ങൾക്കും പദ്ധതികൾക്കും വേണ്ടി ടാസ്ക് ഫോഴ്സ് ഓൺ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് രൂപീകരിക്കുമെന്നും പറയുന്നു. ഇതുവഴി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാകുമെന്നാണു വിലയിരുത്തൽ. 2012-13 ബജറ്റിൽ ടൂറിസം പ്രമോഷൻ ബോർഡ് രൂപീകരിക്കാൻ പതിനഞ്ച് കോടി മാറ്റിവച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനു പുറമേ മുസ്‌രിസ് ഹെറിറ്റേജ് ടൂറിസം പദ്ധതിക്കായി ഏഴു കോടിയും തലശേരി പൈതൃക പദ്ധതിക്കായി രണ്ടു കോടിയും വിവിധ സഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി 53 കോടിയും വകയിരുത്തിയിട്ടുണ്ട്. ബേക്കൽ, വയനാട്, കൊച്ചി, കുമരകം, കോവളം എന്നിവ രാജ്യാന്തര നിലവാരത്തിലുള്ള ടൂറിസം കേന്ദ്രങ്ങളാക്കാൻ അഞ്ചുകോടിയും വകയിരുത്തി.

കായൽ ടൂറിസത്തിന്റെ വ്യാപനം, പത്തു മ്യൂസിയങ്ങൾ നിർമാണം, പൈതൃക വികസന പദ്ധതികൾ എന്നിവയും സർക്കാരിന്റെ പരിഗണനയിലുണ്ട്. 10 കോടി രൂപയ്ക്കു മുകളിലുള്ള ടൂറിസം പദ്ധതികൾക്ക് അതിവേഗ ക്ളിയറൻസ് സംവിധാനം, ഉത്തരവാദിത്വ വിനോദസഞ്ചാര നിക്ഷേപകർക്ക് 20 ലക്ഷംരൂപ വരെ സബ്സിഡി എന്നിവയും ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

അവകാശപ്പെടാൻ ഏറെ മുന്നേറ്റങ്ങളുണ്ടെങ്കിലും സജീവമായി വെല്ലുവിളികളും മേഖല നേരിടുന്നുണ്ട്. നിലവിലെ നിയമം അനുസരിച്ച് വികസനപ്രവർത്തനങ്ങളെ നിയന്ത്രിക്കാനുള്ള പൂർണ അധികാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ്. അധിക ജോലിഭാരവും ഉത്തരവാദിത്വമുള്ള ഈ സ്ഥാപനങ്ങൾക്ക് സഞ്ചാരകേന്ദ്രങ്ങളുടെ വികസനത്തിനും പദ്ധതി ആവിഷ്കരണത്തിനും മുൻതൂക്കം നൽകാൻ കഴിയാറില്ല.

താരതമ്യേന ചെലവ് കുറഞ്ഞ സഞ്ചാരസൗകര്യങ്ങൾ ഒരുക്കുന്ന മലേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങൾ നമുക്ക് കടുത്തമത്സരമാണ് ഉയർത്തുന്നതെന്ന് ഈ രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. സ്കാൻഡിനേവിയ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക, മധ്യേഷ്യ തുടങ്ങി പുതിയ വിപണികളുടെ സാധ്യത തേടാതെ പരമ്പരാഗത വിപണികളായ യൂറോപ്യൻ രാജ്യങ്ങളിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് വിപണന ശ്രമങ്ങൾക്കു തിരിച്ചടിയാകുമെന്ന് അവർ മുന്നറിയിപ്പ് നൽകുന്നു. 2010 വരെയുള്ള കണക്ക് അനുസരിച്ച് ബ്രിട്ടൺ(23.7 ശതമാനം), അമേരിക്ക (10.8 ശതമാനം), ഫ്രാൻസ് (9.8 ശതമാനം), ജർമനി (7.6 ശതമാനം), ഓസ്ട്രേലിയ (5.6 ശതമാനം) എന്നിങ്ങനെയാണ് നമ്മുടെ വിപണി ഉറവിടങ്ങൾ. അതതു വിപണികളുടെ സ്വഭാവം കേന്ദ്രീകരിച്ചുള്ള നയങ്ങളും പ്രചാരപരിപാടികളുമാണ് വേണ്ടതെന്നു ഈ മേഖലയിലെ വിദഗ്ധർ പറയുന്നു. ഉത്തരേന്ത്യയിലും മറ്റു പ്രദേശങ്ങളിലുമുള്ള വിപണി സാധ്യതകൾ കൂടുതലായി നമുക്ക് ഉപയോഗിക്കാവുന്നതാണ്. മേഖല നേരിടുന്ന പ്രശ്നങ്ങൾ ഗൗരവമായി പരിഹരിക്കപ്പെടുകയും പുതിയ സാധ്യതകളും ആശയങ്ങളും പ്രയോജനപ്പെടുത്തുകയും ചെയ്താൽ മാത്രമാണ് വിനോദസഞ്ചാരമേഖലയിൽ സുസ്ഥിര വളർച്ച സാധ്യമാകുക. അത്തരമൊരു ക്രിയാത്മക നടപടിക്ക് ഇപ്പോൾ അനുകൂല സാഹചര്യമാണ് താനും. ■



**മുസിരിസ് ബിനാലെ : ഇന്ത്യയിലെ ആദ്യത്തെ ബിനാലെ കൊച്ചിയിൽ**

■ സുസ്മേഷ് ചന്ത്രോത്ത്



# ദ്വീപുകളെ കീശയിൽ മടക്കിയിട്ട തൂവാലകൾ



വര : വി.എസ്. പ്രകാശ്

മനുഷ്യന്റെ രണ്ടുതരം വായനകളിൽ രണ്ടാമത്തേതാണ് യാത്ര. ഏടുകൾ മറിഞ്ഞുതീരുന്തോറും കൊതി കയറ്റുന്ന പ്രത്യേകതരം വായന സാധ്യമാക്കുന്ന പുസ്തകമാണ് ഓരോ യാത്രയും. ആ പുസ്തകത്തിലേക്ക് പ്രവേശിക്കുവാൻ മോഹിക്കാത്ത ആരും തന്നെ ഈ ലോകത്തിൽ കാണുകയില്ല.

എല്ലാക്കാലത്തും സാഹസികന്മാർക്കുള്ളതാണ് സഞ്ചാരം. സൗകര്യങ്ങൾ ഇത്ര വർധിക്കുന്നതിനുമുൻപ് കാറ്റിന്റെ ദിശയ്ക്കനുസരിച്ച് പായകെട്ടിയ വഞ്ചികളിലും കപ്പലുകളിലും സമുദ്രങ്ങളിലൂടെ അനവധിദൂരം സഞ്ചരിച്ചെത്തിയ നാവികരും യാത്രികരും ലോകത്തിനു കൊള്ളാതെ പുറന്തള്ളപ്പെട്ടവരാണ്. അവരിൽ പലരും മഹാന്മാരായത് അവരുടെ യാത്രയുടെ വിജയങ്ങൾക്കുശേഷമാണ്. അഥവാ ആ യാത്രോദ്യമങ്ങൾ ഇല്ലായിരുന്നെങ്കിൽ, അവ വിജയങ്ങളായിരുന്നില്ലെങ്കിൽ അവർ ചരിത്രത്തിൽ വാമൂടപ്പെട്ട് മറഞ്ഞുപോകുമായിരുന്നു. അവരുടെ സാഹസികയാത്രകൾക്കൊടുവിൽ അവരെത്തിച്ചേർന്ന തീരങ്ങൾ അവർക്ക് ചരിത്രത്തിലും സമകാലികജീവിതത്തിലും പുതിയ പേരുകളും പട്ടങ്ങളും ചാർത്തിക്കൊടുത്തു. അവർ സാഹസികരും കണ്ടുപിടുത്തക്കാരുമായി. പുതിയ വെട്ടിപ്പിടുത്തങ്ങളുടെ അമരക്കാരായി പക്ഷേ, മുന്നും പിന്നും നോക്കാനില്ലാതെ ഇറങ്ങിപ്പോന്ന ആ ഹറാംപിറപ്പുകളൊക്കെ പാഠപുസ്തകങ്ങൾക്കും ചരിത്രത്തിനും വിളക്കായി. അതല്ലാതെ യാത്രയ്ക്കിറങ്ങിയവരും നിരവധിയുണ്ട്. എല്ലാവർക്കും ഒരുദ്ദേശമേ ഉണ്ടായിരുന്നുള്ളു.

പുതിയ കേൾവികൾ. പുതിയ കാഴ്ചകൾ. പുതിയ അനുഭവങ്ങൾ. യാത്രയുടെ ആത്യന്തികമായ ലക്ഷ്യവും പരമമായ ആനന്ദവും അതുതന്നെ. ഒരു യാത്രയും സാമ്പത്തിക ലാഭത്തിനല്ല. മറിച്ച് സാമ്പത്തിക നഷ്ടത്തിന്റേതാണ്. ഒരു യാത്രയും വിരസത തരില്ല. ഒരു യാത്രയും വെറുതെയായെന്ന തോന്നലുണ്ടാകില്ല. അതുകൊണ്ട് യാത്രികർ എന്നും യാത്രക്കാരായിരിക്കും. ലാഭനഷ്ടങ്ങളുടെ തടവിൽ കിടക്കാത്ത സ്വതന്ത്രജീവികൾ.


നാം കേൾക്കുന്ന വാസ്കോഡഗാമ, ഹുയാൻസാങ്, ഹിലാരി, ടെൻസിങ് തുടങ്ങി അനവധിപേരുടെ പൗരാണികയാത്രകളെല്ലാം ജീവൻ പണയപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു. കൊളംബസും ഗാമയും ഇറങ്ങിത്തിരിച്ചത് തിരിച്ചുവന്നില്ലെങ്കിലും സാരമില്ല എന്ന മട്ടിലായിരുന്നുവെന്ന് ചരിത്രം. ഹിമാലയൻ യാത്രകൾക്കിടയിൽ പലരും മുൻഗാമികളുടെ മഞ്ഞിൽ പുതഞ്ഞ മൃതശരീരങ്ങൾ കാണാറുണ്ടെന്ന് എഴുതിയിട്ടുണ്ടല്ലോ. അതെല്ലാം സൂചിപ്പിക്കുന്നത് യാത്രയുടെ വന്യമായ പ്രകൃതത്തെപ്പറ്റിയാണ്. ആ പ്രകൃതമാണ് യാത്രയെ ജീവസ്സുറ്റതാക്കുന്നതും. കാട്ടിലൂടെയായാലും സമുദ്രത്തിലൂടെയായാലും ആകാശത്തിലൂടെയായാലും പർവതങ്ങളിലൂടെയായാലും സാധാരണ പാതകളിലൂടെയായാലും യാത്രകൾ നമുക്കായി വിസ്മയങ്ങളും അത്ഭുതങ്ങളും കാത്തുവെക്കുന്നു.

എന്റെ വായനയിൽ വിസ്മയിപ്പിച്ചിട്ടുള്ള പുസ്തകമാണ് രാജൻ കാക്കനാടൻ എഴുതിയ 'ഹിമവാന്റെ മുകൾത്തട്ടിൽ'. അടുത്തിടെ വായിച്ച ഗംഭീരമായ പുസ്തകമാണ് എൻ.എ. നസീറിന്റെ കാടും ഫോട്ടോഗ്രാഫറും. എം.കെ. രാമചന്ദ്രന്റെ പുസ്തകങ്ങളും കെ. മാധവനാറെഴുതിയ ഹിമാലയയാത്രയും ടി.ജെ.എസ്. ജോർജിന്റെ നാടോടിക്കപ്പലിൽ നാലുമാസവും (വിവർത്തനം-മലയാറ്റൂർ രാമകൃഷ്ണൻ, വര-ബാൽ താക്കറേ) കൊച്ചിരാജാവിന്റെ യാത്രക്കുറിപ്പുകളും സക്കറിയയുടെ യാത്രയെഴുത്തും കെ.ബി. പ്രസന്നകുമാറിന്റെ ഉത്തരേന്ത്യൻ യാത്രകളും എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. എസ്.കെ. പൊറ്റെക്കാടും രവീന്ദ്രനുമെഴുതിയ യാത്രാവിവരണങ്ങളാണ് ഒരു മലയാളിക്കും യാത്രകൾ സാധ്യമാകും എന്ന നിലയിൽ എന്നെ ചെറുതരം യാത്രകളുടെ കൂട്ടുകാരനാക്കിയിട്ടുള്ളത്. പ്രത്യേകിച്ചും രവീന്ദ്രന്റെ എന്റെ കേരളം പരമ്പര (ഏഷ്യാനെറ്റ്).

രണ്ടു വർഷം മുമ്പ് ഇന്നോവ കാറിൽ കൊച്ചിയിൽ നിന്നും ലോകത്തിലെ ഏറ്റവും ഉയരമേറിയ ഗതാഗതപാതയായ കാർത്തുഗ്ള പാസ് (കാശ്മീർ-ലേ) വരെയും തിരിച്ചും നടത്തിയ യാത്രയാണ് എന്റെ സഞ്ചാരങ്ങളിൽ മുന്നിട്ടനിൽക്കുന്നത്. അന്നു കിട്ടിയ കാഴ്ചകളും അനുഭവങ്ങളും എനിക്കുതന്നത് അതിനുശേഷമുള്ള എന്റെ എഴുത്തിനെ സാരമായി സ്വാധീനിച്ചിരുന്നു. പലകഥകളും ഞാനെഴുതിയപ്പോൾ അതിന് കേരളത്തിനുപുറത്തുള്ള പശ്ചാത്തലം അറിയാതെ പ്രത്യക്ഷമായി. അന്ന് ഒരു മാസക്കാലം ജമ്മു കശ്മീറിന്റെ പലഭാഗങ്ങളിലും സഞ്ചരിക്കാനായി. ലേയിലാണ് അധികകാലവും തങ്ങിയത്. പാക്കിസ്ഥാന്റെയും ചൈനയുടെയും തിബറ്റിന്റെയും അതിർത്തികളുടെ സംസ്കാരം ലേയിലും പരിസരങ്ങളിലും ഭൂപ്രകൃതിയിലും നമുക്ക് കാണാൻ കഴിയും. ബുദ്ധസംസ്കാരത്തിന്റെ നാൾവഴികളും അടയാളങ്ങളും തിങ്ങിക്കിടക്കുന്ന പ്രദേശങ്ങളാണ് ലേയിൽ അധികവും. മലയാളം വാരിക പ്രസിദ്ധീകരിച്ച കെ.ബി. പ്രസന്നകുമാറിന്റെ ലഡാക്ക് യാത്രയിൽ വിശദമായി ഇക്കാര്യങ്ങൾ എഴുതിയിട്ടുണ്ട്.

## രണ്ടു മുഖങ്ങളുള്ള ദേശങ്ങൾ

എല്ലാ ദേശങ്ങൾക്കും രണ്ട് മുഖമുണ്ട്. നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും. രണ്ടിടത്തും രണ്ടു തരത്തിലുള്ള ജനജീവിതം കാണാം. ഒരു കാര്യം വ്യക്തമാണ്, എല്ലായിടത്തും സാധാരണക്കാരായ മനുഷ്യൻ വളരെ നിഷ്കളങ്കരാണ്. അത് ഏതു മതത്തെയും ജാതിയെയും വിശ്വാസത്തെയും പ്രതിനിധീകരിക്കുന്നവരാണെങ്കിലും. അതുകൊണ്ട് ഇന്ത്യയുടെ ശാപമായ വർഗീയത എന്നത് ഏതാനും പേരിലൊതുങ്ങുന്നതോ ഏതാനും പേരിൽനിന്നും വമിക്കുന്നതോ ആയ വിപത്താണെന്ന് വ്യക്തമാണ്. സാധാ



രണക്കാരന് വർഗീയതയോ വൈരമോ ഇല്ല. നിലനിൽക്കാനുള്ള ശ്രമം മാത്രമേയുള്ളൂ. ലക്ഷ്യബോധമില്ലാത്ത രാഷ്ട്രീയ നേതൃത്വങ്ങളുടെ വിളയാട്ടം കാണാനും ഭാരതയാത്ര ഉപകരിക്കും.

കുറച്ചുകാലം മുമ്പ് ഞങ്ങൾ തലക്കാവേരി കാണാൻ പോയത് ഓർമയിൽ മായാതെയുണ്ട്. എഴുത്തുകാരായ മനോഹരൻ വി. പേരകവും കെ. ജയചന്ദ്രനും ഇ. സന്തോഷ് കുമാറും വി.ആർ. നരേന്ദ്രനുമായിരുന്നു മറ്റു സംഘാംഗങ്ങൾ. ഉജ്ജ്വലമായി നിൽക്കുന്ന ഇത്തരം രണ്ടോ മൂന്നോ യാത്രകളൊഴിച്ചാൽ ബാക്കിയെല്ലാ യാത്രകളും ഞാൻ തനിയെയാണ് യാത്രചെയ്തിട്ടുള്ളത്. അതാണെനിക്ക് ഏറെ സ്വാതന്ത്ര്യം തരുന്നതും. കേന്ദ്രസാഹിത്യ അക്കാദമിയുടെ ക്ഷണിതാവായി ചില പരിപാടികൾക്കു പോകാൻ കഴിഞ്ഞിട്ടുള്ളതിനാൽ ഇന്ത്യയിൽ പലയിടത്തും മരുന്നിനെങ്കിലും അതതുഭാഷകളിൽ സുഹൃത്തുക്കളുമുണ്ട്. അതൊരു ബലമാണ്. വല്ലാത്ത പൊരുത്തവുമാണ്.

ഓരോ പ്രദേശത്തു ചെല്ലുമ്പോഴും അവിടുത്തെ പ്രാദേശിക ഭക്ഷണത്തെയും മദ്യത്തെയും രുചിക്കാൻ കഴിയുന്നത്ര ഞാൻ ശ്രമിക്കാറുണ്ട്. ചില കേമപ്പെട്ട സഞ്ചാരികൾ പറയുന്നത് അതതുദേശങ്ങളിലെ സ്ത്രീയെയും അറിയണം എന്നാണ്. എന്തായാലും ഇക്കാലത്തിനിടയിൽ അത്രത്തോളം തരപ്പെട്ടിട്ടില്ല. എല്ലാക്കാലത്തും സാഹസികതയുടെയും സ്വാതന്ത്ര്യത്തിന്റെയും യാത്രയുടെയും കുത്തക പുരുഷന്മാർക്കായതിനാൽ ഇക്കാര്യം അവരുണ്ടാക്കിയ പ്രമാണമാവാനും മതി. സുഖലോലുപന്മാരായ പുരുഷസഞ്ചാരികൾ അങ്ങനെയൊക്കെ ജീവിച്ചിട്ടുള്ളതിന്റെ അടയാളങ്ങൾ മഹാകവി പി. കുഞ്ഞിരാമൻ നായർ തന്റെ മൂന്ന് ആത്മകഥാപുസ്തകങ്ങളിലും എഴുതിവെച്ചിട്ടുമുണ്ടല്ലോ. അതെന്തായാലും രുചികൾക്ക് പ്രത്യേകസ്ഥാനമുണ്ട്. ഭക്ഷണമുണ്ടാക്കുന്ന രീതികളിലും ഉപയോഗിക്കുന്ന പദാർഥങ്ങളിലും പുതുമയിലും അതൊടുങ്ങുന്നില്ല. ഒരു സസ്യാഹാരിയായതിന്റെ വൈഷമ്യം ഇങ്ങനെയുള്ള യാത്രകളിൽ പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്. കടൽത്തീരയാത്രകളിൽ കടൽവിഭവങ്ങൾക്കാണല്ലോ പ്രാധാന്യവും പ്രാമാണ്യവും.

ലോകസഞ്ചാരിയായ എന്റെ സ്നേഹിത ജ്യോതി ഹരിദാസ് ഇസ്താംബൂളിലെ മർമാരയിലെയും ടർക്കിഷ് ഖവാബ് സെന്ററിലെയും ഭക്ഷണമാണ് ലോകത്തേറ്റവും രുചികരമായി തോന്നിയതെന്ന് പറയുന്നതു കേട്ട് അത്ഭുതം തോന്നിയിട്ടുണ്ട്. പിന്നീട് അവർക്കിഷ്ടമായത് നമ്മുടെ ഹിമാചൽപ്രദേശിലെ ഗ്രാമീണ ഭക്ഷണമാണത്രേ. പാരീസിനെയും സ്വിറ്റ്സർലണ്ടിനെയും ഏറെ ഇഷ്ടപ്പെടുന്ന ജ്യോതി വീണ്ടും പോകാനാഗ്രഹിക്കുന്നതും സ്വിറ്റ്സർലണ്ടിലേക്കാണെന്നു പറഞ്ഞപ്പോൾ ഞാൻ വിസ്മയിച്ചില്ല. കേട്ടറിവുകൾ അത്രയധികം തന്നി

**യാത്രകളാണ് മനുഷ്യനെ ധനികനാക്കുന്നത്. മസ്തിഷ്കത്തിന്റെ വിളർച്ച മാറാൻ യാത്രയിൽ തലയിൽ തട്ടുന്ന സൂര്യപ്രകാശം വളരെ സഹായിക്കും. കാലുകൾ കാഴ്ചയില്ലാത്തവനെ നയിക്കും പോലെ യാത്രകളിൽ ജ്ഞാനേന്ദ്രിയങ്ങൾ നമ്മെ നയിക്കും. കുട്ടിക്കാലം കഴിഞ്ഞാൽ അധികം പേർക്കും സാധിക്കാനാവാതെ പോകുന്ന വായനയുടെ കുറവ് നികത്താൻ അർഥമുള്ള യാത്രകളിലൂടെ സാധിക്കും.**

രിക്കുന്നു ആ രാജ്യത്തെപ്പറ്റി. ഒഡീഷയിലെയും ബംഗാളിലെയും തമിഴ്നാട്ടിലെയും കർണാടകയിലെയും ഗ്രാമീണ ഭക്ഷണത്തിന്റെ രുചിയെനിക്ക് പ്രിയങ്കരമാണ്. കോണ്ടിനെന്റൽ വിഭവങ്ങളും ചൈനീസും ഇവിടെ കിട്ടുന്നതല്ല അവിടെച്ചെന്ന് ഭക്ഷിക്കുന്നതാണ് രുചിപ്രദമെന്ന് പറഞ്ഞുകേട്ടിട്ടുമുണ്ട്. ലഡാക്കിലെ താമസക്കാലത്ത് ഏറെക്കുറെ അത് ശരിയാണെന്ന് തോന്നിയിട്ടുമുണ്ട്.

ഒഡിഷയിലെ കൊണാർക്കിലെ സൂര്യക്ഷേത്രവും പുരിയും തമിഴ്നാട്ടിലെ അനവധി സ്ഥലങ്ങളും ക്ഷേത്രങ്ങളും ബംഗാളിലെ പല പ്രമുഖ സ്ഥലങ്ങളും കർണാടകയിലെ കാഴ്ചകളും ഡൽഹിയിലെ കാഴ്ചകളും മുംബൈ നഗരവും കണ്ടവയിൽ പ്രധാനം തന്നെ. ഇന്ത്യയുടെ നെടുകെയും കുറുകെയും കാറിൽ യാത്ര ചെയ്യാനായത് എന്റെ അനുഭവങ്ങളെ ഇരട്ടിയാക്കിയിട്ടുണ്ട്. പതിനാറോളം സംസ്ഥാനങ്ങൾ പലപ്പോഴായി താണ്ടിയത് ഇന്ത്യയെ അറിയാൻ പ്രാപ്തിതന്നു. ഇന്ത്യയുടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലേക്കാണ് ഞാൻ പോയിട്ടില്ലാത്തത്. വൈകാതെ അതും സാധ്യമാകുമെന്ന് കരുതുന്നു.

എന്റെ ആഗ്രഹം ഇന്ത്യ മുഴുവൻ കാണണമെന്നതാണ്. മുക്കുംമൂലയും സഹിതം. ജ്യോതിയെപ്പോലെ വിദേശരാജ്യങ്ങൾ എന്റെ ഭ്രമമായിട്ടില്ല. എന്തുകൊണ്ടോ ഇന്നുവരെ ഒരു വിദേശരാജ്യത്തോടും കമ്പം തോന്നിയിട്ടില്ല. അടുത്തിടെ ഇ. സന്തോഷ്കുമാർ ജർമനിയിൽ പോയിട്ട് പറഞ്ഞ കഥകളിലൊന്നും അവിടേക്ക് പോകാൻ എനിക്ക് തോന്നലുണ്ടാക്കിയില്ല. അടുത്തിടെ ഫിലിം ഷൂട്ടിങ്ങിന് ശ്രീലങ്കയിൽ പോയിവന്ന സത്യൻ കോളങ്ങാടും സുഹൃത്തുക്കളും ശ്രീലങ്കൻ വിശേഷങ്ങൾ പറഞ്ഞപ്പോൾ ലങ്ക കാണണമെന്ന് നേരിയതായി ഒരാഗ്രഹം വന്നു. പല ശ്രീലങ്കൻ സിനിമകളും ആ ആഗ്രഹത്തെ അൽപ്പം ചലിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

### സമുദ്രായനങ്ങൾ

കടൽയാത്രകളാണ് എന്റെ സ്വപ്നങ്ങൾ. ചിലപ്പോൾ ഭ്രാന്തും. ഭ്രാന്ത് എന്നു പറയാൻ കാരണം എല്ലാ സമുദ്രായനങ്ങളും ഇതുവരെ ചെയ്തത് കിനാവുകളിൽ മാത്രമായിരുന്നതുകൊണ്ടാണ്. കീശയിൽ മടക്കിയിട്ട തൂവാലകൾ പോലുള്ള ദ്വീപുകളാണ് എന്നെ നിരന്തരം പ്രചോദിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ദ്വീപുകളിലേക്കുള്ള യാത്രകൾ പതിവായി ഞാൻ സ്വപ്നം കാണുന്നു. ബംഗാരം പോലെ, ലക്ഷദ്വീപുകൾ പോലെ, സീ ഷെൽസ് പോലെ, കവരത്തിപോലെ, കൊച്ചിക്കായലിലെ കുഞ്ഞന്മാരായ ദ്വീപുകളെപ്പോലെയുള്ള ദ്വീപുകളെ എനിക്കിഷ്ടമാണ്. ദ്വീപുകളുടെ ഏകാന്തത എന്നെ ചിന്തകളിൽപ്പോലും ഉന്മേഷപ്പെടുത്തുന്നു. പത്മരാജന്റെ പ്രശസ്തമായ നോവൽ പ്രതിമയും രാജകുമാരിയും വായിച്ച കുട്ടിക്കാലം മുതൽ കടലും ദ്വീപുകളും എന്റെ പിന്നാലെയുണ്ട്.

എങ്കിലും ഇന്നുവരെ പോയ യാത്രകളെപ്പറ്റി എഴുതാൻ എനിക്കായിട്ടില്ല. യാത്രകളിൽ കുറിപ്പുകളെടുക്കുന്നതും വഴിയടയാളങ്ങൾ പകർത്തുന്നതും ചെറിയ അഭിമുഖങ്ങൾ തയാറാക്കുന്നതും എനിക്ക് സാധിക്കുന്ന കാര്യമല്ല. ഫോട്ടോയെടുക്കുന്നതു തന്നെ നിവൃത്തിയില്ലാഞ്ഞിട്ടാണ്. കാണുന്നതാണ് എനിക്കിഷ്ടം. അവിടുത്തെ കാറ്റും വായുവും വെളിച്ചവും മണവും നിറവും അറിഞ്ഞും അനുഭവിച്ചും യാത്ര ചെയ്യണം. അതിലാണെന്റെ ആനന്ദം. പലരും എഴുതാൻ നിർബന്ധിച്ചിട്ടും ഒരു കുറിപ്പുപോലും യാത്രകളെപ്പറ്റി തയാറാക്കാനാവാത്തത് അതാവാം.

ഒരു കാര്യത്തിൽ എനിക്ക് തീർച്ചയുണ്ട്. യാത്രകളാണ് മനുഷ്യനെ ധനികനാക്കുന്നത്. മസ്തിഷ്കത്തിന്റെ വിളർച്ച മാറാൻ യാത്രയിൽ തലയിൽ തട്ടുന്ന സൂര്യപ്രകാശം വളരെ സഹായിക്കും. കാലുകൾ കാഴ്ചയില്ലാത്തവനെ നയിക്കും പോലെ യാത്രകളിൽ ജ്ഞാനേന്ദ്രിയങ്ങൾ നമ്മെ നയിക്കും. കുട്ടിക്കാലം കഴിഞ്ഞാൽ അധികം പേർക്കും സാധിക്കാനാവാതെ പോകുന്ന വായനയുടെ കുറവ് നികത്താൻ അർഥമുള്ള യാത്രകളിലൂടെ സാധിക്കും. എന്നെ സംബന്ധിച്ച ഈ രണ്ടു വായനകൾ ഇല്ലെങ്കിൽ ഞാനില്ല. എനിക്ക് എഴുതാനാവുകയുമില്ല. കുറേക്കാലം പുസ്തകങ്ങൾ വായിക്കാതിരുന്നാൽ വാക്കുകൾക്ക് തുരുമ്പുകേറുന്നത് ഞാനറിയും. കുറേക്കാലം യാത്ര ചെയ്യാതിരുന്നാൽ കെട്ടിക്കിടക്കുന്ന വെള്ളം പോലെ അകം കെട്ടുനാറിപ്പോകുന്നതും ഞാനറിയും. അതിനാൽ സദാ ചലിച്ചുകൊണ്ടിരിക്കാൻ ഞാനാഗ്രഹിക്കുന്നു. വായിച്ചുകൊണ്ടിരിക്കാനും. ■

■ കെ.എൻ. ഷാജി



ഉളിയന്നൂർ ക്ഷേത്രം

# ദ്വൈപായനം

## പെരുന്തച്ചന്റെ ഉളിയന്നൂർ ഗ്രാമത്തെക്കുറിച്ച്

പെരിയാർ നദീതീരത്തുള്ള പ്രശസ്ത പട്ടണമാണ് ആലുവ. കേരളത്തിലെ പ്രധാന വ്യവസായമേഖലയായ ഉദ്യോഗമണ്ഡൽ ആലുവയ്ക്കടുത്ത് സ്ഥിതിചെയ്യുന്നു.

സംസ്കൃതത്തിൽ 'ചൂർണി' എന്നും പേരുള്ള പെരിയാറിന് ആലുവയിലെത്തുമ്പോൾ, ആലുവാപ്പുഴ എന്നപേരു സിദ്ധിക്കുന്നു. ആലുവാപ്പുഴയ്ക്ക് പ്രസിദ്ധിനേടിക്കൊടുത്തത് വയലാറിന്റെ "പെരിയാറേ, പെരിയാറേ, പർവതനിരയുടെ പനിനീരേ..." എന്ന ഗാനമല്ല, മറിച്ച് "ആയിരം പാദസരങ്ങൾ കിലുങ്ങി ആലുവാപ്പുഴ പിന്നെയുമൊഴുകി..." എന്ന പാട്ടാണ്. ആലുവാമണപ്പുറത്തെ ശിവരാത്രി ഏറെ പ്രചാരമുള്ളതാണ്. മണപ്പുറത്തുനിന്നും പുഴ വഴിപിരിഞ്ഞ് ഒരു കൈവഴി മംഗലപ്പുഴ വഴി കുറ്റിപ്പുഴ കടന്ന് മാഞ്ഞാലിക്കായലിൽ ചേർന്ന് അറബിക്കടലിൽ ലയിക്കുന്നു. മറ്റേ പുഴ മാർത്താണ്ഡവർമ പാലം കടന്ന് പിന്നെയും രണ്ടായി പിരിഞ്ഞ് ഉളിയന്നൂർ ചുറ്റി അവിടെ ഒരു തുരുത്തു സൃഷ്ടിച്ച് ഏലൂർ ടൗൺഷിപ്പുവഴി വരാപ്പുഴ കായലിൽ ചേർന്ന് അറബിക്കടലിൽ ലയിക്കുന്നു. പുഴയുടെ വഴികൾ ആർക്കറിയാം!



ആലുവാ ചന്തക്കടവിൽ നിന്നും പടിഞ്ഞാട്ടുനോക്കിയാൽ വളരെ അടുത്തുകാണുന്ന ഒരു ദ്വീപാണ് ഉളിയന്നൂർ. സ്വച്ഛസുന്ദരമായ ഒരു കേരളീയ ഗ്രാമം. നഗരത്തോടടുത്തുകിടന്നിട്ടും നിഷ്കളങ്കതയുടെ ലാളിത്യം ഏറെയൊന്നും നഷ്ടപ്പെടാത്ത ഒരു കൊച്ചുഗ്രാമം. കുറ്റിപ്പുറത്തു കേശവൻ നായർ വർണിച്ചതുപോലെ നന്മകളാൽ സമൃദ്ധമായ ഒരു ശുദ്ധനാട്ടിൻപുറം.

ഉളിയന്റെ ഊരാണ്, ഉളിയന്നൂര്. സാക്ഷാൽ പെരുന്തച്ചന്റെ ജന്മദേശം. പെരുന്തച്ചനെ അറിയാത്തവർ ചുരുങ്ങും. കൂർമബുദ്ധിയുടെയും കർമകുശലതയുടെയും കാര്യത്തിൽ അഗ്രഗണ്യൻ. പറയിപെറ്റ പന്തിരുകുലത്തിലെ പ്രമുഖൻ. പ്രതിഭാവിലാസത്തിൽ ബ്രാഹ്മണരെ വെല്ലുവിളിച്ച ധീരൻ. പെരുന്തച്ചന്റെ ഖ്യാതി അപാരമാണ്. സ്വന്തം മകൻ തന്നേക്കാൾ കേമനാകുമോയെന്ന ആശങ്കയാൽ പുത്രവധം നടത്തിയെന്ന ദുഷ്പേരും അദ്ദേഹത്തിന് ചാർത്തിക്കിട്ടി.

ഇങ്ങനെയല്ലാം പുകൾപെറ്റതാണെങ്കിലും ഉളിയന്നൂർ ഇപ്പോഴും പിന്നാക്കാവസ്ഥയിലാണ്. ഈയടുത്തകാലം വരെ ഉളിയന്നൂർക്ക് പാലംപോലും ഉണ്ടായിരുന്നില്ല. അതിനാൽ ഈ ഗ്രാമം ഒറ്റപ്പെട്ടുപോയി. വികസനം മറന്നു.

പ്രഗത്ഭ നാടക-സിനിമാ നടനായ എൻ.എഫ്. വർഗീസിന്റെ ജന്മനാടുകൂടിയാണ് ഉളിയന്നൂർ. അദ്ദേഹത്തിന്റെ അകാലമരണത്തിൽ ദുഃഖിക്കാത്തവരായി കലാസ്വാദകരാരുമുണ്ടാകാനിടയില്ല. രാത്രി വൈകിവന്ന ഹൃദയാഘാതം അദ്ദേഹത്തെ അപഹരിച്ചു. കാരണം, ആശുപത്രിയിലെത്താൻ റോഡോ പാലമോ ആ ഗ്രാമത്തിലുണ്ടായിരുന്നില്ല. നാടിനെ നടുക്കിയ ഒരു ദുരന്തമായിരുന്നു അത്.

ഇന്ന് ആ സ്ഥിതിമാറി. കഴിഞ്ഞകൊല്ലം ഉളിയന്നൂർക്ക് പാലം വന്നു. തുടർന്ന് ഉളി

യന്നൂർ നിന്ന് പടിഞ്ഞാറേക്കരയായ ഏലൂക്കരയ്ക്കുകൂടി പാലം വന്നാൽ ആ വഴി എൻ.എച്ചിൽ എത്തും. അങ്ങനെ ഉളിയന്നൂർ ഏതു കേരളീയ ഗ്രാമത്തിനും ഒപ്പമെത്തും.

ഉളിയന്നൂരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവാണ്. ആകെയുള്ളത് ഒരു യു.പി. സ്കൂളാണ്. ഹൈസ്കൂളിന് ആലുവാ ടൗണിലേക്ക് പോകണം. ആലുവ യു.സി. കോളേജ് ആത്ര അകലെയല്ല. പക്ഷേ അതിനും പുഴകടന്ന് പട്ടണം ചുറ്റിവരണം.

ആരാധനാലയങ്ങൾ ഉളിയന്നൂരിൽ ധാരാളം. മുസ്ലീങ്ങളാണ് ജനസംഖ്യയിലധികവും. പള്ളികളും മദ്രസകളും നിരവധി. ക്ഷേത്രങ്ങൾക്കും കുറവില്ല. സ്വദേശത്ത് പെരുന്തച്ചൻ പണിത അമ്പലം പ്രസിദ്ധമാണ്.

പെരുന്തച്ചനാൽ നിർമിതമായ ക്ഷേത്രം ചിരപുരാതനമാണ്. അമ്പലം പലവട്ടം പുതുക്കിപ്പണിതിട്ടുണ്ടെങ്കിലും പഴമയുടെ അടയാളങ്ങൾ ഇപ്പോഴും ബാക്കിനിൽക്കുന്നു. പഴയക്ഷേത്രത്തിലെ സോപാനത്തിൽ നിന്ന് ശ്രീകോവിലിലേക്ക് കയറുമ്പോൾ തലമുട്ടുമെന്നു തോന്നും. സാധാരണ പോലെ കയറിയാൽ തലമുട്ടുകയില്ല. എന്നാൽ സംശയിക്കുകയോ കുനിയുകയോ ചെയ്താൽ തലമുട്ടും, തീർച്ച. അതാണ് പെരുന്തച്ചന്റെ അത്ഭുതവിദ്യ. ദേശത്തെ നമ്പൂതിരിമാരുടെ ആവശ്യപ്രകാരമാണത്രെ പെരുന്തച്ചൻ ക്ഷേത്രം പണിതത്. എന്നാൽ ഏതു മൂർത്തി വേണമെന്ന് നമ്പൂതിരിമാർ പറഞ്ഞതുമില്ല. പെരുന്തച്ചൻ ചോദിച്ചതുമില്ല. പെരുന്തച്ചൻ അതോർത്തത് പിന്നീടാണ്. അത്താഴം കഴിഞ്ഞ് കിടക്കുമ്പോൾ എല്ലാവരും അവരവരുടെ ഇഷ്ടദേവതയെ പേരുപറഞ്ഞു പ്രാർഥിക്കുമല്ലോ. പെരുന്തച്ചൻ പല ദിവസങ്ങൾ നമ്പൂതിരിമാർ കിടക്കുന്ന നേരത്ത് ഒളിഞ്ഞുനിന്നു. അവരെല്ലാം 'അവിടെക്കിട' എന്നു പറഞ്ഞാണത്രേ കിടക്കുക പതിവ്, അവസാനം പെരുന്തച്ചൻ 'അവിടെക്കിട' എന്നുപറഞ്ഞ് ഒരു വിഗ്രഹം ഉണ്ടാക്കിക്കൊടുത്തുവെന്നാണ് കഥ. അതു കെട്ടുകഥയാവാം. എന്തായാലും പെരുന്തച്ചൻ നിർമിച്ചുവെന്നു പറയപ്പെടുന്ന ക്ഷേത്രത്തിൽ പാർവതീപരമേശ്വരന്മാരാണ് പ്രതിഷ്ഠ. മുഖമണ്ഡപത്തിലെ നന്ദിയായ ഋഷഭേശ്വരനും പ്രധാനം തന്നെ.

പെരുന്തച്ചനാൽ നിർമിതമായ ക്ഷേത്രം ചിരപുരാതനമാണ്. അമ്പലം പലവട്ടം പുതുക്കിപ്പണിതിട്ടുണ്ടെങ്കിലും പഴമയുടെ അടയാളങ്ങൾ ഇപ്പോഴും ബാക്കിനിൽക്കുന്നു. പഴയക്ഷേത്രത്തിലെ സോപാനത്തിൽ നിന്ന് ശ്രീകോവിലിലേക്ക് കയറുമ്പോൾ തലമുട്ടുമെന്നു തോന്നും. സാധാരണപോലെ കയറിയാൽ തലമുട്ടുകയില്ല.

നാട്ടുകാരുടെ ആവശ്യപ്രകാരം നിർമിച്ച കുളത്തിനും പ്രത്യേകതകളുണ്ട്. കുളം കല്ലുകെട്ടിത്തുടങ്ങിയപ്പോൾ ഊരാണ്മക്കാർ കുളം നീളത്തിൽ വേണമെന്നും ചിലർ ചതുരത്തിൽ വേണമെന്നും മറ്റുചിലർ വട്ടത്തിൽ വേണമെന്നും തർക്കമായി. അപ്പോൾ പെരുന്തച്ചൻ "കുളം വട്ടത്തിൽ നീളത്തിൽ സമചതുരമായി കോഴിമുട്ട ആകൃതിയിൽ പണിയാം" എന്നു പറഞ്ഞുവത്രെ. ആ കുളം എവിടെയാണെന്ന് ഇപ്പോൾ ആർക്കും അറിയില്ല.

പെരുന്തച്ചൻ നദിയിൽ ഒരു പാലം പണിതു. അതും വിചിത്രമാണ്. പാലത്തിന്റെ ഒരറ്റത്ത് ഒരു പാവയുണ്ട്. മറ്റേ അറ്റത്ത് ആൾ കയറുമ്പോൾ പാവ കീഴ്പ്പോട്ട് താഴും. ആൾ പാലത്തിൽ നിന്ന് നടുവിലെത്തുമ്പോൾ പാവ വെള്ളത്തിൽ മുങ്ങും. മറ്റേ അറ്റത്തു ചെല്ലുമ്പോഴേക്കും പാവ വായിൽ വെള്ളം നിറച്ച് മുകളിലെത്തും. ആൾ അടുത്തെത്തുമ്പോൾ അയാളുടെ മുഖത്തു തുപ്പും. ഇതാണ് സൂത്രം. പെരുന്തച്ചന്റെ മകൻ വേറൊരു പാവയുണ്ടാക്കി, മറ്റേപ്പാവ തുപ്പുന്നതിനു മുൻപേ അതിന്റെ ചെകിട്ടത്ത് അടിവെച്ചുകൊടുക്കും. അപ്പോൾ തുപ്പുന്നപാവയുടെ മുഖംതിരിഞ്ഞുപോകുന്നതിനാൽ ആരുടെയും മുഖത്ത് തുപ്പാൻ പറ്റാതായി. അതും മകനെതിരെ ചിന്തിക്കാൻ പെരുന്തച്ചനെ പ്രേരിപ്പിച്ചുകാണണം.

ഇപ്പോൾ പഴങ്കഥയിലെ പാലം, കഥയിൽ മാത്രമൊതുങ്ങി. പുതിയ കോൺക്രീറ്റ് പാലം യാഥാർഥ്യമായി. പാലത്തിലൂടെ നടക്കാറുമില്ല. മിക്കവരും ഇരുചക്രവാഹനത്തിലോ കാറിലോ ആയി യാത്ര. അത് കാലം കൽപ്പിച്ച വമ്പിച്ചമാറ്റം, മുന്നേറ്റം!

പുഴയ്ക്കക്കരെ കടുങ്ങല്ലൂർ എന്ന മനോഹരമായ ഒരു അയൽഗ്രാമമുണ്ട്. അവിടെ പുതിയ തലമുറയിലെ പ്രതിഭാശാലിയായ ഒരു എഴുത്തുകാരനുണ്ട്. – സുഭാഷ് ചന്ദ്രൻ. അദ്ദേഹത്തിന്റെ 'മനുഷ്യന് ഒരു ആമുഖം' എന്ന നോവലിന് കഴിഞ്ഞകൊല്ലം കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. ആ നോവലിന്റെ പശ്ചാത്തലം സ്വന്തം ഗ്രാമമായ കടുങ്ങല്ലൂർ തന്നെയാണ്. പക്ഷേ, നോവലിസ്റ്റ് ആ പേരുമാറ്റി 'തച്ചനക്കരെ' എന്നാക്കി. തച്ചന്റെ ഗ്രാമത്തിന് അക്കരെ എന്നർഥം. പെരുന്തച്ചന് പുതുതച്ചന്റെ പ്രണാമം.

ആ നോവലിൽ പലഭാഗത്തും ഉളിയന്നൂരിനെക്കുറിച്ച് പരാമർശമുണ്ട്. അതിൽ ഏറ്റവും ഹൃദയഹാരിയായത് മൂന്നാം ഭാഗമായ 'കർമ'ത്തിൽ ഒൻപതാം അധ്യായമായ 'തച്ചങ്കോഴി'യിലെ ആമുഖം ഇവിടെ പകർത്തുന്നു. എഴുത്തുകാരനോടുള്ള ആദരവോടെ...

"പാതിരാവിൽ ഓരോ മരണത്തെയും പ്രവചിക്കാൻ പെരുന്തച്ചന്റെ നാടായ ഉളിയന്നൂരിൽ നിന്ന് തച്ചനക്കരയിലെ പടുമരങ്ങളിലേക്ക് അവൻ പറന്നുവന്നു. ഉളിവീണു പൊലിഞ്ഞ ജീവിതത്തിന്റെ ഖേദം തീർക്കാൻ പക്ഷിജന്മമെടുത്ത് ഉളിയന്നൂരിന്റെ നിഗൂഢതയിൽ അവൻ ഒളിച്ചുപാർക്കുകയായിരുന്നു. അച്ഛൻ മരിക്കാൻ ആഗ്രഹിക്കുന്ന പുത്രൻ.

എവിടെയാണോ അങ്ങോട്ടാണ് തച്ചങ്കോഴി പുഴമുറിച്ച് പറന്നെത്തുന്നത് എന്ന് തച്ചനക്കരയിലെ കാരണവന്മാർ പറഞ്ഞു. വീതുളി വീണ് വട്ടം മുറിഞ്ഞുപോയ കഴുത്തിനുമീതെ, പൂർണവൃത്തത്തിൽ വട്ടംകറക്കാൻ കഴിയുന്ന ശിരസുമായി അവൻ ഇരുട്ടിന്റെ ശിഖരത്തിൽ ഇരുന്നു. അച്ഛന്റെ അന്ത്യത്തിനു ദാഹിക്കുന്ന ഏതെങ്കിലുമൊരു ഹൃദയം ഭയസംഭ്രമങ്ങൾ നിറഞ്ഞ ഒച്ചയിലുയരുന്ന പെരിയ തച്ചന്റെ കൂക്കിനു താളം പിടിച്ചു. ■



**വിജയൻനായർ : ഉളിയന്നൂരിന്റെ പ്രാദേശിക ചരിത്രകാരൻ**

■ കെ.എ. ബീന

# വയൽവാരത്തെ വീട്

കുന്നുംപാറ ക്ഷേത്രത്തിലെ ഉയർന്ന പാറക്കെട്ടിലിരുന്ന് കടൽ കാണുകയായിരുന്നു ഞങ്ങൾ. അപൂർവം, അത്ഭുതം, ആനന്ദം – മനസ്സ് നിറഞ്ഞു കവിയുകയായിരുന്നു. ഇതുപോലൊരു കടൽക്കാഴ്ച ഇതുവരെ എങ്ങും കണ്ടിട്ടില്ല, ഇനി എവിടെയെങ്കിലും കാണുമോ എന്നുമറിയില്ല. കടൽ ദൂരെയാണ്, എന്നിട്ടും ഏറെ അടുത്തെന്നതു പോലെ. കടലുമായി ചേരുന്നത് കരയല്ല, മരങ്ങളാണ്, മരങ്ങളുടെ പച്ചപ്പാണ്, ഭൂമിയുടെ ശാദ്വലതകളാണ്. കടലും കരയും ഒരുമിക്കുന്ന മനോഹര ദൃശ്യത്തിന്റെ പശ്ചാത്തലത്തിന് നാകമികവേകി സൂര്യൻ എരിഞ്ഞു താഴുന്നു, ആകാശത്തിന് സ്വർണ നിറം, ഓറഞ്ച് നിറം, ചുവപ്പ് നിറം. കടലിന് അപാര നീലിമ, കരയ്ക്ക് പച്ചപ്പിന്റെ അനേകവർണങ്ങൾ. കാറ്റിന് കാട്ടുപൂക്കളുടെ സുഗന്ധം, സംഗീതമായി ഒരായിരം കിളികളുടെ ചേക്കേറൽ ഗീതങ്ങൾ. സ്വപ്നത്തിലെന്ന പോലെ ജീവിതത്തിൽ മുഴുകിപ്പോയ നിമിഷത്തിൽ നിന്ന് മടക്കിയത് സുധയുടെ വാക്കുകൾ:

"പ്രകൃതിയുടെ ഈ അപൂർവ കാഴ്ചയും അനുഭൂതിയുമാവും നാരായണ ഗുരുവിന് ഇവിടെ പ്രതിഷ്ഠ നടത്താൻ തോന്നിയത്"

ഞങ്ങൾ അമ്പലത്തിലേക്ക് നടന്നു. മുരുകനാണ് പ്രതിഷ്ഠ. ഗുരുപ്രതിഷ്ഠ.

ഗുരു ഒന്നും വെറുതെ ചെയ്തിട്ടില്ല. ആഴത്തിൽ അറിഞ്ഞ്, അറിഞ്ഞത് ലളിതമായി പറഞ്ഞ്, മനുഷ്യനെ മഹനീയമാക്കാൻ ശ്രമിച്ച ഗുരുവിനെ കുറച്ചേ അറിഞ്ഞിട്ടുള്ളൂ എന്ന്

"അറിവഹമെന്നതു രണ്ടുമേകമാമാ-
വരണമൊഴിഞ്ഞ വനന്യനുണ്ട് വാദം
അറിവിനെ വിട്ടഹമന്യമാകുമെന്നാ-
ലറിവിനെയിങ്ങറിയാനുമാരുമില്ല."

*(ആത്മോപദേശ ശതകം – 99)*

ഗുരുവിനെ ഞാൻ അറിഞ്ഞത് സുധയിലൂടെയായിരുന്നു. കുന്നുംപാറ നിന്നിറങ്ങുമ്പോൾ ആ ഞായറാഴ്ചത്തെ പരിപാടി തീരുമാനിക്കപ്പെട്ടിരുന്നു. ശ്രീനാരായണ ഗുരു പിറന്ന ചെമ്പഴന്തിയിലെ വീട് കാണുക.

ഇത്രനാളും തിരുവനന്തപുരത്ത് താമസിച്ചിട്ടും, നഗരത്തിൽ നിന്ന് പന്ത്രണ്ട് കിലോമീറ്റർ മാത്രം ദൂരമുള്ള ചെമ്പഴന്തിയിലെ വയൽവാരം വീട് കണ്ടില്ലെന്നത് ആ നിമിഷം എനിക്ക് കുറ്റബോധമേകി. ലോക ചരിത്രത്തിൽ തന്നെ അപൂർവമായ ആ സാന്നിദ്ധ്യത്തെക്കുറിച്ചും അധികം ചിന്തിക്കുകയോ പഠിക്കുകയോ ചെയ്തിട്ടില്ലെന്നും ഞാനോർത്തു.

ശ്രീനാരായണ കൃതികളുടെ വ്യാഖ്യാനം വായിക്കാൻ തന്നതും സുധയാണ്. അതു തത്തോടെ ഞാൻ മനസ്സിലാക്കി, വ്യാഖ്യാനമെഴുതിയിരിക്കുന്നത് എന്റെ തന്നെ അപ്പൂപ്പൻ (അമ്മയുടെ അച്ഛന്റെ സഹോദരൻ) പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ. വായന എളുപ്പമല്ലായിരുന്നു, വ്യാഖ്യാനത്തിനും മനസ്സിലാക്കിത്തരാനാവാത്ത എന്തൊക്കെയോ. മഹാമേരു പോലെ ഗുരുകൃതികളും ദർശനവും. മനുഷ്യരാശിക്ക് ലഭ്യമായ അസുലഭവും അനശ്വരവുമായ വാക്സമ്പത്താണ് ഗുരുവിന്റെ കൃതികളെന്ന് അറിയുമ്പോൾ പിന്നെയും സന്ദേഹം. ഗുരുവിന്റെ മഹിമ അറിയേണ്ടിടത്തോളം ലോകം അറിഞ്ഞിട്ടുണ്ടോ?

## ഗുരുവിന്റെ സാന്നിധ്യം

ഞായറാഴ്ച ചെമ്പഴന്തിയിലെ വയൽവാരം വീട്ടിൽ നിൽക്കുമ്പോൾ ഒന്നുറപ്പായി, ഇവിടെ ഇനിയും വരും, വന്നു കൊണ്ടേയിരിക്കും, ഞാൻ മാത്രമല്ല, ഒരുപാടൊരുപാട് പേർ. കല്ലും മണ്ണും കൊണ്ടുണ്ടാക്കിയ ഈ കൊച്ചു വീടിന് വലിയൊരു കഥ പറയാനുണ്ടല്ലോ – ഗുരുവിന്റെ കഥ.

"ആഴമേറും നിൻ മഹസ്സാം ആഴിയിൽ ആഴാൻ" ഇരുളടഞ്ഞ ഒരു കാലഘട്ടത്തിൽ തീണ്ടലിന്റെയും തൊട്ടുകൂടായ്മയുടെയും ആഴമുള്ള കുഴികളിലാണ്ടു പോയ ഒരു സമൂഹത്തെ കൈപിടിച്ചുയർത്തിയ മനുഷ്യശക്തി ഈ വീട്ടിലാണ് ജനിച്ചതെന്ന് ഓർക്കുമ്പോൾ ആത്മീയ സൗന്ദര്യത്തിന്റെ മഹനീയതയും ഭൗതികതയുടെ നിഷ്പ്രഭത്വവും വെളിവാകുകയായിരുന്നു.

> ഓലമേഞ്ഞ വീട്. മണ്ണ് കൊണ്ടുള്ള ചുവരുകൾ ചാണകം പൂശി വൃത്തിയാക്കിയിട്ടുണ്ട്. പൊക്കമുള്ള വീട്ടിനകത്തേക്ക് കയറാൻ പടികൾ. തടി കൊണ്ടുള്ള വാതിലിന് പൊക്കം തീരെ കുറവ്. ഏറെ കുനിഞ്ഞാലേ അതിലൂടെ അകത്തു കടക്കാനാവൂ വലതുവശത്തെ മുറിയിൽ ഗുരുവിന്റെ വലിയ പ്രതിമ കണ്ണാടിക്കൂട്ടിൽ വച്ചിരിക്കുന്നു.

ഓലമേഞ്ഞ വീട്. മണ്ണ് കൊണ്ടുള്ള ചുവരുകൾ ചാണകം പൂശി വൃത്തിയാക്കിയിട്ടുണ്ട്. പൊക്കമുള്ള വീട്ടിനകത്തേക്ക് കയറാൻ പടികൾ. തടി കൊണ്ടുള്ള വാതിലിന് പൊക്കം തീരെ കുറവ്. ഏറെ കുനിഞ്ഞാലേ അതിലൂടെ അകത്തു കടക്കാനാവൂ (അയിത്ത ജാതിക്കാരുടെ വീടുകൾ അങ്ങനെയേ നിർമിക്കാനാവൂ എന്നായിരുന്നു ജാത്യാചാരം.) വലതുവശത്തെ മുറിയിൽ ഗുരുവിന്റെ വലിയ പ്രതിമ കണ്ണാടിക്കൂട്ടിൽ വച്ചിരിക്കുന്നു. മുന്നിൽ കത്തുന്ന വിളക്ക്, പൂജാസാധനങ്ങൾ, ഈ മുറിയിലാണ് ഗുരു പിറന്നത്, തീരെ ചെറിയൊരു മുറി. ഗുരുവിന്റെ പ്രതിമയുടെ സാന്നിധ്യം ആ മുറിയുടെ നിശ്ശബ്ദതയെ ഹനിക്കുന്നതു പോലെ തോന്നി. രൂപങ്ങൾക്കപ്പുറത്തേയ്ക്ക് നയിച്ച ഗുരു രൂപം പൂണ്ട് നിൽക്കുമ്പോൾ ആ ചെറിയ മുറിയ്ക്ക് ശ്വാസം മുട്ടുന്നതു പോലെ. ആകാശത്തിന്റെ, ശൂന്യതയുടെ, അപരിമേയതയുടെ, അനന്തതയുടെ, അറിവിന്റെ അഗാധസമുദ്രത്തെ കണ്ണടച്ച് നിന്ന് ഉള്ളിലേറ്റി.

"നീയല്ലോ മായയും മായാവിയും മായാവിനോദനും

നീയല്ലോ മായയെ നീക്കി സായുജ്യം നൽകുമാര്യനും"

അദ്വൈതത്തെ, വേദാന്തപ്പൊരുളിനെ ഇതിലേറെ ലളിതമായി ആർക്ക് പറയാനാവും? നടുവിലത്തെ മുറിയും ഇടതുവശത്തെ മുറിയും ഗുരു ജനിച്ച മുറിയെ പോലെ തീരെ ചെറുതു തന്നെയാണ്. പൊക്കക്കുറവുള്ള വാതിലുകൾ കടന്ന് പുറത്തിറങ്ങി. ഓലവീടിനെ സംരക്ഷിക്കാൻ കലാസ്പർശമില്ലാതെ കെട്ടിപ്പൊക്കിയ മേൽക്കൂരയും അലോസരം ഉണർത്തി.

വൃത്തിയായി ചെത്തി സൂക്ഷിക്കുന്ന മുറ്റവും പറമ്പും. കിഴക്കേ മതിലിന് ചേർന്ന് പർണശാല, അതിനുള്ളിൽ ഗുരുവിന്റെ ചിത്രമുണ്ട്. സന്യാസിമാരുടെ വിശ്രമസ്ഥലം, അതിഥി മന്ദിരം, പാചകശാല,



ലേഖിക ശ്രീനാരായണഗുരു പിറന്ന ചെമ്പഴന്തിയിലെ ഭവനത്തിൽ

ഗുരുപൂജ ഹാൾ. വയൽവാരം വീടിന്റെ പേര് മാറ്റി ഗുരുമന്ദിരം എന്നാക്കിയതും ഗുരുവിന്റെ പ്രതിമ വീട്ടിനുള്ളിൽ സ്ഥാപിച്ചതും ശ്രീനാരായണ ധർമസംഘമാണ്. ആദ്യം ചെറിയ പ്രതിമയായിരുന്നുവത്രെ, ഈയടുത്ത കാലത്താണ് മുറിയുടെ വ്യാപ്തിയെ കവരുന്ന വലിയ പ്രതിമ സ്ഥാപിച്ചത്.

"വയൽവാരം വീടി"ന്റെ ഒരു ചെറിയ ഭാഗം മാത്രമാണത്രെ ഇന്ന് കാണുന്ന ഓലക്കുടിൽ. പണ്ട് പ്രൗഢിക്കനുസരിച്ചുള്ള വലിയ കെട്ടിടങ്ങളും മറ്റ് സംവിധാനങ്ങളും ചേർന്നതായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. മേൽപ്പുരയോട് കൂടിയ പടിപ്പുരയും, തുളസിത്തറയും, യക്ഷിപ്പറമ്പും, സർപ്പക്കാവും, താമരക്കുളവുമൊക്കെ ഉണ്ടായിരുന്ന വയൽവാരം വീടിന്റെ ബാക്കിയാണ് ഇന്നുള്ള ചെറിയ വീട്. മാടനാശാന്റെയും കുട്ടിയമ്മയുടെയും മകൻ തിരുവനന്തപുരത്ത് നെയ്യാറ്റിൻകരയ്ക്കടുത്ത് അരുവിപ്പുറത്ത് "നാം നമ്മുടെ ശിവനെയാണ് പ്രതിഷ്ഠിച്ചത്" എന്ന് പറഞ്ഞു കൊണ്ട് നടത്തിയ ശിവപ്രതിഷ്ഠ ബ്രാഹ്മണ്യത്തിന്റെയും പൗരോഹിത്യത്തിന്റെയും മുഖത്തേറ്റ ഏറ്റവും വലിയ പ്രഹരമായിരുന്നു.

കേരളത്തെ ഇന്ന് സൃഷ്ടിക്കപ്പെട്ടതിൽ ആ നിമിഷത്തിന് വളരെയേറെ പ്രാധാന്യമുണ്ട്.

"ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്" എന്ന് ഗുരു അവിടെ സന്ദേശവും കുറിച്ചുവെച്ചു.

ജാതിവ്യവസ്ഥ ആപാദചൂഢം മലിനവും മനുഷ്യത്വരഹിതവുമാക്കിയ അന്നത്തെ കേരള സാഹചര്യത്തിൽ ഗുരു ഉയർത്തിയ ചിന്തകളും മൂല്യങ്ങളും വിപ്ലവകരം തന്നെയായിരുന്നു. സത്യം വെളിപ്പെടുന്ന മഹാരഥന്മാരാണ് കാലത്തിനെ അതിജീവിക്കുന്നത്. പലപ്പോഴും മഹാന്മാർ പറഞ്ഞതും ചിന്തിച്ചതും പ്രവർത്തിച്ചതുമൊക്കെ അവരുടെ കാലം കഴിയുമ്പോൾ വിസ്മരിക്കപ്പെടും. നമ്മുടെ കാലത്ത് ആ ദുര്യോഗം ഏറ്റവും ഉണ്ടായത് ഗുരുവിന് തന്നെയാണ്.

## സ്വച്ഛന്ദമായ ഒരിടം

ചെമ്പഴന്തിപ്പിള്ളമാർ എന്ന വീരശൂരപരാക്രമികളുടെ അപദാനങ്ങൾ ആണ് ഒരു കാലത്ത് ചെമ്പഴന്തിക്ക് പ്രശസ്തി നൽകിയിരുന്നത്. ചെമ്മണ്ണ് നിറത്തിലുള്ള താഴ്ചയുള്ള വയലുകളുള്ള പ്രകൃതിരമണീയമായ പ്രദേശമെന്നാണ് ചെമ്പഴന്തിയ്ക്കർഥം. ഘോരവനമായിരുന്നത്രെ ഇവിടം. പലവിധത്തിലുള്ള മൃഗങ്ങൾ ചെമ്പഴന്തിയിൽ വിഹരിച്ചിരുന്നതായി കേരളവർമ വലിയകോയിത്തമ്പുരാൻ മൃഗയാസ്മരണകളിൽ പറഞ്ഞിരുന്നു. കേരളത്തിലെ മറ്റേതൊരു ഗ്രാമവുമെന്ന പോലെ ചെമ്പഴന്തിയും ഇന്ന് നഗരമായി പരിണമിച്ചിരിക്കുന്നു. വയൽവാരം എന്ന പേര് മാത്രം. വയലുകൾ കാണാനില്ല, എല്ലാം കരയായി ക്കഴിഞ്ഞിരിക്കുന്നു. ചെമ്പഴന്തി ആദ്യകാലങ്ങളിൽ "മണയ്ക്കൽ" എന്നാണ് അറിയപ്പെട്ടിരുന്നത്. അവിടെ ഉണ്ടായിരുന്ന പുരാതനമായ ഒരു ഈഴവതറവാടായിരുന്നു മണയ്ക്കൽ. ഗുരുദേവന്റെ കുടുംബക്ഷേത്രം മണയ്ക്കൽ ഭഗവതി ക്ഷേത്രമായിരുന്നു.

നാട്ടുപ്രഭുക്കന്മാരായിരുന്ന ചെമ്പഴന്തിപ്പിള്ളമാർ രാജകുടുംബവുമായുള്ള ബന്ധവും ആഭിജാത്യവും ആയോധനപാടവവും കൊണ്ടാണ് ഖ്യാതിയുണ്ടാക്കിയത്. ചെമ്പഴന്തിപ്പിള്ളമാരുടെ വീരപരാക്രമങ്ങളുടെ വഴിയെയല്ല ഗുരു സഞ്ചരിച്ചത്. മനുഷ്യനെന്ന മഹാസത്യത്തെ, പ്രപഞ്ചത്തിന്റെ പൊരുളിനെ തിരിച്ചറിയുന്ന മഹാകാരുണ്യമായിരുന്നു അദ്ദേഹത്തിന്റെ വഴി.

സുധ ഗുരുപൂജയ്ക്ക് ടിക്കറ്റെടുത്തിരുന്നു. ഗുരുമന്ദിരത്തിന് അടുത്തുള്ള ഹാളിൽ ഊണ് വിളമ്പുന്നുണ്ടായിരുന്നു. പായസം കൂട്ടി ഊണ് കഴിച്ച് മടങ്ങുമ്പോൾ അമ്പലം അടച്ചു കഴിഞ്ഞിരുന്നു. ഗുരുപ്രതിഷ്ഠയാണവിടെ.

ഗുരുവിന്റെ വാക്കുകളാണ് നിത്യപ്രതിഷ്ഠ.

ജ്ഞാനം, സ്നേഹം, അനുകമ്പ എന്നിവയ്ക്ക് ആധാരമായ വസ്തു ഒന്നു തന്നെയാണെന്ന് ഗുരു പറഞ്ഞു. ആ സത്യമറിയുന്നതിലൂടെ സംസാരക്ലേശം അവസാനിക്കുമെന്നും ഗുരു വ്യക്തമാക്കി.

"അരുളൻപനുകമ്പ മൂന്നിനും
പൊരുളൊന്നാണിതു ജീവതാരകം;
അരുളുള്ളവനാണ് ജീവിയെ
ന്നുരുവിട്ടീടുകയീനവാക്ഷരി."

"വിദ്യ കൊണ്ട് പ്രബുദ്ധരാകുക" എന്നാണ് ഗുരു ആവശ്യപ്പെട്ടത്. ചെമ്പഴന്തിയിൽ എസ്.എൻ. കോളേജും സ്കൂളും ഇന്നുണ്ട്. അറിവില്ലായ്മയിലും അടിമത്തത്തിലും അനാചാരങ്ങളിലും മുഴുകി അവശത അനുഭവിച്ചു കൊണ്ടിരുന്ന ഒരു വലിയ ജനസമൂഹത്തിന്റെ സ്വാതന്ത്ര്യത്തിനും മുന്നേറ്റത്തിനും വേണ്ടിയാണ് ഗുരു പ്രയത്നിച്ചത്.

നഗരത്തിരക്കിൽ നിന്ന് സ്വച്ഛവും ശാന്തവുമായ ചെമ്പഴന്തിയിലേക്കുള്ള യാത്ര, കുളിർമഴ പോലെ മനസ്സിനെ സ്വസ്ഥതയിലേക്ക് നയിക്കും. വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷവും പ്രകൃതിഭംഗിയും ഗുരുമന്ദിരത്തിലേക്ക് വീണ്ടു ചെല്ലാൻ പ്രേരിപ്പിക്കും.

പ്രപഞ്ചവുമായി വിലയം പ്രാപിച്ച മഹത്പുരുഷന്മാരുടെ സന്നിധിയിൽ അനുഭവിക്കുന്ന അപൂർവമായ ശാന്തി - ചെമ്പഴന്തിയിൽ ഉണ്ട്. മലയാളി, അവശ്യം അറിയേണ്ട, ഉൾക്കൊള്ളേണ്ട, അനുഭവതലത്തിലേക്ക് ഉരുക്കിച്ചേർക്കേണ്ടതാണ് ഗുരുവിന്റെ എഴുത്ത്, ഗുരുവചനങ്ങൾ, ഗുരു തന്ന അറിവിന്റെ ഖനി. അതു പോലെ തന്നെ കണ്ടിരിക്കേണ്ടതാണ് ചെമ്പഴന്തിയിലെ ഗുരുമന്ദിരവും. പുറം കണ്ണ് കാണുന്ന കാഴ്ചയെക്കാളുപരി, അകക്കണ്ണ് തെളിയാൻ ഓലമേഞ്ഞ ആ കൊച്ച് വീട് കാരണമായേക്കും, അകംപൊരുൾ തെളിയാനും. ■

ഫോട്ടോഫീച്ചർ









# സുവർണ വാർഷിക നിറവിൽ കേരള ട്രഷറി


ധനവിനിമയം ഇന്ന് ഏറെ ആധുനികവത്കരിക്കപ്പെട്ടെങ്കിലും പിഴവില്ലാതെ സാമ്പത്തിക ഇടപാടുകൾ നടത്തിയിരുന്ന പഴയ കാലത്തെ അറിയാൻ സഹായിക്കുന്ന ചരിത്രാടയാളങ്ങളായിരുന്നു തിരുവനന്തപുരം കനകക്കുന്നിൽ കണ്ടത്. ഭീമൻ കാൽക്കുലേറ്റർ, പഴയ ചെക്ക്, കള്ളനോട്ട് പിടിക്കുന്ന ഭൂതക്കണ്ണാടി, പണമെണ്ണാൻ ഉപയോഗിച്ചിരുന്ന നാണയ ഫലക, ബ്രിട്ടനിൽനിന്ന് ഇറക്കുമതി ചെയ്ത പൂട്ടുകൾ... സംസ്ഥാന ട്രഷറിയുടെ അമ്പതാം വാർഷികം പ്രമാണിച്ച് സംസ്ഥാന സർക്കാർ ഒരുക്കിയ പ്രദർശനത്തിൽ ഇങ്ങനെ അനവധി കാഴ്ചകളുണ്ടായിരുന്നു. 1963 ആഗസ്റ്റ് ഒന്നിനായിരുന്നു ട്രഷറിയുടെ തുടക്കം. മുൻ ട്രഷറി ഡയറക്ടർമാരെ ആദരിക്കുന്ന ഗുരുവന്ദനവും സെമിനാറും ആഘോഷത്തിന്റെ ഭാഗമായി നടത്തി.












Kerala Gazette No 39 dated 3rd October 1961
PART I

GOVERNMENT OF KERALA

Abstract

NEW EMBLEM FOR KERALA STATE—ADOPTING OF—ORDERS ISSUED

PUBLIC (MISC.) DEPARTMENT

G.O.(P) No. 696 Trivandrum, dated, 9th September 1961.

ORDER

Government had received representations for adopting a suitable design as State Emblem in the place of the present one. The question had also been raised in the State Legislative Assembly. In order to consider the matter Government convened a series of Conferences in which non-officials were invited to attend. After careful consideration Government have finally approved a new design as the State Emblem for the Kerala State which is imprinted below.

GOVERNMENT OF KERALA

The new Emblem will be used in all official correspondence in future.


By order of the Governor,
T. KRISHNAN NAIR,
*Additional Secretary.*

15567 Eq P.T.O.











എ.വി. ഫർദിസ്

# സമുദ്ര സഞ്ചാരങ്ങളുടെ കോഴിക്കോട്

പ്രാചീനകാലം മുതലേ കോഴിക്കോട് അറിയപ്പെടുന്നത് കടലോരങ്ങളുടെ നാടായാണ്. പടിഞ്ഞാറുഭാഗത്തെ തീരങ്ങളാണ് ഒരു കണക്കിന് കോഴിക്കോടിനു ലോക വാണിജ്യഭൂപടത്തിൽ തന്നെ നൂറ്റാണ്ടുകൾക്ക് മുൻപേ ഒരു പ്രധാന സ്ഥാനം നേടിക്കൊടുത്തതും. വിനോദസഞ്ചാരമേഖലയിലും കോഴിക്കോടിനെ പ്രധാനപ്പെട്ട ഒരു കേന്ദ്രമാക്കി മാറ്റുന്നതിൽ ഇപ്പോഴും അവിടുത്തെ കടപ്പുറത്തിന് ഒരു പ്രധാന സ്ഥാനമുണ്ട്.

## കോഴിക്കോട് കടപ്പുറം

തിരുവനന്തപുരത്തെയും എറണാകുളത്തെയും അപേക്ഷിച്ച് നഗരഹൃദയഭാഗത്തിൽ നിന്ന് ഒരു കിലോമീറ്ററിനുള്ളിൽ ബീച്ച് സ്ഥിതിചെയ്യുന്നത് കോഴിക്കോട്ടായിരിക്കും. ഏകദേശം പതിനഞ്ച് കിലോമീറ്ററോളം നീളത്തിലാണ് കോഴിക്കോടിനെ അറബിക്കടലിന്റെ തീരം തൊട്ടുതലോടുന്നത്. പതിമൂന്നുകിലോമീറ്ററോളം നീണ്ടുകിടക്കുന്ന ചെന്നൈയിലെ മറീനബീച്ച് കഴിഞ്ഞാൽ ഇത്രയും ദൂരത്തിൽ നീണ്ടുകിടക്കുന്ന ബീച്ച് ദക്ഷിണേന്ത്യയിൽ കോഴിക്കോടല്ലാതെ മറ്റൊന്നില്ല.

തീരദേശം കടലിനെക്കാൾ 1.2 മീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. എങ്കിലും കൊല്ലം പോലുള്ള കടപ്പുറങ്ങളെ അപേക്ഷിച്ച് കോഴിക്കോട് കടപ്പുറത്ത് സഞ്ചാരികൾക്ക് കടലിലേക്ക് ഇറങ്ങാനും കുളിക്കാനുമെല്ലാം കഴിയുമെന്നുള്ളതുകൂടിയാണ് അതിർത്തിസംസ്ഥാനങ്ങളായ കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നടക്കമുള്ളവരെ കോഴിക്കോട് ബീച്ചിലേക്ക് ആകർഷിക്കുന്നത്. ഒരു കാലത്ത് ഇന്ത്യയിലെ പ്രധാന വാണിജ്യകേന്ദ്രങ്ങളിലൊന്നായിരുന്നതിന്റെ സ്മാരകമായ തെക്കും, വടക്കും ഭാഗത്ത് സ്ഥിതിചെയ്യുന്ന കടൽപ്പാലങ്ങളാണ് ഈ ബീച്ചിന്റെ പൗരാണികത വിളിച്ചോതുന്ന സ്മാരകങ്ങൾ. രണ്ടും കാലപ്പഴക്കത്താൽ തകർന്നുകൊണ്ടിരിക്കുകയാണിപ്പോൾ. എങ്കിലും ഈ കടൽപ്പാലങ്ങളും കടപ്പുറത്തിന്റെ തെക്കുഭാഗങ്ങളിലായി റോഡിനോടുചേർന്നുകിടക്കുന്ന പാണ്ട്യാലകളും(വാണിജ്യകേന്ദ്രങ്ങൾ) അറബികളും പോർച്ചുഗീസുകാരും ഡച്ചുകാർ മുതൽ ഇംഗ്ലീഷുകാർവരെയുള്ളവർ കേരളവുമായി ആദ്യം ബന്ധപ്പെട്ടതിന്റെ ജീവിക്കുന്ന ബാക്കിപത്രങ്ങളാണ്. ചരിത്രസ്മാരകമായി ഇപ്പോഴും നിലനില്ക്കുന്നത് ബീച്ചിലെ ലൈറ്റ് ഹൗസാണ്. കാമ്പുറം മുതൽ സൗത്ത് ബീച്ച് വരെ നവീകരിച്ച് നടപ്പാത സജ്ജീകരിച്ചതിനാൽ ബീച്ചിന്റെ നീളം കൂടിയിരിക്കുകയാണിപ്പോൾ. മറൈൻ വാട്ടർ അക്വേറിയം, കുട്ടികൾക്കായുള്ള ലയൺസ് പാർക്ക് എന്നിവയാണ് ബീച്ചിനോടനുബന്ധിച്ചുള്ള മറ്റു കാഴ്ചകൾ. കൂടാതെ ഈയടുത്ത് ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ സ്ഥാപിച്ച ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നുള്ള ശില്പങ്ങളും കേരളക്കരയിലെ മറ്റു ബീച്ചുകളിലില്ലാത്ത ഒരു കാഴ്ചയാണ്.



## കാപ്പാട് കടപ്പുറം

കോഴിക്കോട് കടപ്പുറം പോലെ തന്നെ പ്രമുഖമാണ് നഗരത്തിൽ നിന്ന് 16 കിലോമീറ്റർ ദൂരത്തുള്ള കാപ്പാട് കടപ്പുറം. 1498 മെയ് 27ൽ വാസ്കോഡ ഗാമ ഇറങ്ങിയ കടൽത്തീരമെന്നുള്ളതിനാൽ ലോകമൊ

ന്നാകെ പ്രശസ്തമാണ് കാപ്പാട് കടൽത്തീരം. പലയിടത്തും പാറകളാൽ നിറഞ്ഞതാണ് കാപ്പാട് ബീച്ച്. ഇതിനാൽ തന്നെ കപ്പക്കടവ് എന്ന പേരിലും അറിയപ്പെടുന്നുണ്ട്. കടൽത്തീരം പാറക്കെട്ടിനുള്ളിലേക്ക് തങ്ങി നില്ക്കുന്നതും കടലിലേക്ക് പാറക്കെട്ടുകളിലൂടെ കടന്നുചെല്ലാമെന്നുള്ള പ്രത്യേകത കൂടിയുണ്ട്.

## ബേപ്പൂർ, ചാലിയം കടപ്പുറങ്ങൾ

കോഴിക്കോട്ടെ കടപ്പുറങ്ങളിൽ എടുത്തു പറയാവുന്ന മറ്റ് രണ്ടെണ്ണം ബേപ്പൂരും ചാലിയവുമാണ്. പ്രകൃതിപരമായി തന്നെ അനേകം സവിശേഷതകളുള്ള കടലോരങ്ങളാണിവ. എടുത്തുപറയാവുന്ന സവിശേഷത ഇവിടങ്ങളിലെ പുലിമുട്ട് ആണ്. ഏകദേശം ഒരു കിലോമീറ്ററിനപ്പുറം കടലിനുള്ളിലേക്ക് നീണ്ടുകിടക്കുന്നതാണ് പുലിമുട്ട്. വലിയ പാറക്കല്ലുകളുടെ ബലത്തിൽ കടലിൽ കെട്ടി ഉയർത്തിയ വഴിയാണിത്. ഇപ്പോൾ വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ നവീകരിച്ച് നല്ല കോൺക്രീറ്റ് റോഡ് നിർമിച്ചതിനാൽ കടലിനുള്ളിലേക്ക് ഇരുഭാഗത്തുനിന്നുമുയരുന്ന തിരമാല ആസ്വദിച്ചുകൊണ്ട് ബേപ്പൂരിലെ പുലിമുട്ടിലൂടെ സഞ്ചരിക്കുകയെന്നുള്ളത് ഏറെ ആസ്വാദകര്യമാണ്. കൂടാതെ രാവിലെയാണെങ്കിൽ സഞ്ചാരികൾക്ക് പുലിമുട്ടിന്റെ ഏറ്റവും അവസാനത്തിൽചെന്നാൽ ചിലപ്പോൾ ഡോൾഫിനുകളെയും കാണുവാൻ സാധിച്ചേക്കാം.

ചാലിയം കടപ്പുറത്ത് സ്ഥിതിചെയ്യുന്ന ലൈറ്റ് ഹൗസ് നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു കാഴ്ചയാണ്. ഇതിനടുത്തുള്ള ബേപ്പൂർ തുറമുഖം ഒരു പ്രധാനകാഴ്ചാകേന്ദ്രമാണ്. കൊച്ചി കഴിഞ്ഞാൽ കേരളത്തിലെ രണ്ടാമത്തെ വാണിജ്യതുറമുഖങ്ങളിലൊന്നാണ് ബേപ്പൂർ. പ്രകൃതിപരമായി തന്നെ ഏറെ സാധ്യതകളുള്ള ഈ തുറമുഖത്തുകൂടെയാണ് ലക്ഷദ്വീപിലേക്കുള്ള ചരക്കുഗതാഗതത്തിന്റെ മിക്കപങ്കും നടക്കുന്നത്.

## ഉരുനിർമാണം

ബേപ്പൂരിന്റെ മറ്റൊരു പ്രത്യേകതയാണ്. അറേബ്യൻ നാടുകളിലേക്കുള്ള ഉരു നിർമാണം. കേരളത്തിൽ ഇവിടെമാത്രം തച്ചുശാസ്ത്രവിദഗ്ധരാൽ നടക്കുന്നതാണ് ഉരു അഥവാ പത്തേമാരികളുടെ നിർമാണം. വെറും മനക്കണക്കിലും അനുഭവത്തിന്റെ



ബലത്തിലും ചെറിയ കപ്പലുകളോട് കിടപിടിക്കുന്ന ഇവയുടെ നിർമാണം കാണുവാനും അടുത്തറിയുവാനും വിദേശികൾവരെ സ്ഥിരമായി വരാറുണ്ട്. പൂർത്തിയായ ഉരുക്കൾ നീറ്റിലിറക്കുന്നതും ഏറെ ആകർഷകമായ കാഴ്ചകളാണ്. ഇതിനായി ഇവിടത്തുകാരായ മാപ്പിളഖലാസിമാർ ആസൂത്രണം ചെയ്യുന്ന വിദ്യകളും കാണുവാൻ ഏറെ സന്ദർശകരെത്താറുണ്ട്.

## തുഷാരഗിരി

കടപ്പുറങ്ങളാണ് കോഴിക്കോട് നഗരത്തിനുള്ളിലെ പ്രധാന ആകർഷണമെങ്കിൽ നഗരംവിട്ട് 55 കിലോമീറ്റർ ദൂരെ സ്ഥിതിചെയ്യുന്ന



തുഷാരഗിരിയാണ് കോഴിക്കോട്ടെത്തുന്ന സന്ദർശകരെ ആകർഷിക്കുന്ന മറ്റൊരു പ്രധാന കാഴ്ച. തിളങ്ങുന്ന പച്ചപ്പിന്റെ മറ്റൊരു മുഖമാണ് ഇവിടത്തെ പ്രത്യേകത. കാടിനുമധ്യത്തിലുള്ള നാല് വെള്ളച്ചാട്ടങ്ങളാണ് തുഷാരഗിരിയുടെ പ്രത്യേകത. ട്രക്കിംഗിൽ താല്പര്യമുള്ളവർക്ക് ഏറെ രസകരമായ ഒരനുഭൂതിയാണ് തുഷാരഗിരി യാത്ര നല്കുക. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ കോട്ടേജുകളും ഈയടുത്ത് ഇവിടെ ഒരുക്കിയിട്ടുണ്ട്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഇവിടേക്ക് ഏകദിന മഴയാത്രയും ഒരുക്കിയിട്ടുണ്ട്.

## കക്കയം

ട്രക്കിംഗിൽ താല്പര്യമുള്ളവർക്കും പ്രകൃതിഭംഗിയുടെ നിശബ്ദത അനുഭവിച്ചറിയുവാൻ താല്പര്യമുള്ളവർക്കും ഏറെ



രസകരമായ സ്ഥലങ്ങളിലൊന്നാണ് കോഴിക്കോടിന്റെ മലയോരമേഖലയിലെ കക്കയം. മലകയറ്റം, വന്യമൃഗങ്ങളെ കാണുവാനുള്ള അവസരം തുടങ്ങിയവയോടൊപ്പം മനോഹരമായ കക്കയം ഡാം സൈറ്റിന്റെ പ്രകൃതിഭംഗി, നിശബ്ദമായ പ്രകൃതി സൗന്ദര്യം ആസ്വദിച്ചറിയുവാൻ കൂടിയുള്ള സന്ദർഭമാണ് നഗരത്തിൽ നിന്ന് 50 കിലോമീറ്റർ ദൂരത്തുള്ള കക്കയം ഒരുക്കുന്നത്. ഇക്കോടൂറിസം താല്പര്യമുള്ളവർക്ക് സഞ്ചരിക്കുവാൻ ഏറെ പറ്റിയ സ്ഥലങ്ങളിലൊന്നാണ് കക്കയം. ഏറ്റവും അവസാനം പ്രഖ്യാപിച്ച മലബാർവൈൽഡ് ലൈഫ് സാങ്ചറിയുടെ ഭാഗമാണിത്.

## പെരുവണ്ണാമൂഴി ഡാം.

60 കിലോമീറ്റർ ദൂരത്ത് സ്ഥിതിചെയ്യുന്ന പെരുവണ്ണാമൂഴി ഡാമും ഡാംസൈറ്റും മനോഹരമായ മറ്റൊരു പിക്നിക്ക് സ്പോട്ടാണ്. ഡാമിനോട് അടുത്ത് സ്ഥിതിചെയ്യുന്ന റിസർവോയറിൽ സ്പീഡ് ബോട്ടിലും മറ്റും യാത്രചെയ്യാവുന്നതാണ്. ഇവിടെ സ്ഥിതിചെയ്യുന്ന പൂന്തോട്ടവും പക്ഷി സങ്കേതവും മുതലവളർത്തുകേന്ദ്രവുമെല്ലാം മറ്റു പ്രധാന കേന്ദ്രങ്ങളാണ്.

## വെള്ളരിമല

ട്രക്കിംഗിനും വെള്ളച്ചാട്ടകാഴ്ചകൾക്കും കാട്ടിലൂടെയുള്ള യാത്രക്കും ജില്ലയിലെ മറ്റൊരു കേന്ദ്രമാണ് വെള്ളരിമല. പശ്ചിമഘട്ട മലനിരകളുടെ ഭാഗമാണ് വെള്ളരിമല. ആനക്കാംപൊയിലിനടുത്തെ മുത്തപ്പൻ പുഴയാണ് ഇവിടത്തെ പ്രധാന ആകർഷണങ്ങളിൽ ഒന്ന്. വെള്ളരിമലയിലെ വെള്ളച്ചാട്ടമാണ് ഒലിച്ചുച്ചാട്ടം.വെള്ളരിമലയിലെ മറ്റൊരു പ്രധാന ആകർഷണമാണ് സ്വർഗം കുന്ന്. നീലഗിരി കുന്നുകൾക്ക് സമാനമാണ് ഇവിടത്തെ മലയോരകാഴ്ചകൾ.

## ഇരിങ്ങൽ

സാമൂതിരിരാജാവിന്റെ പടത്തലവനായ കുഞ്ഞാലിമരക്കാരുടെ വീട് സ്ഥിതിചെയ്യുന്നത് ഇരിങ്ങലിലാണ്. നാവിക പട തന്ത്ര



ങ്ങൾ അത്രയൊന്നും വേരോട്ടം പിടിക്കാത്ത നൂറ്റാണ്ടുകൾക്ക് മുൻപ് ഈ രംഗത്ത് ഏറെ കഴിവുതെളിയിച്ച മരക്കാരുടെ ജന്മഗൃഹം ഏറെ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കേന്ദ്രങ്ങളിലൊന്നാണ്. പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുകയാണ് ഇരിങ്ങലിലെ വീട്.

## കല്ലായി

കാനഡയിലെ ഒട്ടാവ കഴിഞ്ഞാൽ ലോകത്ത് മരവ്യവസായത്തിൽ രണ്ടാംസ്ഥാനമുണ്ടായിരുന്ന കേന്ദ്രമാണ് കല്ലായി. ലോകമഹായുദ്ധങ്ങൾ നടന്ന സമയത്ത് ബ്രിട്ടനുവേണ്ടി യുദ്ധമുഖത്തേക്ക് മരം പണിത്തരങ്ങളായി കയറ്റിയയിച്ചിരുന്നത് കല്ലായിയിൽ

നിന്നായിരുന്നു. ഇതായിരുന്നു ലോകത്ത് ഈ രംഗത്ത് കല്ലായിയുടെ ഖ്യാതി ഏറെ പരക്കുവാൻ കാരണമായത്. മുഷ്താഖ് രചിച്ച സുൽത്താൻ വീട്, എം ടിയും എൻ പിയുംകൂടി രചിച്ച അറബിപ്പൊന്ന്, എൻ പി മുഹമ്മദിന്റെ തന്നെ എണ്ണപ്പാടം എന്നീ നോവലുകളിലൂടെ മലയാളി വായിച്ചറിഞ്ഞ കല്ലായി ഇപ്പോഴും ചെറിയ മാറ്റങ്ങളോടെ നിലനില്ക്കുന്നത് സഞ്ചാരികൾക്ക് നേരിട്ടനുഭവിച്ചറിയാം. മലബാറിലെ വലിയ വാണിജ്യകേന്ദ്രങ്ങളിലൊന്നായ കോഴിക്കോട് വലിയങ്ങാടിയും അറബിപ്പൊന്നിലൂടെ വായിച്ചറിഞ്ഞതുപോലെ തന്നെ ഇപ്പോഴും സഞ്ചാരികൾക്ക് അടുത്തറിയാം.

## കടലുണ്ടി പക്ഷിസങ്കേതം

കോഴിക്കോടിന്റെ വിനോദസഞ്ചാരഭൂപടത്തിൽ ഏറെ പ്രാധാന്യമുള്ള ഒരു പ്രദേശമാണ് കടലുണ്ടി. കോഴിക്കോട് നിന്ന് 19 കിലോമീറ്റർ ദൂരമുണ്ട്. സ്വദേശത്തുനിന്നുള്ള നൂറോളം പക്ഷികളും വിദേശത്തുനിന്നുള്ള അറുപതോളം ഇനം പക്ഷികളും വിരുന്നെത്തുന്ന കേന്ദ്രം കൂടിയാണ് കടലുണ്ടി പക്ഷി സങ്കേതം.



## പഴശ്ശി രാജ മ്യൂസിയം ആന്റ് ആർട്ട് ഗ്യാലറി

പുരാതനമായ ചുമർചിത്രങ്ങൾ, ഓട്കൊണ്ടുള്ള പുരാവസ്തുക്കൾ, പഴയ നാണയങ്ങൾ, പുരാതന ക്ഷേത്രങ്ങളുടെ മാതൃകകൾ, കുടക്കല്ലുകൾ എന്നിവയടക്കം പുരാവസ്തുക്കളുടെ ഏറെ ശേഖരങ്ങൾ ഉള്ള കേന്ദ്രമാണ് പുരാവസ്തുവകുപ്പിന്റെ കീഴിലുള്ള ഈസ്റ്റ്ഹില്ലിലെ പഴശ്ശിരാജാ മ്യൂസിയം ആൻഡ് ആർട്ട് ഗ്യാലറി. കോഴിക്കോട് നിന്നും അഞ്ചു കിലോമീറ്റർ. ഇവിടത്തെ ആർട്ട് ഗ്യാലറിയിലാണ് വിശ്വവിഖ്യാത ചിത്രകാരൻ രാജാരവിവർമയുടെ പ്രമുഖമായ ചിത്രങ്ങളുടെ ശേഖരവുമുള്ളത്.

## കൃഷ്ണമേനോൻ മ്യൂസിയം

ഇന്ത്യ കണ്ട കരുത്തനായ വിദേശകാര്യമന്ത്രിയും മലയാളിയുമായ വി കെ കൃഷ്ണമേനോൻ ഉപയോഗിച്ച വസ്തുക്കളും മറ്റും സൂക്ഷിച്ചിട്ടുള്ള മ്യൂസിയമാണ് ഈസ്റ്റ്ഹില്ലിൽ തന്നെ സ്ഥിതിചെയ്യുന്ന കൃഷ്ണമേനോൻ മ്യൂസിയം.




## കിർത്താഡ്സ്

കോഴിക്കോട് നഗരത്തിൽ നിന്ന് ഏഴു കിലോമീറ്റർ ദൂരത്തിൽ സ്ഥിതിചെയ്യുന്ന കിർത്താഡ്സ്. പുരാതന ആദിവാസിഗോത്രവിഭാഗങ്ങളെക്കുറിച്ചുള്ള അറിവ് നല്കുന്ന കേന്ദ്രമാണ്. ആദിവാസി ഗോത്രവിഭാഗത്തിന്റെ കൈമോശം വന്നുപോകാവുന്ന വൈദ്യമേഖലയിലെ അടക്കമുള്ള അനേകം അറിവുകളുടെ സംരക്ഷണകേന്ദ്രം കൂടിയായ ഇവിടം വിജ്ഞാനവിനോദസഞ്ചാരികളുടെ ഏറെ ഇഷ്ടപ്പെട്ട കേന്ദ്രങ്ങളിലൊന്നാണ്. സാമൂഹ്യശാസ്ത്രത്തിലും നരവംശശാസ്ത്രത്തിലെയും അപൂർവങ്ങളായ ആയിരക്കണക്കിന് ഗ്രന്ഥങ്ങളുടെ ശേഖരം കൂടിയുള്ള ലൈബ്രറിയുമാണ്.

## എലത്തൂർ കോരപ്പുഴ

കോഴിക്കോട്ടെ ഹൗസ് ബോട്ടുകളുടെ കേന്ദ്രമാണ് എലത്തൂർ കോരപ്പുഴ. കോഴിക്കോട് നിന്നും ഏകദേശം പതിനഞ്ചുകിലോമീറ്ററോളം ദൂരത്തിൽ യാത്രചെയ്താൽ എത്തുന്ന ഇവിടെത്തെ പുഴകളിലൂടെയുള്ള ഹൗസ് ബോട്ട് യാത്ര ഏറെ രസകരമാണ്. കല്ലുമ്മക്കായ ജില്ലയിൽ മുഖ്യമായും വളർത്തുന്നതും എലത്തൂർ കോരപ്പുഴയിലാണ്. കോരപ്പുഴയിലാണ് ടൂറിസംവാരാഘോഷത്തോടനുബന്ധിച്ച് ജലഘോഷയാത്രയടക്കമുള്ള പരിപാടികൾ നടക്കാറുള്ളത്.

## കൊളാവി കടപ്പുറം

കടലാമകളുടെ സംരക്ഷണത്തിനായി ഒരു കൂട്ടം യുവാക്കളുടെ നേതൃത്വത്തിൽ നാട്ടുകാർ മുന്നിട്ടിറങ്ങിയതോടെ ശ്രദ്ധേയമായ പ്രദേശമാണ് കോഴിക്കോട് പയ്യോളിക്കടുത്തെ കൊളാവികടപ്പുറം. ഇതോടുകൂടി ഈ കടപ്പുറത്തേക്ക് ഏറെ കാഴ്ചക്കാർ ഇപ്പോൾ എത്തുന്നുണ്ട്.

## പ്ലാനറ്റോറിയം

കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിലുള്ള നഗരഹൃദയഭാഗമായ മാവൂർ റോഡിലെ ജാഫർഖാൻ കോളനിയിലെ റീജിനൽ സയൻസ് സെന്റർ ആന്റ് പ്ലാനറ്റോറിയം സന്ദർശകരുടെ ഒരു പ്രധാന കേന്ദ്രമാണ്. കാഴ്ചക്കാരെ ആകർഷിക്കുന്ന കേന്ദ്രംകൂടിയായി പ്ലാനറ്റോറിയം മാറിയിട്ടുണ്ട്.

## മിഠായി തെരുവ്

നൂറ്റാണ്ടുകൾ പഴക്കമുള്ള കോഴിക്കോടിന്റെ വാണിജ്യതെരുവാണ് മിഠായിതെരുവ്. കാലാന്തരേണ ഏറെ മാറ്റങ്ങൾ വന്നെങ്കിലും ഇപ്പോഴും ഇതിലൂടെയുള്ള യാത്ര കോഴിക്കോടിന്റെ ചരിത്രം പഠിച്ചവർക്കോ എസ്.കെ. പൊറ്റെക്കാടിന്റെ കൃതികളിലൂടെ കോഴിക്കോടിനെ അടുത്തറിഞ്ഞവർക്കോ ഏറെ രസകരമായ അനുഭവമായിരിക്കും. ഇപ്പോൾ ഈ തെരുവിലൂടെയുള്ള യാത്ര അവസാനിക്കുന്നതും എസ് കെ പൊറ്റെക്കാട് എന്ന സഞ്ചാരസാഹിത്യകാരന്റെ പ്രതിമ നില്ക്കുന്ന കിഡ്സൺ കോർണർ ജംഗ്ഷനിലാണ്.

## തളിക്ഷേത്രം

പതിനാലാം നൂറ്റാണ്ടിൽ സാമൂതിരിരാജാവായ സ്വാമി തിരുമുല്പാടിന്റെ കാലത്ത് നിർമിച്ചതാണ് തളിക്ഷേത്രം. സാമൂതിരിക്ക് അന്ന് ഇതിനടുത്തും കൊട്ടാരമുണ്ടായിരുന്നുവത്രെ. അന്ന് രേവതി പട്ടത്താനത്തിന് വേദിയായിരുന്നത് തളിക്ഷേത്രത്തിലായിരുന്നു. ചുവന്നകല്ലും മരവുമുപയോഗിച്ചുകൊണ്ടുള്ള ഈ ക്ഷേത്രത്തിന്റെ നിർമാണ രീതി ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. കേരളരീതിയിലുള്ള വാസ്തുശില്പ നിർമാണത്തിൽ ഇത് ഒരു പ്രധാന നാഴികക്കല്ലായിരുന്നു.



## കുറ്റിച്ചിറയും മുച്ചുന്തിയും

കേരളീയ രീതിയിൽ നിർമിക്കപ്പെട്ട പള്ളിയാണ് കോഴിക്കോട്ടെ മുസ്ലീങ്ങളായ കോയമാരുടെ നാടായ കുറ്റിച്ചിറയിൽ നിർമിക്കപ്പെട്ട മുച്ചുന്തിപ്പള്ളി. പതിമൂന്നാം നൂറ്റാണ്ടിൽ സാമൂതിരിരാജാവ് മുസ്‌ലിംങ്ങൾക്ക് നിർമിച്ചുകൊടുത്തതാണ് പള്ളിയത്രെ. പോർച്ചുഗീസുകാരുടെ ആക്രമണം നടന്ന സമയത്ത് ഈ പള്ളിക്കും കേടുപാടുകൾ പറ്റിയതായി പറയപ്പെടുന്നുണ്ട്.

## മദർ ഓഫ് ഗോഡ് ചർച്ച്

റോമൻ വാസ്തുശില്പശാല മാതൃകയിൽ 1513 ൽ നിർമിക്കപ്പെട്ട മദർ ഓഫ് ഗോഡ് ചർച്ചും കോഴിക്കോടിന്റെ പുരാതനമായ കാഴ്ചയാണ്. പോർച്ചുഗീസുകാരാൽ നിർമിക്കപ്പെട്ടതെന്ന് കരുതുന്നു.

## ജൈനക്ഷേത്രം

വാണിജ്യതെരുവായ വലിയങ്ങാടിക്ക് സമീപം തൃക്കോവിൽ ലൈനിലാണ് ജൈനരുടെ രണ്ട് ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നത്.

## പാർസി അൻജുമൻ ബാഗ്

വാണിജ്യാവശ്യാർഥം ഇന്ത്യയുടെ മറ്റു ഭാഗത്തുനിന്നും കേരളത്തിലേക്ക് കുടിയേറിയ പാർസികളുടെ കേന്ദ്രമാണ് മിഠായിതെരുവിലെ പാർസി അൻജുമൻ ബാഗ്. ഇരുനൂറ് കൊല്ലം മുൻപാണ് പാർസികൾ കോഴിക്കോട്ടേക്ക് കുടിയേറിയത്. ഇപ്പോൾ ഒന്നോ രണ്ടോ കുടുംബങ്ങളിൽ വിരലിലെണ്ണാവുന്നവരേ ഇവിടെ പാർസി കുടുംബതാവഴിയിൽ അവശേഷിക്കുന്നുള്ളൂ.

പി.കെ. സുനിൽ കുമാർ

# സഞ്ചാരികളെ മാടിവിളിക്കുന്ന മലമടക്കിന്റെ മടിത്തട്ടുകൾ



പത്തനംതിട്ടയ്ക്ക് അധികം ആരും അറിയാത്ത ഒരു ഹൃദയതാളമുണ്ട്. കാടും കാട്ടുചോലകളും വെൺമുകിലിനൊപ്പം നൃത്തം ചെയ്യുന്ന കാട്ടാനകളുടെയും കടമാനുകളുടെയും കലമാനുകളുടെയും ശരണാലയമായ പച്ചക്കാനം ഗവി എന്ന മനോഹര ഗ്രാമത്തിന്റെ ശ്രുതിതാളം. സാന്ദ്രമായ സംഗീതം പോലെ മനുഷ്യമനസ്സിനെ വീണ്ടും വീണ്ടും വിരുന്നൂട്ടാൻ വിളിക്കുന്ന പച്ചക്കാനം ഗവിയും കാനനപുത്രിയായ പെരുന്തേനരുവിയുടെ വിശുദ്ധിയും നേരിട്ടറിയുകതന്നെവേണം. പ്രകൃതി നിത്യവസന്തം ചമയ്ക്കുന്ന കാഴ്ചകൾ അവിടെ നിങ്ങളെ കാത്തിരിക്കുന്നു.

കരിമ്പാറകൾ മുത്തുമണികൾ ചമച്ച് സ്ഫടിക നിർമിതമായ വെള്ളത്തെ നുരയും പതയുമാക്കി മാറ്റി കാണികൾക്ക് വിസ്മയമൊരുക്കി അരുവിക്കുഴി വെള്ളച്ചാട്ടവുമൊക്കെ വിനോദസഞ്ചാരികളെ മാസ്മരികലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്നത് കാണാം.

വനത്തിന്റെ ആത്മാവിലേറിയുള്ള യാത്രയാണ് ഗവിയിലേക്കുള്ള ഏത് യാത്രയും. മനസ്സിനെ എന്നെന്നും വശീകരിക്കുന്ന അത്ഭുതചാരുതയാണ് ഗവിയുടെ സവിശേഷത. എണ്ണിയാൽ തീരാത്ത പുൽക്കൊടികളും തീരവൃക്ഷങ്ങളും നമ്മെ പ്രകൃതിയോട് ലയിച്ചുചേർക്കുന്നു. മഞ്ഞുവീഴ്ചയുടെ മനോഹാരിത ആസ്വദിക്കാൻ ഗവിയിലേക്ക് സഞ്ചാരികളുടെ തിരക്കാണ്. നട്ടുച്ചയ്ക്കുപോലും കുളിരണിയിക്കുന്ന കാറ്റും മരം കോച്ചുന്ന തണുപ്പുമാണിവിടെ.

ജില്ലയുടെ വടക്കു കിഴക്കൻ അതിർത്തിയിലാണ് ഗവി. മേഘങ്ങളോട് കിന്നാരം ചൊല്ലുന്ന മലനിരകൾ. കടുവയും കരിമ്പുലിയും പുള്ളിപ്പുലിയും കാട്ടുപോത്തും മാനും മേയുന്ന പുൽമേടുകൾ, ആനക്കൂട്ടങ്ങൾ നിറഞ്ഞ താഴ്‌വരകൾ. രാപ്പകൽ ചൂളം വിളിയുമായി കാടിനെ ശബ്ദമുഖരിതമാക്കുന്ന മലമുഴക്കി വേഴാമ്പലിന്റെയും സജീവ സാന്നിദ്ധ്യമാണ് ഗവിയിലുള്ളത്. മലകളിൽ നിന്ന് മലകളിലേക്ക് പെയ്തുപോകുന്ന മഞ്ഞുകാറ്റ് വിസമയ കാഴ്ചയാണ്.

ജില്ലാ ആസ്ഥാനമായ പത്തനംതിട്ടയിൽ നിന്ന് തിരക്കേറിയ മണ്ണാറക്കുളഞ്ഞി-ചാലക്കയം ശബരി പാതയിലെ പ്ലാപ്പള്ളിയുടെ നിർമാണവുമായി ബന്ധപ്പെട്ട് സംസ്ഥാന വൈദ്യുതിബോർഡ് നിർമിച്ച ഈ പാത പ്ലാപ്പള്ളി, കുമളി, വണ്ടിപ്പെരിയാർ (പി.കെ.വി. റോഡ്) എന്ന പേരിൽ അറിയപ്പെടുന്നു. പ്ലാപ്പള്ളിയിൽ നിന്ന് 10 കിലോമീറ്ററാണ് സീതത്തോട് പഞ്ചായത്തിലെ ആങ്ങമൂഴിയിലേക്കുള്ള ദൂരം. ആങ്ങമൂഴിയിലുള്ള വനം വകുപ്പിന്റെ ഗൂഡ്രിക്കൽ റേഞ്ച് ഓഫീസിൽ നിന്നും കർശനമായ വാഹനപരിശോധനയ്ക്കു ശേഷമേ സഞ്ചാരികളെ കടത്തിവിടൂ. ഒരാൾക്ക് 30 രൂപ നിരക്കിൽ വാഹനത്തിന് പ്രത്യേക ഫീസ് ഈടാക്കും. ഈറ്റക്കാടുകൾ തഴച്ചുവളർന്നു നിൽക്കുന്ന കാനനപാതയിലൂടെ 12 കിലോമീറ്റർ സാഹസികയാത്ര നടത്തിയാൽ മൂഴിയാർ ജലസംഭരണിയിലെത്താം. അതിനു സമീപം തന്നെയാണ് കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ജലവൈദ്യുത നിലയമായ ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ മൂഴിയാർ പവർഹൗസും മൂഴിയാർ ടണലും. അവിടെ നിന്ന് 12 കിലോമീറ്റർ പിന്നിട്ടാൽ ശബരിഗിരി ജലപദ്ധതിയുടെ പ്രധാന സംഭരണിയായ കക്കി ഡാമിലും വീണ്ടും നാലു കിലോമീറ്റർ പിന്നിട്ടാൽ സംസാരസാഗരം സൃഷ്ടിക്കുന്ന ഇക്കോപ്പാറയിലേക്കുമെത്താം. ശബരിഗിരി ജലവിതരണപദ്ധതി നിർമാണത്തിനായി പാറതുരന്നെടുത്തഭാഗമാണ് ഇക്കോപ്പാറയായി പരിണമിച്ചിരിക്കുന്നത്. പിന്നീട് ആനത്തോട് ജലസംഭരണിയാണ്. ശബരിഗിരി ജലവിതരണ പദ്ധതിയുടെ, പമ്പാ, കക്കി ഡാമുകളുടെ ഉപസംഭരണിയായാണ് ആനത്തോട് അറിയപ്പെടുന്നത്. ആനത്തോട് മുതൽ പെരിയാർകടുവാസങ്കേതത്തിലൂടെയാണ് ഗവിയിലേക്കുള്ള യാത്ര. ആനത്തോട്ടിൽ നിന്ന് 10 കിലോമീറ്റർ പിന്നിടുമ്പോൾ പച്ചക്കാനം ചെക്ക്പോസ്റ്റ്. ഇവിടെയും കർശന വാഹനപരിശോധനയ്ക്കുശേഷമാണ് സഞ്ചാരികളെ കടത്തിവിടുന്നത്. രണ്ടു കിലോമീറ്റർ അകലെ കൊച്ചുപമ്പയിൽ സംസ്ഥാന വൈദ്യുതി ബോർഡ് സഞ്ചാരികൾക്കായി രണ്ട് അതിഥി മന്ദിരങ്ങൾ ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം പട്ടത്തുള്ള വൈദ്യുതി ഭവനിൽ വൈദ്യുതിബോർഡ് സെക്രട്ടറിയുടെ

ഓഫീസിൽ ബുക്ക് ചെയ്ത് എത്തുന്നവർക്ക് ഇവിടെ രാപാർക്കാം. ഒരാൾക്ക് 200 രൂപയാണ് ഫീസ്. കൊച്ചുപമ്പയിൽ നിന്ന് പൊന്നമ്പലമേട്ടിലേക്കും തിരിയാം. ഇവിടെയാണ് മകരസംക്രമദിവസം ശബരിമലയിൽ മകരജ്യോതിതെളിയുന്നത്. ബൈബിളിൽ പരാമർശിക്കുന്ന മോശയുടെ പേടകം നിർമിച്ചതെന്നു കരുതുന്ന ബോർഡോകോർപ്പസ് എന്ന മരം കാണാം. കൊച്ചുപമ്പയിൽ നിന്ന് 12 കിലോമീറ്റർ കഴിയുമ്പോൾ ഗവി എന്ന കാനന ഗ്രാമത്തിലെത്താം. അവിടെ സംസ്ഥാന വന വികസന കോർപറേഷൻ വിനോദ സഞ്ചാരപദ്ധതി ഒരുക്കിയിരിക്കുന്നു. തീരവൃക്ഷങ്ങൾക്കിടയിലൂടെ നീലജലാശയത്തിലുള്ള ബോട്ടിങ്ങാണ് ഇവിടുത്തെ പ്രധാന ആകർഷണം. കോർപറേഷന്റെ റിസോർട്ടും വന്യജീവി മ്യൂസിയവും ഇവിടെയുണ്ട്. സഞ്ചാരികൾക്കായി മൂന്നുവിധ പാക്കേജ് ഒരുക്കിയിരിക്കുന്നു. ഇവിടെ രാപ്പാർക്കുന്നതിന് സൗകര്യമുണ്ട്. ഗവിയിലെങ്ങും ഏലക്കാടുകൾ മാത്രമാണുള്ളത്. 1979 ൽ ഇന്ത്യ-ശ്രീലങ്കൻ കരാറിന്റെ ബാക്കിപത്രമാണ് ഗവി. ശ്രീലങ്കൻ തമിഴ് അഭയാർഥികളെ പുനഃരധിവസിപ്പിച്ച പ്രദേശമാണ് ഇവിടം. ഗവിയിലെ ചെറിയ ഡാമിനോടു ചേർന്ന് ചെറിയ തുരുത്തുണ്ട്. നാലുപാടും വെള്ളം ചുറ്റിക്കിടക്കന്ന കുന്നിലേക്ക് ബോട്ടിൽ യാത്രചെയ്യാം.

ഗവിയിൽ നിന്നും വണ്ടിപ്പെരിയാർ റോഡിൽ മൂന്നു കിലോമീറ്റർ യാത്രചെയ്താൽ പുല്ലുമേടാണ്. പത്തനംതിട്ട, കുമളി ഡിപ്പോകളിൽ നിന്ന് എന്നും രാവിലെ 6.15 നും ഉച്ചയ്ക്ക് 2.30 നും ഈ റൂട്ടിലൂടെ ഗവിയിലേക്ക് ഓരോ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഒരുക്കിയിട്ടുണ്ട്. മണിക്കൂറുകളോളം വനത്തിലൂടെ മാത്രം ഓടുന്ന ബസ്സിലെ യാത്രാസുഖം അനുഭവിച്ചുതന്നെ അറിയണം. പ്രകൃതി ഹരിതാഭ വർഷിച്ച് നിൽക്കുന്ന ഗവിയുടെ ഭാവസാന്ദ്രതകൾ മുഴുവൻ മനസ്സിലേക്കാവാഹിക്കാൻ ഒന്നോ രണ്ടോ യാത്രകൾകൊണ്ടാകില്ല. അത് വീണ്ടും വീണ്ടും യാത്രികരെ മാടിവിളിച്ചുകൊണ്ടേയിരിക്കും.

## പെരുന്തേനരുവി വെള്ളച്ചാട്ടം

വർണമനോഹരമായ കാഴ്ചയൊരുക്കി സഞ്ചാരികളെ കാത്തിരിക്കുകയാണ് പെരുന്തേനരുവി. വനാന്തരങ്ങളിൽ നിന്നുത്ഭവിക്കുന്ന പുണ്യനദിയായ പമ്പ. പെരുന്തേനരുവിയിലെത്തുമ്പോൾ സൗന്ദര്യവതിയാകും. മലമുകളിൽക്കൂടി ശാന്തമായി ഒഴുകിയെത്തുന്ന പമ്പാനദി പെരുന്തേനരുവിയിലെത്തുന്നതോടെ കരിമ്പാറക്കൂട്ടങ്ങളിൽ ഒഴുകി മുത്തുമണികളായി മാറുന്ന കാഴ്ചയാണ് പെരുന്തേനരുവിയുടെ ദൃശ്യചാരുത. തട്ടുപാറകൾക്കിടയിലൂടെ ഒളിച്ചുകളിക്കുന്ന ജലകണങ്ങൾ സ്ഫടികനിർമലമായി മാറുന്നു. പുളഞ്ഞും പതഞ്ഞും ഒഴുകുന്ന പമ്പാനദിയുടെ ഈ കാനനപുത്രി അപകടക്കെണി ഒരുക്കി ധാരാളം ഗർത്തങ്ങളും സൂക്ഷിക്കുന്നുണ്ടെന്നും സഞ്ചാരികൾ തിരിച്ചറിയുക. ഇവിടെ ജീവൻ പൊലിഞ്ഞിട്ടുള്ള സഞ്ചാരികളുടെ എണ്ണവും ധാരാളമാണ്. റാന്നി താലൂക്കിലെ നാറാണംമൂഴി, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തുകളുടെ അതിർത്തിയിലാണ് പെരുന്തേനരുവി. ജില്ലാ ആസ്ഥാനത്തുനിന്നും 32 കിലോമീറ്റർ ദുരം. പെരുന്തേനരുവിയിൽ നിന്ന് വടക്കോട്ടു നീങ്ങിയാൽ പനങ്കുടന്തയിലും നാവീണരുവിയിലും എത്താം. അരുവിയിലേക്ക് ജലപാതം ആരംഭിക്കുന്ന പാറമടക്കുകൾക്കുള്ളിൽ ഒരുകാലത്ത് ധാരാളം പെരുന്തേൻ കൂട് ഉണ്ടായിരുന്നു. ഇങ്ങനെയാണ് അരുവിക്ക് പെരുന്തേനരുവി എന്നു പേരുവന്നത്. ഇതിനു തൊട്ടുമീതെയുള്ള മാവീണരുവി സന്ദർശിക്കാൻ ഒരിക്കൽ ഒരു സായ്പും മദാമ്മയും എത്തി. കൂടെയുണ്ടായിരുന്ന വളർത്തുനായ അരുവിയിൽ വീണു ചത്തു. ഈ ഭാഗം നാവീണരുവിയായി മാറിയെന്നുമാണ് ഐതീഹ്യം. ഇവിടെ നിന്നും നാലു കിലോമീറ്റർ ദൂരെയാണ് പനങ്കുടന്ത അരുവി. 400 അടിയോളം ഉയരത്തിൽ നിന്നുള്ള ഈ വെള്ളച്ചാട്ടം പതിച്ചിരുന്നത് ഒരു കരിമ്പാറയുടെ നെറുകിലായിരുന്നത്രേ. പനയുടെ കുടന്തയിലേക്ക് പതിച്ച ജലപാത പിന്നീട് പനങ്കുടന്ത അരുവിയായി.

റാന്നി താലൂക്കിലെ നാറാണംമൂഴി, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തുകളുടെ അതിർത്തിയിലാണ് പെരുന്തേനരുവി. ജില്ലാ ആസ്ഥാനത്തുനിന്നും 32 കിലോമീറ്റർ ദുരം. പെരുന്തേനരുവിയിൽ നിന്ന് വടക്കോട്ടു നീങ്ങിയാൽ പനങ്കുടന്തയിലും നാവീണരുവിയിലും എത്താം

## അരുവിക്കുഴി വെള്ളച്ചാട്ടം

കോഴഞ്ചേരിക്കടുത്ത് തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ അരുവിക്കുഴി വെള്ളച്ചാട്ടം വളരെ മനോഹരമാണ്. 2006 ലാണ് ഉദ്ഘാടനം ചെയ്തത്. കോഴഞ്ചേരി-തടിയൂർ റോഡിലൂടെ സഞ്ചരിച്ചാൽ ചരൽക്കുന്ന് ക്യാമ്പ് സെന്ററിൽ നിന്ന് ഒരു കിലോമീറ്റർ അകലെ ചരൽക്കുന്നേക്കാലിമലയുടെ സംഗമസ്ഥാനത്തുനിന്നാണ് അരുവിക്കുഴിയിലെ വെള്ളച്ചാട്ടത്തിന്റെ നീരൊഴുക്ക് ആരംഭിക്കുന്നത്. രണ്ട് തട്ടായി ഏതാണ്ട് 300 അടിയിലധികം താഴ്ചയിലേക്ക് കൂറ്റൻ പാറക്കെട്ടിലൂടെയാണ് പാൽക്കടൽതീർത്ത് വെള്ളം താഴെപ്പതിക്കുന്നത്. പഞ്ചപാണ്ഡവന്മാരുടെ വനവാസകാലത്ത് പാഞ്ചാലി അരി കഴുകി ഒഴിച്ച കുഴിയാണ് അരീക്കുഴി എന്നൊരു ഐതിഹ്യവും ഇവിടെയുണ്ട്.

പ്രമുഖ ക്യാംപ് സെന്റർ പ്രവർത്തിക്കുന്ന ചരൽക്കുന്നിനു സമീപത്തുള്ള ഈ അരുവിക്കുഴി വെള്ളച്ചാട്ടം ടൂറിസത്തിന് വരും നാളുകളിൽ മുതൽക്കൂട്ടാകുമെന്നതിന് സംശയമില്ല. സഞ്ചാരികൾക്കായി ടൂറിസം പ്രമോഷൻ കൗൺസിൽ ഇവിടെ അമിനിറ്റി സെന്റർ നിർമിച്ചിട്ടുണ്ട്. ■



■ വേണുഗോപാൽ സി.കെ.

# സഹ്യന്റെ മടിത്തട്ടിലൂടെ അഗസ്ത്യനെ തേടി...



## മനംകുളിർപ്പിക്കുന്ന അഗസ്ത്യകൂട യാത്രാനുഭവം

'അഗസ്ത്യാർകൂടത്തിലേക്കൊരു യാത്ര'! അത് മനസ്സിൽ ആദ്യമായി ഉദിച്ചത് രണ്ടു വർഷങ്ങൾക്കു മുൻപ് വനംവകുപ്പിന്റെ അനുമതിയോടെ വർഷംതോറും നടത്തുന്ന ആഗസ്ത്യാർകൂട യാത്രയെ സംബന്ധിച്ചുള്ള വാർത്താക്കുറിപ്പ് വായിച്ചപ്പോഴായിരുന്നു.

സീസൺ കഴിഞ്ഞതിനാൽ കൂടുതൽ ഫീസ് അടയ്ക്കേണ്ടിവന്നു. അഞ്ചു പേർക്ക് 4000 രൂപയാണ് രണ്ടു ദിവസത്തേക്കുള്ള നിരക്ക്. രണ്ട് ഗൈഡുകളുടെ സേവനവും ലഭ്യമാക്കും. കിറ്റ്സിലെ തന്നെ ജീവനക്കാരനായ ഷിബുവും രാജേന്ദ്രനും ആദർശും സംഘത്തിൽ ചേർന്നതോടെ ആ യാത്ര യാഥാർഥ്യമായി.

ആവശ്യത്തിന് ആഹാരവും വെള്ളവും കരുതിയിരുന്നു. വേട്ടമുക്കിലുള്ള വീട്ടിൽ നിന്നും എന്റെ പഴയ മാരുതിയിൽ യാത്രതിരിച്ചു. വഴിയിൽ കാത്തുനിന്നവരെ കയറ്റി വിതുര ലക്ഷ്യമാക്കി പ്രയാണം ആരംഭിച്ചു. വിതുരയിൽ പരിചയത്തിലുള്ള ഒരു നാടൻ ഹോട്ടലിൽ നിന്നു പ്രാതൽ കഴിച്ചശേഷം ബോണക്കാട്ടിലേക്കുള്ള റോഡിലേക്ക് വണ്ടിതിരിച്ചു. അപ്പോഴേക്കും ഏകദേശം മുപ്പത്തിയെട്ട് കിലോമീറ്റർ പിന്നിട്ടിരുന്നു. മുന്നോട്ട് പോകുംതോറും മനുഷ്യവാസം കുറഞ്ഞ പ്രദേശങ്ങളിലൂടെ ആയിരുന്നു യാത്ര. ഇടയ്ക്ക് വണ്ടിനിർത്തി പ്രകൃതിഭംഗി ആസ്വദിച്ചെങ്കിലും ആനപ്പിണ്ടം അതും, ആവിപറക്കുന്നതു കണ്ടപ്പോൾ ഉള്ളൊന്ന് കാളി! ആനയെ കാട്ടിൽ കാണുന്നതു പോലെ ഉദ്ദീപിപ്പിക്കുന്ന കാഴ്ച കുറവാണെങ്കിലും വിവേകത്തിനു മുൻതൂക്കം നൽകി തിരികെ കാറിൽ കയറി. കാടിന്റെ വശ്യതയേറിവന്നു. മനസ്സും ശരീരവും ആ കാനന കുളിരിൽ  തരളിതമായി. കുറേ കൂടി മുന്നോട്ടു പോയപ്പോൾ വനം വകുപ്പിന്റെ ചെക്ക്പോസ്റ്റായി. അവിടെ പണമടച്ചശേഷം മുന്നോട്ടുപോയാൽ, ഗൈഡുകളെ കാണാൻ സാധിക്കുമെന്ന വിവരം ലഭിച്ചു.

കുരിശടിയുടെ മുന്നിൽ വണ്ടി നിർത്തി പുറത്തിറങ്ങി. അവിടെ ബോണക്കാട് കാണി വിഭാഗത്തിൽപ്പെടുന്നവരുടെ ഊരുകൾ കാണാമായിരുന്നു. ഗൈഡുകളുടെ പേരുകൾക്ക് സാദൃശം. ദിനകർ ആന്റ് ദിനകർ. പേരിൽ തീർന്നു സാമ്യം. രൂപത്തിലും ഭാവത്തിലും അജഗജാന്തരം. പൊക്കമുള്ള ദിനകർ നല്ലതുപോലെ സംസാരിക്കും. പൊക്കം കുറഞ്ഞയാൾ മിതഭാഷിയും.

അവിടെ നിന്ന് രണ്ടു കിലോമീറ്റർ കാറിൽ പോയാൽ പിക്കറ്റ് സ്റ്റേഷനിലെത്താം. ഇവിടെ നിന്നാണ് കാൽനട യാത്ര ആരംഭിക്കുന്നത്. കാറിന്റെ മുൻചക്രങ്ങൾക്കിടയിലൂടെയുള്ള പാതനിറയെ ചെളിക്കുണ്ടുകൾ ആയതിനാൽ എന്റെ സകല ഡ്രൈവിങ് പാടവങ്ങളും  പുറത്തെടുക്കേണ്ടിവന്നു. പലപ്പോഴും ഭാഗ്യംകൊണ്ട് ചെളിയിൽ ടയർ ആഴ്ന്നുപോകാതെ രക്ഷപെട്ടു. ചില സ്ഥലങ്ങളിൽ ബാക്കിയുള്ളവരെ ഇറക്കിയശേഷം മുന്നോട്ടെടുക്കേണ്ടിവന്നു.

ദിനകർമാർ മുന്നിൽ ബൈക്കിൽ പോയിരുന്നു. കാറിൽ ഞങ്ങൾ പിന്നിലുമായി യാത്രതുടർന്നു. പിക്കറ്റ് സ്റ്റേഷൻ കുറച്ച് ഉയരത്തിലായിരുന്നെങ്കിലും വലിയ പ്രയാസമില്ലാതെ തന്നെ കാർ അവിടെ ഓടിച്ചുകയറ്റി പാർക്ക് ചെയ്തു.

ഷൂസുകൾ ധരിക്കാൻ തുടങ്ങിയപ്പോൾ അവിടുത്തെ ഫോറസ്റ്റ് ഗാർഡ് അത് ആവശ്യമില്ലെന്നു  പറഞ്ഞെങ്കിലും അവ ധരിച്ചു. കാടിലൂടെയുള്ള യാത്രയിൽ പാമ്പുകടി ഏൽക്കാൻ സാധ്യത ഏറെയുണ്ട്. എല്ലാവരും ആഹാര

സാധനങ്ങളും മറ്റും എടുത്ത് പുറം ചുമടാക്കി പിക്കറ്റ് സ്റ്റേഷനിൽ നിന്ന് കാട്ടുപാതയിലേക്കു ചുവടുവെച്ചു.

ആദ്യമേ ദിനകർ കുപ്പിയിൽ നിറച്ച വെള്ളം ഒഴുക്കിക്കളയാൻ പറഞ്ഞിരുന്നെങ്കിലും ഞങ്ങൾ കൂട്ടാക്കിയില്ല. 'എന്തൊക്കെയാണെങ്കിലും തിളപ്പിക്കാത്തതും ശുദ്ധീകരിക്കാത്തതുമായ വെള്ളമല്ലെ' ഏതൊരു നഗരവാസിക്കും തോന്നുന്ന ചിന്ത. ഒരു കുപ്പിയിൽ ഏകദേശം ഒരു ലിറ്റർ വെള്ളം കൊള്ളും. അതിനാൽ മൂന്നു കിലോയോളം ഭാരം ഞങ്ങൾ ഓരോരുത്തരും അധികം ചുമക്കുന്നുണ്ടായിരുന്നു. കാടിന്റെ ഭംഗി ആസ്വദിച്ചു മുന്നോട്ടു നടന്നപ്പോൾ ഉത്സാഹവും ഉന്മേഷവും വർധിച്ചതേയുള്ളൂ. ശുദ്ധവായു ശ്വസിച്ചപ്പോൾ ലഭിച്ച ഊർജം അനുഭവിച്ചറിയേണ്ട ഒന്നുതന്നെ. രണ്ടായിരത്തി പന്ത്രണ്ടിൽ യുനെസ്കോ വേൾഡ് ഹെറിറ്റേജായി ഈ മേഖല ഉൾപ്പെടുന്ന പശ്ചിമഘട്ടത്തെ അംഗീകരിച്ചത് കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ നേട്ടം തന്നെ. ഇവിടുത്തെ ജൈവ വൈവിധ്യം വിദേശികൾ പണ്ടേ തിരിച്ചറിഞ്ഞുവെങ്കിലും ഈ പ്രദേശം നമ്മുടെ ജീവന്റെ ഹൃദയതാളം നിലനിർത്താൻ ഉതകുന്നുവെന്ന് ഇനിയും നമ്മൾ മനസ്സിലാക്കിയിട്ടില്ല. ഈ തിരിച്ചറിവുണ്ടാകണമെങ്കിൽ ഇവിടെ സന്ദർശിക്കുക തന്നെ ചെയ്യണം. കുറച്ചുകൂടി മുന്നോട്ടു നീങ്ങിയപ്പോൾ ലാത്തിമോട്ട എന്ന സ്ഥലത്തെത്തി. ഇവിടം അഗസ്ത്യാർകൂടത്തിലേക്കുള്ള സീസൺ സമയത്ത് ഗാർഡുകൾ തങ്ങാറുള്ള താവളമാണ്. ചുറ്റും കിടങ്ങു കുഴിച്ചിട്ടുള്ളതിനാൽ ആനകളെ പേടിക്കേണ്ടതില്ല. കഴിഞ്ഞവർഷം ഒരു സഞ്ചാരിയെ കരടി ആക്രമിച്ചു കൊലപ്പെടുത്തിയശേഷം ഈ താവളങ്ങളിൽ വൈൽഡ് ലൈഫ് ഗാർഡുകളുടെ സാന്നിധ്യമുണ്ട്.

ചെറു അരുവികൾ കടന്ന് വീണ്ടും മുന്നോട്ട് ഏകദേശം നാല് കിലോമീറ്റർ പിന്നിട്ടപ്പോൾ വെള്ളമൊഴുക്കിന്റെ താളാത്മക സംഗീതം കാതുകളിൽ മുഴങ്ങി. 'അതാണ് കരമനയാർ' ദിനകർ മുന്നോട്ടു ചൂണ്ടിക്കൊണ്ട് പറഞ്ഞു. ഒരു പാറയിലൂടെ വലിഞ്ഞുകയറി കുന്നിൻചരിവിലൂടെ താഴെയിറങ്ങിയപ്പോൾ കരമനയാർ കാണാനായി. തിരുവനന്തപുരത്തിന്റെ സ്വന്തം കരമനയാർ. മുകളിൽ നിന്ന് ഒരു വെള്ളച്ചാട്ടമായി താഴെപ്പതിച്ച ആ അരുവി കരമന നദിയായി രൂപപ്പെടുന്നത് അത്ഭുതത്തോടെ നോക്കിനിന്നു. ഒരു കിലോമീറ്റർ മുകളിലാണ് ഉത്ഭവസ്ഥാനം. 'അവിടെ ചെന്നെത്തുക ദുഷ്കരം' ദിനകർ പറഞ്ഞു.

കുറച്ചു വെള്ളം കുടിച്ചപ്പോൾ ഒരു കാര്യം ബോധ്യമായി. ഗൈഡ് പറഞ്ഞത് ഒരു പരമാർഥം. ഈ ജലത്തിന്റെ അത്രയും ശുദ്ധത ഞാൻ എവിടെയും അനുഭവിച്ചിട്ടില്ല. എല്ലാവരും കുപ്പികളിൽ കരുതിയിരുന്ന വെള്ളം ഒഴുക്കിക്കളഞ്ഞു. 'ഇവിടെനിന്ന് ഇനി കാട്ടരുവികളെ മാത്രം ആശ്രയിച്ചായിരിക്കും മുന്നോട്ട്' ഞങ്ങൾ തീരുമാനിച്ചു.

നഗരത്തിൽ കുടിവെള്ളത്തിനു നെട്ടോട്ടമോടിയ ചിത്രം മനസ്സിൽ തെളിഞ്ഞു. വേനലിൽ നഗരം തിളച്ചുമറിയുമ്പോൾ ഇവിടെ ഭൂമിയിലെ സ്വർഗം ഞങ്ങൾക്കായി പച്ചപ്പ് വിരിച്ച ശീതളഛായയിൽ കുളിച്ചുനിൽക്കുന്നു. മുന്നോട്ടുള്ള പ്രയാണം തുടങ്ങുമ്പോൾ കാടിന്റെ രൂപത്തിലും ഭാവത്തിലും വിസ്മയകരമായ മാറ്റങ്ങൾ സംഭവിക്കുകയായിരുന്നു.

'ഇനി പുൽമേടാണ്' ഗൈഡ് പറഞ്ഞു. 'കുറച്ച് വിശ്രമിച്ചിട്ടു പോകാം'. മേൽപ്പറഞ്ഞതിന്റെ പൊരുൾ പിന്നീടാണ് പിടികിട്ടിയത്. കാട് പൊടുന്നനെ തുറസ്സായ മൈതാനംപോലുള്ള പ്രദേശത്തിന് വഴിമാറി. സഹ്യന്റെ മടിത്തട്ടിൽക്കൂടി മുന്നോട്ടു നീങ്ങി. ചുറ്റുമുള്ള പർവതശൃംഗങ്ങളുടെ ഇടയിൽ വിശാലമായ പുൽമേടുകൾ. ഈ പുല്ലുകളിൽ നിന്നാണ് പുൽതൈലം ഉണ്ടാക്കുന്നത്. കാറ്റിന് പുൽതൈലത്തിന്റെ ഗന്ധം. മനസ്സിന്റെയും ശരീരത്തിന്റെയും മാലിന്യങ്ങൾ ഈ കാറ്റിൽ ഇല്ലാതാകുന്നതുപോലെ വാക്കുകൾക്ക് അതീതമായ ഒരനുഭവം.

സൂര്യൻ തലയ്ക്കും മീതെ കത്തിജ്വലിക്കുമ്പോഴും തളർച്ച ഞങ്ങൾ അറിഞ്ഞില്ല. പതിനേഴു വർഷങ്ങൾക്ക് മുൻപ് എനിക്കു സംഭവിച്ച റോഡപകടം എന്റെ ചലനശേഷിയെ സാരമായി ബാധിച്ചിരുന്നു. കുറച്ചു വർഷങ്ങളായി സ്ഥിരമായി വ്യായാമം ചെയ്യുന്നതുമൂലം ശരീരം ശക്തി വീണ്ടെടുത്തിരുന്നു. ഈ യാത്രയ്ക്കിടയിൽ എനിക്ക് ഒരു കാര്യം ബോധ്യമായി. മനസ്സിനും ശരീരത്തിനും ഏൽക്കുന്ന മുറിവുകളുണങ്ങാൻ

ചെറു അരുവികൾ കടന്ന് വീണ്ടും മുന്നോട്ട് ഏകദേശം നാല് കിലോമീറ്റർ പിന്നിട്ടപ്പോൾ വെള്ളമൊഴുക്കിന്റെ താളാത്മക സംഗീതം കാതുകളിൽ മുഴങ്ങി. 'അതാണ് കരമനയാർ' ദിനകർ മുന്നോട്ടു ചൂണ്ടിക്കൊണ്ട് പറഞ്ഞു. ഒരു പാറയിലൂടെ വലിഞ്ഞുകയറി കുന്നിൻചരിവിലൂടെ താഴെയിറങ്ങിയപ്പോൾ കരമനയാർ കാണാനായി. തിരുവനന്തപുരത്തിന്റെ സ്വന്തം കരമനയാർ.





കാടിലൂടെയുള്ള യാത്രകൾ ഉത്തമ ഔഷധം തന്നെ.

പുൽമേടുകൾ താണ്ടി സഹ്യാദ്രിസാനുക്കളുടെ സൗന്ദര്യം നുകർന്ന് ഞങ്ങൾ വീണ്ടും കാടിനുള്ളിൽ പ്രവേശിച്ചു. ഇവിടെ നിന്നു മടക്കുകൾ ആരംഭിക്കുന്നു. 'ചില്ലറ കയറ്റം അല്ല സാറെ, ഇനി മടക്ക് ആണ്' ദിനകർ പറഞ്ഞപ്പോൾ ഇത്ര പ്രതീക്ഷിച്ചില്ല. മടക്ക് എന്ന വാക്കിനെ എന്തുകൊണ്ടും അന്വർഥമാക്കുന്ന ഭൂപ്രകൃതിയായിരുന്നു. പല തട്ടുകളിലായി ഭൂമി പ്രകൃതിയുമായി ഇഴുകിച്ചേരുന്ന ഒരു പ്രതിഭാസം. ഞങ്ങളുടെ ഊർജം മുഴുവൻ ചോർന്നുപോകുന്നതുപോലെ. ഇടയ്ക്കിടെ വിശ്രമിച്ചും മുഖം കഴുകിയും മുന്നോട്ടു ജാഗ്രതയോടെ നീങ്ങി. പെട്ടെന്ന് എന്തോ ഒന്ന് മുന്നിൽ വന്നുവീണു. നോക്കുമ്പോൾ ഒരു പച്ചിലപാമ്പ്. ഏതോ ഇരയെ വിഴുങ്ങിയതിനാൽ അതിന് അനങ്ങാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. കുറച്ചു നേരം അതിനെ ചുറ്റിപ്പറ്റിനിന്നശേഷം യാത്ര പുനരാരംഭിച്ചു. മടക്കുകൾ താണ്ടി വീണ്ടും ഒരു വെള്ളച്ചാട്ടത്തിനു മുന്നിലെത്തി. 'ഇവിടെ വിശ്രമിച്ച് ഭക്ഷണം കഴിക്കാം' ഞങ്ങൾ തീരുമാനിച്ചു. 'ഇതാണ് വഴുതപാണ്ടിയാർ' ഗൈഡ് പറഞ്ഞു. വെള്ളച്ചാട്ടത്തിനടിയിൽ നിന്നു മതിയാവോളം കുളിച്ചശേഷം ഭക്ഷണം കഴിച്ച് വിശ്രമിച്ച് യാത്ര തുടർന്നു.

ക്ഷീണമൊക്കെ പമ്പകടന്നിരുന്നു. അടുത്തത് അട്ടയാർ. ഇവിടെയും നീർചാലുകൾ പാറമടക്കുകളിലൂടെ ശുദ്ധജലം പ്രവഹിപ്പിക്കുന്നു. ഇവിടെ നിന്ന് മുന്നോട്ടു നീങ്ങിയപ്പോൾ കാട് പുൽമേടുകൾക്കായി വഴിമാറി. ഈ പുൽമേടിന് നേരത്തെ താണ്ടിയതിനോളം വിസ്തൃതിയില്ല. കാട്ടുകോഴികളെയും മുൻപ് കണ്ടിട്ടില്ലാത്തയിനം പക്ഷികളെയും കാണാൻ സാധിച്ചു. ഒരു ഭാഗത്തേക്ക് പ്രവേശിച്ചപ്പോൾ പെട്ടെന്ന് സന്ധ്യാനേരത്തിന്റെ പ്രതീതിയുണ്ടായി. നിബിഡവനം ആയിരുന്നു കാരണം. സൂര്യപ്രകാശം അധികം കടക്കാൻ കഴിയാത്തവിധം തിങ്ങിനിറഞ്ഞ കാട്.

ഈ പ്രദേശം താണ്ടി പിന്നെ പ്രവേശിച്ച ഭാഗത്ത് ചില പ്രതിഷ്ഠകൾ കണ്ടു. 'ഇത് നാഗരുടെ പ്രതിഷ്ഠയാണ്. ഇവിടെനിന്ന് ഇടത്തോട്ടു കാണുന്ന വഴിയാണ് പൊങ്കാലപ്പാറയിലേക്കുള്ളത്' - ദിനകർ പറഞ്ഞു. ക്യാംപിൽ നിന്ന് അഗസ്ത്യർകൂടം ഒരു കൊടുമുടിയായി കാണപ്പെട്ടു. മേഘങ്ങൾ കുറവായതിനാൽ വളരെ വ്യക്തമായി കാണാൻ സാധിച്ചു. ഇതിന്റെ അപ്പുറം തമിഴ്നാടാണ്. മറ്റൊരു വഴിയിലൂടെ കൊട്ടൂർ ഭാഗത്തുനിന്നും അതിരുമലയിലെത്താം.

ക്യാംപിന്റെ അടുത്തുള്ള പുൽമേടുകളിലൂടെ (നേരത്തെ കണ്ടതിനേക്കാൾ വ്യത്യസ്തമായവ) കടന്നാൽ ഒരു കാട്ടരുവിയുണ്ടെന്ന് ക്യാംപിന്റെ മേൽനോട്ടം വഹിക്കുന്ന മാത്തൻ കാണി പറഞ്ഞു. പിന്നെ മറ്റൊന്നും ആലോചിച്ചില്ല. നേരെ ആ സ്ഥലത്തേക്ക് നടന്നു. ഇവിടെ ആനയും കരടിയും ഇറങ്ങുന്ന സ്ഥലമാണ്' മാത്തൻ കാണി പറഞ്ഞപ്പോൾ കുറച്ച് ഭയം തോന്നിയെങ്കിലും അവിടെ ഒന്നു മുങ്ങിക്കുളിക്കാതെ വയ്യെന്ന് മനസ്സിൽ ഉറപ്പിച്ചു.

**പുൽമേടുകൾ താണ്ടി സഹ്യാദ്രിസാനുക്കളുടെ സൗന്ദര്യം നുകർന്ന് ഞങ്ങൾ വീണ്ടും കാടിനുള്ളിൽ പ്രവേശിച്ചു. ഇവിടെ നിന്നു മടക്കുകൾ ആരംഭിക്കുന്നു. 'ചില്ലറ കയറ്റം അല്ല സാറെ, ഇനി മടക്ക് ആണ്' ദിനകർ പറഞ്ഞപ്പോൾ ഇത്ര പ്രതീക്ഷിച്ചില്ല. മടക്ക് എന്ന വാക്കിനെ എന്തുകൊണ്ടും അന്വർഥമാക്കുന്ന ഭൂപ്രകൃതിയായിരുന്നു. പല തട്ടുകളിലായി ഭൂമി പ്രകൃതിയുമായി ഇഴുകിച്ചേരുന്ന ഒരു പ്രതിഭാസം.**

അതിമനോഹരം എന്ന വാക്ക് തീരെ പോരെന്ന് ഞാൻ പറയും. അത്രയ്ക്ക് അഭൗമമായ ഒരനുഭൂതി ആ നീരാട്ട് പ്രദാനം ചെയ്തു എന്നുമാത്രമേ പറയാൻ സാധിക്കൂ. കൂടെയുള്ള രാജേന്ദ്രന്റെ നിർബന്ധത്തിനു വഴങ്ങി കുളി അവസാനിപ്പച്ച ഞങ്ങൾ ക്യാംപിലേക്ക് മനസ്സില്ലാ മനസ്സോടെ മടങ്ങി. അന്ന് രാത്രി ദിനകർമാർ കഞ്ഞിയും പയറും ഉണ്ടാക്കി. കുളിരിൽ ചൂട് കഞ്ഞിയുടെ സ്വാദ് അതീവ ഹൃദ്യമായി തോന്നി. രാത്രി ഉറങ്ങാൻ ശ്രമിച്ചെങ്കിലും നന്നായി ഉറങ്ങാൻ കഴിഞ്ഞില്ല. പ്രധാന കാരണം എലി ശല്യം തന്നെ. കൂടെ പാമ്പും കാണും എന്ന ഭീതിയും.

അടുത്ത ദിവസം രാവിലെ തന്നെ അതിരുമലയിൽ നിന്ന് മലകയറ്റം ആരംഭിച്ചു. ശക്തമായ കാറ്റും പാറകളും. കയറ്റം ദുർഘടമായിരുന്നെങ്കിലും പൊങ്കാല പാറയിൽ വലിയ പരിക്കുകൾ കൂടാതെ എത്തി. ഈ പേര് വീഴാൻ കാരണം ഭക്തർ പൊങ്കാല ഉണ്ടാക്കുന്നത് ഇവിടെവെച്ചാണ്. ഇവിടെ ഇടുന്ന പൊങ്കാല കലങ്ങളിൽ ചുമന്ന് മുകളിലുള്ള അഗസ്ത്യപ്രതിഷ്ഠയ്ക്കു മുന്നിൽ അർപ്പിച്ചശേഷം മടങ്ങുന്നവർക്ക് രോഗശാന്തി ഉണ്ടാകുമെന്നാണ് വിശ്വാസം. ഈ വിശ്വാസം ശരിയാണെന്നു സാക്ഷ്യപ്പെടുത്തിയവർ നിരവധി.

പൊങ്കാലപ്പാറയിൽ നിന്നും അഗസ്ത്യാർ പ്രതിഷ്ഠയ്ക്കു മുന്നിലെത്തുമ്പോൾ ഞങ്ങൾ ബോണക്കാടുനിന്നും ഇരുപത്തിമൂന്നു കിലോമീറ്റർ പിന്നിട്ടിരുന്നു. സമുദ്രനിരപ്പിൽ നിന്നും രണ്ടായിരം മീറ്റർ മുകളിലാണ് നിൽക്കുന്നതെന്നത് അവിശ്വസനീയമായി തോന്നി.

ഇവിടെ നിന്നും അൽപ്പം മാറി താമരഭരണി നദി ഉത്ഭവിക്കുന്നു. തമിഴ്നാടന്റെ ഭാഗങ്ങളായ മണിമുത്താർ, അംബാസമുദ്രം തുടങ്ങിയ സ്ഥലങ്ങൾ ഇവിടെനിന്നു കാണാം.

അഗസ്ത്യരെ വന്ദിച്ചശേഷം താഴേക്കുള്ള പ്രയാണമാരംഭിച്ചു. തിരിച്ചുള്ള യാത്ര ദുഷ്കരമായിരുന്നു. കാല് ഒന്നു തെന്നിയാൽ മതി രണ്ടായിരം അടിയോളം താഴ്ചയിലേക്കു പതിക്കാം. അതിരുമലയിലെത്തി വിശ്രമിച്ച ശേഷം ഞങ്ങൾ മടക്കയാത്രയാരംഭിച്ചു.

വെള്ളച്ചാട്ടങ്ങളിലും നീർച്ചാലുകളിലും മുങ്ങിക്കുളിച്ച് ക്ഷീണമകറ്റിയുള്ള യാത്ര തികച്ചും ആനന്ദദായകമായിരുന്നു. പുൽമേടിൽ കുറച്ചകലെ കരടിയെ കണ്ടത് ഭയവും വിസ്മയവും ഒരുപോലെ ജനിപ്പിച്ചു. അവസാനമായി ഒന്നുകൂടെ അഗസ്ത്യർമുനി കനിഞ്ഞനുഗ്രഹിച്ച ഈ പ്രദേശത്തെ ഒരു നീർച്ചാലിൽ കുളിച്ചുകയറുമ്പോൾ ആകാശം മേഘാവൃതമായി. കറുത്തിരുണ്ട ആകാശം മഴമേഘങ്ങളാൽ പൂരിതമായി. അഗസ്ത്യാർകൂടം ആ പുതപ്പിൽ അപ്രത്യക്ഷമായി.

കാർ മുന്നോട്ടുനീങ്ങിത്തുടങ്ങിയപ്പോൾ മഴ ഞങ്ങളെയും പിന്തുടർന്നു. തുള്ളിതോരാത്ത മഴയിൽ പലതും ചർച്ചചെയ്തും ചിന്തിച്ചും ഡ്രൈവ് ചെയ്യുമ്പോൾ യാത്രാനുഭൂതികൾ ഒരു സുകൃതമായി മനസ്സിൽ പെയ്തിറങ്ങുകയായിരുന്നു. ■

■ പി.എം. മണി വെള്ളറട



# കാഴ്ചകൾ
## തിരുവനന്തപുരം ജില്ലയിലൂടെ

ചരിത്രം കളംവരയ്ക്കുന്ന അനന്തപുരി എന്നും സഞ്ചാരികളുടെ മനം കുളിർപ്പിക്കുന്ന നഗരിയാണ്. പടയോട്ടങ്ങൾ നിണം ചാർത്തിയ കൊട്ടാരങ്ങളുടെ അങ്കണങ്ങൾ ഒട്ടനവധി ഇവിടെ ദർശിക്കാനാകും. ലോകം പുകൾപെറ്റ നിരവധി വിനോദസഞ്ചാരകേന്ദ്രങ്ങൾ അനന്തപുരിയുടെ ഗരിമ വിളിച്ചോതുന്നു.

### കോയിക്കൽ കൊട്ടാരം

എ.ഡി. 17 ാം നൂറ്റാണ്ടിൽ പിറവിയെടുത്ത നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മൂന്ന് നൂറ്റാണ്ടിന്റെ സാക്ഷ്യപത്രങ്ങൾ നിവർത്തുന്നു. തൃപ്പാപ്പൂർ സ്വരൂപത്തിന്റെ ശാഖയും പേരകത്തായ്‌വഴിയുടെ ആസ്ഥാനവും മറ്റൊന്നല്ല.

1578 മുതൽ 1582 വരെ തിരുവിതാംകൂർ ഭരിച്ചിരുന്ന ഉദയമാർത്താണ്ഡവർമ പേരകത്തായ്‌വഴിയിൽ നിന്നും ദത്തെടുക്കപ്പെട്ട രാജാവായിരുന്നു. നാലുകെട്ട് ആകൃതിയിൽ കാണപ്പെടുന്ന കൊട്ടാരം എഡി 1677 മുതൽ 1689 വരെ വേണാട് രാജവംശത്തിന്റെ പ്രധാന ആസ്ഥാനമായിരുന്നു. സ്വാതന്ത്ര്യാനന്തരം 1978 ൽ കൊട്ടാരം പുരാവസ്തുവകുപ്പ് ഏറ്റെടുത്തതോടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി നെടുമങ്ങാട് കോയിക്കൽ കൊട്ടാരം.



ഈ പുരാവസ്തു മ്യൂസിയത്തിലേക്ക് അനന്തപുരിയിൽ നിന്നും 21 കിലോമീറ്റർ ദൈർഘ്യം മാത്രം. വെമ്പായം, വെള്ളറട, കള്ളിക്കാട്, ആര്യനാട് വഴിയും നെടുമങ്ങാടെത്താം.

### പൊൻമുടി

സഞ്ചാരികളുടെ പ്രിയപ്പെട്ട പ്രദേശമാണ് പൊൻമുടി. ക്ഷണിക്കാതെ നിലംതൊടുന്ന ഇളമാരിയും തൂവെള്ള മാറാപ്പുകളിൽ മൂടിപ്പുതയ്ക്കുന്ന മുകിൽവൃന്ദവും നിശബ്ദ താഴ്‌വരയുടെ ഹൃദ്യതയും ഏറെ ചേതോഹാരമാണ്.

പ്രതിധ്വനികൾ അലയടിക്കുന്ന സഹ്യാദ്രിമേടുകൾ, ഗോൾഡൻവാലി, തേയിലക്കാടുകൾ, മാൻപാർക്ക്, ഉദ്യാനപാർക്ക് വിശ്രമഗേഹങ്ങൾ, ഹെറിറ്റേജുകൾ, രാത്രിയുടെ നിഗൂഢതകളിൽ കടന്നുവരുന്ന കാട്ടുകാളകൾ, മാൻകൂട്ടങ്ങൾ, ഇവയെല്ലാം പൊൻമുടിയുടെ ഗാംഭീര്യതയും വശ്യമനോഹാരിതയും വിളിച്ചോതുന്നവയാണ്.

പ്രകൃതി വർണങ്ങളിൽ ചാലിച്ചെടുത്ത ഒരു ശാലീന സുന്ദരിയാണ് പൊൻമുടി (golden hair). തമിഴ്നാട്ടിലെ ഊട്ടിക്കു സമാനമായ പ്രാപഞ്ചിക വിസ്മയം.

തിരുവനന്തപുരത്തുനിന്നും 60 കിലോമീറ്റർ വടക്കുകിഴക്കാണ് സഞ്ചാരികളുടെ ഈ പറുദീസ. നെടുമങ്ങാട് - വിതുര - കല്ലാർ വഴി പൊൻമുടിയുടെ നെറുകയിലെത്താം.

### അഗസ്ത്യമല



ലോകത്തെ രണ്ടാം സ്ഥാനം വഹിക്കുന്ന ജനിതകമേഖല. 161 പ്രപഞ്ച മഴക്കാടുകളിൽ പ്രഥമൻ. നീലിമയിൽ പൂണൂലിട്ട കാട്ടരുവികൾ, താരാട്ട് പാടിയുറക്കുന്ന വിശ്വത്തിന്റെ കേരളീയസദനമായ മാമുനിമേട്, 200 ഇനത്തിൽപ്പരം ഓർക്കിഡുകൾ, 2400 ഇനം ഔഷധസസ്യങ്ങൾ ഇത്തരത്തിൽ വൈവിധ്യങ്ങളുടെ കലവറയാണ് അഗസ്ത്യമല. സമുദ്രനിരപ്പിൽ നിന്നും 2000 മീറ്റർ ഉന്നതിയിൽ സ്ഥിതിചെയ്യുന്നു. കളരി, മർമം, ആയോധനകലകൾ, സാഹിത്യം, ശാസ്ത്രങ്ങളുടെയും ശ്രേഷ്ഠനായ അഗസ്ത്യമുനിയുടെ നാലടി ഉയരമുള്ള ശിലയും പ്രധാന ആകർഷണങ്ങളിൽ നിറം പകരുന്നു. മിന്നിമറയുന്ന മഴമേഘങ്ങൾ, ഇടക്കിടെയുള്ള ചാറ്റൽമഴ, അത്യപൂർവങ്ങളായ പക്ഷിക്കൂട്ടങ്ങൾ, ജന്തുജാലങ്ങൾ തുടങ്ങി സഞ്ചാരികളുടെ മനം കുളിർപ്പി

ക്കുന്ന ധാരാളം മായക്കാഴ്ചകൾ.

ജനുവരി മുതൽ മാർച്ച് വരെയാണ് സഞ്ചാരികൾക്ക് പ്രവേശനാനുമതി നൽകുന്നതെങ്കിലും ഫോറസ്റ്റ് ഓഫീസ് ആസ്ഥാനമന്ദിരമായ തിരുവനന്തപുരം വഴുതക്കാട് ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയിൽ പ്രത്യേക അനുമതിയോടെ സഞ്ചാരികൾക്ക് ബോണക്കാട് വഴി മറ്റു ദിവസങ്ങളിലും പ്രവേശിക്കാം. ഫീസ് ആളൊന്നിന് 500 രൂപ.

## കോവളം ബീച്ച്

ലോക ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം പിടിച്ച കോവളം ബീച്ച് കാണാത്ത സഞ്ചാരികളുണ്ടാവില്ല. തിരമാലയില്ലാത്ത സംസ്ഥാനത്തെ ഏക ബീച്ചാണിത്. സൂര്യോദയവും അസ്തമയവും ഇവിടെ നിന്നും കാണാം. ഇവിടുത്തെ ഹവ്വാബീച്ച് ഏറെ ആകർഷകമാണ്. ലൈറ്റ് ഹൗസും ഈ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ മഹിമ വിളിച്ചോതുന്നു.

തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നു പത്തു കിലോമീറ്ററും കിഴക്കേകോട്ടയിൽ നിന്ന് 16 കിലോമീറ്ററും അകലെ സ്ഥിതിചെയ്യുന്ന കോവളം സഞ്ചാരികളുടെ പറുദീസയാണ്.

## വിഴിഞ്ഞം

ചെറുകുന്നുകളും താഴ്വാരങ്ങളും തെങ്ങിൻ തോപ്പുകളും കൊണ്ട് ഏറെ കമനീയമാണ് വിഴിഞ്ഞം. മുത്തുച്ചിപ്പികളുടെ സംഗമം ഒരുക്കുന്നു. കോവളത്തുനിന്നും അഞ്ചു കിലോമീറ്റർ മാത്രം. പ്രധാന മത്സ്യബന്ധനകേന്ദ്രമായ വിഴിഞ്ഞം ലോകത്തെ ഏറ്റവും ആഴം കൂടിയ തുറമുഖങ്ങളിലൊന്നാണ്. ശിൽപചാതുര്യം ആവോളം വിളമ്പുന്ന ഗുഹാക്ഷേത്രങ്ങളും, പാറക്കൂട്ടങ്ങളും സഞ്ചാരികളെ മാടിവിളിക്കുന്നു.

## ചൊവ്വര

കോവളത്തുനിന്നും എട്ടു കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ചൊവ്വര പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങളിലൊന്നാണ്. അനന്തനീലിമയിലും പട്ടുടയാടകളുടെ തിളക്കം സഞ്ചാരികളിൽ അനുഭൂതികളുടെ വേലിയേറ്റങ്ങൾ സൃഷ്ടിക്കും. മാതാവിന്റെ അതിപുരാതന പള്ളിയും അയ്യപ്പക്ഷേത്രവും പ്രത്യേകതകളിൽ ചിലതു മാത്രം.

## പൂവാർ

കോവളത്തുനിന്നും 12 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന പൂവാർ നെയ്യാറിന്റെ സംഗമതീരമാണ്. ലോകഭൂപടത്തിൽ സ്ഥാനം പിടിക്കാനൊരുങ്ങുന്ന പൊഴിക്കര. കപ്പൽനിർമാണ കേന്ദ്രങ്ങളിലൊന്നായി ഉയരാൻ പൂവാർ ഒരുക്കം തുടങ്ങി.

ടൂറിസ്റ്റ് കോട്ടേജുകൾ, ആയുർവേദ മസാജ് സെന്ററുകൾ, പഞ്ചകർമ ചികിത്സാ കേന്ദ്രങ്ങൾ അയോധന പാഠശാല, ഭാവിയിലെ വ്യവസായ തുറമുഖം. ആരെയും മോഹിപ്പിക്കുന്ന കൊടിതൂക്കിമലയും പൂവാറിനെ കേളികൊട്ടിയുണർത്തുന്നു.

## വർക്കല

പാപനാശമെന്നും തെക്കൻ കാശിയെന്നും പുകൾപെറ്റ സുന്ദരതീരം. ധാതുമണൽപ്പുറങ്ങൾ. ആഴിയുടെ നിശബ്ദതീരങ്ങൾ. വിസ്മയം തീർത്ത് ഉല്ലാസമാടുന്ന തുരങ്കങ്ങളിലൂടെ ബോട്ട് യാത്ര അനുഭൂതികളുടെ തൂനിലാവൊളിയാണെങ്ങും.

യോഗാ കേന്ദ്രങ്ങൾ, കഥകളി കേളികൾ, മഹിനിയാട്ട ശാലകൾ, കടലും കായലും മന്ത്രിക്കുന്ന നൂപുരധ്വനികൾ... വർക്കല... സഞ്ചാരിയുടെ ഒരു മാനസസരോവരം. തിരുവനന്തപുരത്തുനിന്നും 56 കിലോമീറ്റർ. കൊല്ലത്തുനിന്നും 35 കിലോമീറ്റർ.

## ശംഖുമുഖം

തിരുവനന്തപുരത്ത് നിന്നും എട്ടു കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ശംഖുമുഖം കടലോരങ്ങൾ പകരുന്നത് അസ്തമയ സന്ധ്യയുടെ ചാടക്കൂട്ടങ്ങൾ. അസ്തമയദൃശ്യങ്ങൾ ക്യാമറയിൽ പകർത്തി ഉല്ലാസമണിയാൻ മത്സ്യബന്ധന ദൃശ്യങ്ങളും ഏറെ. മീൻ പിടിക്കുന്ന രംഗങ്ങളും അവ കരയ്ക്കു കയറ്റുന്ന രംഗങ്ങളും അടുത്തുനിന്നും കാണാം.

35 മീറ്റർ ഉയരമുള്ള മത്സ്യകന്യകയുടെ പൂർണകായ ശിൽപം കണ്ടാനന്ദിക്കാത്തവരില്ല. ചാച്ചാ നെഹ്റു ട്രിയിനിങ് പാർക്കും മറ്റൊരു ആകർഷണകേന്ദ്രം തന്നെ.

## വേളി ടൂറിസ്റ്റ് വില്ലേജ്

അനന്തപുരിയിൽ നിന്നും 12 കിലോമീറ്റർ മാറി അറബിക്കടലിനോട് കിന്നാരം ചൊല്ലി രമിക്കുന്ന പ്രാപഞ്ചികയുടെ ഒരു സ്വപ്നതീരം. കരിമീനുകൾ തിമിർത്ത് രസിക്കുന്ന വേളി കായൽ. തലങ്ങും വിലങ്ങും തലയുയർത്തി നിൽക്കുന്ന കേരവൃക്ഷങ്ങൾ. കാനായി കുഞ്ഞിരാമൻ കൊത്തിയ ഗ്രാമീണ സുന്ദരിയുടെ ശയനശിൽപം അതീവ ഹൃദ്യമാണ്.

പൊഴിമുഖങ്ങൾ അടയുന്നതും തുറക്കുന്നതും സഞ്ചാരികൾക്ക് പുതുമയാർന്ന വിരുന്നാണ്. കുട്ടികളുടെ പാർക്ക്, ഉല്ലാസ ബോട്ട് യാത്ര, സ്പീഡ് ബോട്ട്യാത്രകളും ഇവിടെയുണ്ട്.

## ആക്കുളം വിനോദസഞ്ചാര ഗ്രാമം

തലസ്ഥാന നഗരിയിൽ നിന്നും അകലം 10 കിലോമീറ്റർ. കരിമണൽപ്പരപ്പിന്റെ അനന്തത. ചൂളമടിക്കുന്ന ഇളം തെന്നൽ. ഉല്ലസ ബോട്ടുകൾ, പെഡിൽ ബോട്ടുകൾ, തുഴവള്ളങ്ങൾ, നീന്തൽക്കുളം, കുട്ടികളുടെ പാർക്ക് എന്നിവ ഇവിടെയുണ്ട്. പ്രവേശന ഫീസ് മുതിർന്നവർക്ക് 15 രൂപയും കുട്ടികൾക്ക് അഞ്ചു രൂപയുമാണ്.

## നെയ്യാർ ഡാം

നെയ്യാറും കരിപ്പയാറും വള്ളിയാറും മുല്ലയാറും ഒന്നിക്കുന്ന സഹ്യന്റെ മടിത്തട്ടാണ് നെയ്യാർ ഡാം.

പിക്നിക് ഹാൾ, ചിൽഡ്രൻസ് പാർക്ക്, സ്വിമ്മിങ് പൂൾ, ഭയാനകജലജീവികളായ പിരാനയുടെയും ചിങ്കണ്ണികളുടെയും വിഹാരകേന്ദ്രമായ നെയ്യാർ അക്വേറിയത്തിൽ മിസ് കേരള ഉൾപ്പടെ 200 ഇനം മത്സ്യങ്ങളുണ്ട്. അത്യാകർഷകങ്ങളായ വിവിധയിനം ശിൽപങ്ങൾ, ഉദ്യാനങ്ങൾ, തല ഉയർത്തി നിൽക്കുന്ന ഗോപുരങ്ങൾ, ചിങ്കണ്ണി പാർക്ക്, സഫാരി പാർക്ക്, മാൻ പാർക്ക് ഇന്നിവയ്ക്കു പുറമെ ബോട്ട് ക്ലബ്ബും ഇവിടെയുണ്ട്. സഞ്ചാരികൾക്ക് ഇവിടെ എത്താൻ തിരുവനന്തപുരത്തുനിന്നും 40 കിലോമീറ്റർ സഞ്ചരിക്കണം. ■




■ എ.വി. ഫർദിസ്

**ലൂയി പാസ്ചറുടെ 191-ാം ജന്മദിനമാണ് സെപ്റ്റംബർ 28**

# മാരകബാധകളെ തുരത്തിയ ശാസ്ത്രജ്ഞൻ

നീ പേപിടിച്ച് മരിക്കട്ടെ... പണ്ടുകാലങ്ങളിൽ ഗ്രാമങ്ങളിൽ കേട്ടിരുന്ന ഒരു ശാപവാക്കായിരുന്നിത്. ഒരു കാലഘട്ടം വരെ മിക്കവാറും പേബാധയേറ്റവരെല്ലാം ഇങ്ങനെ പേബാധ മൂർച്ഛിച്ച് മരണമടയുന്ന അവസ്ഥ തന്നെയായിരുന്നു ലോകമൊന്നാകെ. വായിൽ നിന്നും നുരയും പതയും പൊങ്ങി തീർത്തും മറ്റുള്ളവരെ ഭീതിദമാക്കിയിട്ടായിരുന്നു ഇത്തരം മരണങ്ങൾ. ഇന്നത്തെ തലമുറയിൽ പലർക്കും നേരിട്ടു കണ്ട അനുഭവമില്ലെങ്കിലും സിനിമകളിലും മറ്റും കണ്ടിട്ടുണ്ടാകാം.

എന്നാൽ ഇന്ന് നമുക്ക് പേരിനുപോലും ഇത്തരമൊരു കാഴ്ച നമ്മുടെ ചുറ്റുപാടിലുണ്ടാവില്ല. ഇത് എങ്ങനെ സാധിച്ചുവെന്നതിനെക്കുറിച്ച് ആലോചിക്കുമ്പോഴാണ് മഹാനായ ശാസ്ത്രജ്ഞൻ ലൂയി പാസ്ചറുടെ ഈ രംഗത്തുള്ള സംഭാവനയെ നമുക്ക് പ്രകീർത്തിക്കേണ്ടിവരുന്നത്.


ലൂയി പാസ്ചർ

പേവിഷബാധ (ആന്റിറാബീസ്) വാക്സിന്റെ കണ്ടുപിടുത്തമാണ് സാധാരണക്കാരെ ഈ ശാസ്ത്രജ്ഞനോട് കൂടുതൽ അടുപ്പിക്കുന്നത്. മൈക്രോബയോളജി എന്ന ജീവശാസ്ത്രശാഖയ്ക്കാണ് അദ്ദേഹത്തിന്റെ കൂടുതൽ സംഭാവനകൾ ലഭിച്ചത്. കുട്ടികളെ മരണത്തിനു കീഴ്പ്പെടുത്തുന്ന പ്രത്യേകതരം പനിക്കുള്ള പ്രധാനമരുന്ന് കണ്ടെത്തിയതുൾപ്പെടെ.

ശാസ്ത്രലോകത്ത് പാസ്ചർ കൂടുതൽ അറിയപ്പെടുന്നത് പാൽ കേടാകുന്നത് തടയുന്ന പാസ്ചറൈസേഷൻ പ്രക്രിയയുടെ ഉപജ്ഞാതാവെന്ന നിലയിലാണ്. ഇതോടു കൂടിയാണ് മൈക്രോബയോളജിയുടെ മൂന്ന് സ്ഥാപകന്മാരിലൊരാളായി ഇദ്ദേഹത്തെയും ശാസ്ത്രലോകം വിലയിരുത്താൻ തുടങ്ങിയത്. രസതന്ത്ര ശാസ്ത്രത്തിനും അദ്ദേഹത്തിന്റേതായി ധാരാളം കണ്ടുപിടുത്തങ്ങൾ ലഭിച്ചിട്ടുണ്ട്.

ഫ്രാൻസിലെ ഡോളിൽ 1822 ഡിസംബറിലാണ് ലൂയീസ് ജീൻ പാസ്ച്ചർ എന്ന ലൂയി പാസ്ചർ ജനിച്ചത്. എന്നാൽ പഠിച്ചതും വളർന്നതുമെല്ലാം ആരോബീസ് പട്ടണത്തിലാണ്. ഈ സ്മരണ നിലനിർത്താൻ വേണ്ടിയാണ് പലപ്പോഴും അദ്ദേഹത്തിന്റെ പേരിലുള്ള പാസ്ച്ചർ മ്യൂസിയം ഇവിടെ സ്ഥിതിചെയ്യുന്നത്. 1849 ലാണ് അദ്ദേഹം മാരി ലോറന്റിനെ വിവാഹം കഴിക്കുന്നത്. ഇവർക്ക് അഞ്ചു കുട്ടികളുണ്ടായെങ്കിലും മൂന്നുപേർ ചെറുപ്പത്തിൽ തന്നെ മരണപ്പെടുകയായിരുന്നു. ജീവിതാന്ത്യം വരെ തികഞ്ഞ കത്തോലിക്കാ വിശ്വാസിയായിരുന്നു അദ്ദേഹം.

ജേം തിയറിപോലെ തന്നെ പ്രശസ്തമാണ് അദ്ദേഹത്തിന്റെ പല കണ്ടുപിടുത്തങ്ങളും. പുറമെ നിന്നുള്ള രോഗാണുക്കൾ മനുഷ്യശരീരത്തിലെ രോഗാണുകേന്ദ്രീകൃതമായ ഭാഗങ്ങളിൽ എത്തുമ്പോൾ എങ്ങനെ അധികരിക്കുന്നുവെന്നതിനെക്കുറിച്ചുള്ളതാണ് തിയറി ഓഫ് സ്പോണ്ടേനിയസ് ജനറേഷൻ. 1862 ലാണ് അദ്ദേഹവും ക്ലോഡ് ബെർണോഡും കൂടി പാസ്ചറൈസേഷൻ എന്ന പരീക്ഷണം ആദ്യമായി നടത്തുന്നത്. ഫ്രാൻസിലെ ആലാസിൽ പട്ടുനൂൽപ്പുഴുക്കൾ ധാരാളമായി കൊല്ലപ്പെടാൻ തുടങ്ങിയതോടെയാണ് ജൈവരോഗാണുക്കൾ കാരണമാണ് ഇത്തരമൊരു മരണമുണ്ടാകുന്നതെന്ന് അദ്ദേഹത്തിന് തെളിയിക്കാൻ കഴിഞ്ഞത്. ഇങ്ങനെയാണ് അദ്ദേഹം പ്രശസ്തമായ ആനിറോ ബയോസിസിസ് എന്ന തന്റെ സിദ്ധാന്തം ശാസ്ത്രലോകത്തിന് മുന്നിൽ സമർപ്പിക്കുന്നത്. അന്നാദ്യമായാണ് ചെറിയ കീടങ്ങൾ ഓക്സിജന്റെ സാന്നിധ്യമില്ലാതെ ജീവിക്കുകയും മറ്റും ചെയ്യുമെന്ന് തെളിയിക്കുന്നത്.

1870 ൽ ഇദ്ദേഹം നടത്തിയ പ്രധാന കണ്ടുപിടുത്തമാണ് കന്നുകാലികളിലെ ആന്ത്രാക്സിനെതിരെയുള്ള രോഗപ്രതിരോധ മാർഗം. ബാസിലസ് ബാക്ടീരിയയ്ക്കെതിരെയുള്ള വാക്സിൻ നിർമാണത്തിൽ അദ്ദേഹത്തിന് പിന്നീട് പേറ്റന്റ് ലഭിച്ചു.

ഇതിനുശേഷം വസൂരിക്കും ഗോവസൂരിക്കുമെതിരെയെല്ലാമുള്ള വാക്സിനുകൾ അദ്ദേഹം കണ്ടെത്തി. പേ വിഷബാധയ്ക്കു കാരണമായ റാബീസിനെതിരെയുള്ള വാക്സിൻ അദ്ദേഹം മുയലുകളിലൂടെ കണ്ടെത്തിയാണ് മനുഷ്യരിൽ ആദ്യമായി പരീക്ഷിക്കുന്നത്. പട്ടിയുടെ കടിയേറ്റ ഒൻപതുവയസ്സുകാരൻ ജോസഫ് മെസ്റ്ററിലാണ് അദ്യമായി പാസ്റ്റർ റാബീസിനെതിരെയുള്ള വാക്സിൻ പ്രയോഗിക്കുന്നത്. ഒൻപതു നായ്ക്കളിൽ പരീക്ഷിച്ചശേഷമായിരുന്നിത്. ഒരു ഡോക്ടറില്ലാതെ മെസ്റ്ററിനെ ചികിത്സിച്ചാൽ വൻ ശിക്ഷ നേരിടേണ്ടിവരുമെന്ന ഭീഷണി നിലനിൽക്കെയാണ് പാസ്ചർ ഈ ബാലനെ സധൈര്യം സുഖവാനാക്കുന്നത്.

1885 ൽ മൈക്രോബയോളജിയിലെ പ്രധാന പുരസ്കാരമായ 'ലീ വ്യൂഹുക്ക്' പുരസ്കാരം നൽകിയാണ് പാസ്ചറെ ലോകം ആദരിച്ചത്. ഇതിനുശേഷം ഗ്രാന്റ് ക്രോയിക്സ് ബഹുമതി ഫ്രഞ്ച് സർക്കാർ അദ്ദേഹത്തിന് നൽകി. 1868 മുതൽ വിടാതെ പിന്തുടർന്നിരുന്ന അസുഖങ്ങൾ 1895 സെപ്റ്റംബർ 28 ആകുമ്പോഴേക്കും അദ്ദേഹത്തെ മരണത്തിന് കീഴടക്കി. എന്നാൽ ഇപ്പോഴും ഈ മഹാനായ ശാസ്ത്രജ്ഞന്റെ സംഭാവനകളുടെ പാരമ്പര്യം കാത്തുസൂക്ഷിക്കുകയാണ് ഫ്രാൻസിലുള്ള പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ട്. ■

■ ആർ. ജയകുമാർ





# സദ്യവട്ടത്തിലെ ഓണപ്പെരുമ

ഉണ്ടറിയണം ഓണം എന്നാണ് ചൊല്ല്. ഓണസദ്യയുടെ ചരിത്രമാവട്ടെ കേരള കാർഷിക വ്യവസ്ഥയുടെ കൃത്യമായ അടയാളവുമാണ്. കൊയ്ത്ത് കഴിഞ്ഞ് പത്തായങ്ങളിൽ നെല്ല് നിറയുമ്പോൾ ജന്മിക്കെന്നതുപോലെ അടിയാളനും ഒരു പങ്ക് കിട്ടുകയും ആണ്ടിലൊരിക്കലെങ്കിലും കുടുംബാംഗങ്ങളെ അത്യാവശ്യം സമൃദ്ധിയോടെ ഊട്ടാനും കിട്ടുന്ന ഒരു ദിവസം. ബാക്കി ദിനങ്ങളിൽ കാത്തിരിക്കുന്ന പട്ടിണിയെ അവൻ അങ്ങനെ മറവിയിൽ തള്ളിയിരിക്കണം. 'കാണം വിറ്റും ഓണം ഉണ്ണണം' എന്ന പഴഞ്ചൊല്ലിന്റെ പിന്നിലും ഈ ചരിത്രമുണ്ട്. ഓണസദ്യയുടെ പല വിഭവങ്ങളിലും ദേശാന്തര വ്യത്യാസമുണ്ടെങ്കിലും പച്ചക്കറികളുടെ ഏകദേശം ഏകീകൃത ആഹാരശൈലിയാണ് പിന്തുടരുന്നത്. (മലബാറിന്റെ പലഭാഗങ്ങളിലും ഓണത്തിനും വിഷുവിനും സദ്യയ്ക്ക് മാംസവിഭവങ്ങൾ പ്രധാനമാണെന്നതും ശ്രദ്ധിക്കുക)

സമൃദ്ധമായ കാർഷിക ഉത്പന്നങ്ങളുടെ വിളവെടുപ്പുകാലമാണ് ഈ സദ്യയുടെ പിന്നിലെന്ന് വ്യക്തം. പഴയകാലത്ത് ആണ്ടിലൊരിക്കൽ പപ്പടവും, ഉപ്പേരിയും കൂട്ടാനുള്ള അവസരമായിരുന്നു ഇത്. ഇന്ന് സദ്യകളും വിവിധതരം ഭക്ഷണശൈലികളുമെല്ലാം സാധാരണയായതോടെ ഓണമുണ്ണുന്നതിനോടുള്ള ആവേശം കുറഞ്ഞിരിക്കുന്നു. എങ്കിലും കൂട്ടായ്മയുടെ നിറവിൽ ഇത്ര കേമമായ ഊണ് വേറെയില്ല.

ഓണസദ്യ ഉണ്ടാക്കുന്നതിൽ പെരുമകേട്ടവർ നിരവധിയുണ്ട്. അന്തരിച്ച തൃപ്പൂണിത്തുറ ഹരിതമ്പാൻ, പഴയിടം മോഹനൻ നമ്പൂതിരി, അനന്തൻരാമൻ പോറ്റി അങ്ങനെ എത്രയോ പേരുടെ പാചകനൈപുണ്യം മലയാളികൾ തൊട്ടറിഞ്ഞിട്ടുണ്ട്. ഓണസദ്യ വീട്ടിൽ ഉണ്ടാക്കാൻ കഴിയാത്ത തിരക്കുള്ള ഫ്ളാറ്റുവാസികൾക്കും മറ്റും അവരുടെ സദ്യ കിറ്റുകൾ ഏറെ അനുഗ്രഹമാവുന്നു.

അറുപതു വർഷത്തെ പാരമ്പര്യമാണ് തൃപ്പൂണിത്തുറ സുനിതമ്പാൻ പിന്തുടരുന്നത്. കീർത്തികേട്ട ഹരിതമ്പാന്റെ മൂന്ന് മക്കളിൽ രണ്ടാമത്തെയാളാണ് സുനി. 'പാലടഹരി' എന്ന ഓമനപ്പേരിലാണ് ഹരിതമ്പാൻ അറിയപ്പെട്ടിരുന്നു. അട അരിയുന്ന 'നെറ്റ്' അദ്ദേഹത്തിന്റെ കണ്ടെത്തലായിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ പാലടയുടെ പാചകക്കുറിപ്പ് ചുവടെ.

## പാലടപ്രഥമൻ
## (അഞ്ച് ഗ്ലാസ് പായസത്തിന്)



| | | |
|---|---|---|
| പശുവിൻ പാൽ | : | രണ്ടര ലിറ്റർ (പാലടയുടെ യഥാർഥ ഗുണവും നിറവും ലഭിക്കണമെങ്കിൽ ഇത്രയും പാൽ ആവശ്യമാണ്) |
| ഉണക്കലരി | : | 300 ഗ്രാം |
| വെളിച്ചെണ്ണ | : | 50 മില്ലി |
| പഞ്ചസാര | : | 400 ഗ്രാം |
| വാഴയില (തുണ്ടൻ) | : | മൂന്ന് എണ്ണം (ഇടത്തരം) |

### തയാറാക്കുന്നവിധം

അരി നന്നായി പൊടിച്ച് ആവശ്യത്തിന് വെള്ളം ചേർത്ത് കുഴച്ച് അൽപം പഞ്ചസാരയും എണ്ണയും ചേർക്കുക. നന്നായി മയപ്പെടുത്തിയ മാവ് കഷ്ണങ്ങളാക്കി വെച്ചിരിക്കുന്ന ഇലയിൽ കൈവിരലിനിടയിലൂടെ തൂവുക. ശേഷം ഇല റോൾപോലെ മടക്കി അധികം മുറുക്കാതെ വാഴനാരുകൊണ്ട് കെട്ടിവെക്കണം. തിളപ്പിച്ചെടുത്ത ചൂടുവെള്ളത്തിൽ കുറച്ചുസമയം ഇത് ഇട്ടുകഴിയുമ്പോൾ അട പാകപ്പെടും. അൽപ്പസമയത്തിനുശേഷം അടയെടുത്ത് ചെറുതായി അരിഞ്ഞുവെക്കണം.പാൽ നന്നായി പഞ്ചസാരയിട്ട് തിളപ്പിച്ച് കഴിയുമ്പോൾ ബ്രൗൺ നിറമാകും. ഇതിലേക്ക് അടയിട്ട് അഞ്ചു മിനിട്ട് കൂടി തിളപ്പിക്കുക. തവികൊണ്ട് പാൽ കോരുമ്പോൾ ഇറ്റിറ്റ് വീഴുന്നുണ്ടെങ്കിൽ പാലടപ്രഥമൻ റെഡി.

മധ്യതിരുവിതാംകൂറിൽ പ്രഥമനും കാളനും പരിപ്പുകറിയും സാമ്പാറും പച്ചമോരും സദ്യയ്ക്ക് നിർബന്ധമാണ്. നാക്കിലയാണ് ഓണസദ്യയ്ക്ക് ഉപയോഗിക്കുന്നത്. വിഭവങ്ങൾ വിളമ്പുമ്പോൾ ഒരു ക്രമമുണ്ട്. ഇടതുവശം മുകളിൽ ഉപ്പേരി, പപ്പടം എന്നിവയും ഉപ്പേരി, കാളൻ, ഓലൻ, എരിശേരി, നടുക്ക് ചോറ് എന്നിങ്ങനെയാണ് സ്ഥാനം. ഉപ്പിലിട്ടത് നിരന്നുകാണണം. പ്രവാസി മലയാളികളുടെ ഓണസദ്യയും പ്രാദേശിക ശൈലികളെ മറികടന്ന് ഏകീകൃതസ്വഭാവം പുലർത്തുന്നു. പല ദേശവാസികളാണെങ്കിലും വിദേശത്ത് സദ്യയ്ക്ക് ഒരു സമവാക്യം രൂപപ്പെടുത്തിയിട്ടുണ്ട്. ഗൾഫിലായാലും പാശ്ചാത്യ നാടുകളിലായാലും ഒരുപക്ഷേ നാട്ടിലെ മലയാളികളെക്കാളും ഗൃഹാതുരതയോടെ കൈകൊട്ടിക്കളിയും ഓണപ്പാട്ടുകളും ഓണസദ്യയുമായി അവരും മറുനാട്ടിൽ മാവേലിയെ വരവേൽക്കുന്നു. ■



■ ബി. നബീൽ റാശിദ്

# ചക്കകൊണ്ടൊരു രുചിവിസ്മയം

**നാം പാഴാക്കിക്കളയുന്ന ചക്കയ്ക്കും ചക്ക ഉത്പന്നങ്ങൾക്കുമായി മഞ്ചേരി ഒരുദിനം നീക്കിവെച്ചപ്പോൾ**

ഗംഭീരമായൊരു സദ്യ - പായസം, അച്ചാർ, പപ്പടം എന്നിവയുൾപ്പെടെ. ചോറൊഴികെ എല്ലാം ചക്കമയം. ഓഗസ്റ്റ് 14 ന് മഞ്ചേരി ആനക്കയം കാർഷിക ഗവേഷണകേന്ദ്രത്തിലെ സദ്യയാണ് നാവിൽ വ്യത്യസ്തതയുടെ രുചിപ്പെരുമ തീർത്തത്.

ചക്കയിൽ നിന്നും മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിന് നൽകിയ പരിശീലനത്തിന്റെ സമാപനദിവസമാണ് അഞ്ഞൂറു പേർക്ക് ഗംഭീര സദ്യയൊരുക്കിയത്. വയനാട് 'ഉറവ്' നൽകിയ പരിശീലനത്തിൽ 61 വനിതകൾ പങ്കെടുത്തു. ഹലുവ, പായസം, അച്ചാർ, പപ്പടം, അവിയൽ, ചോക്ലേറ്റ്, സിപ്പ്-അപ്പ്, ചക്കവറുത്തത്, ചക്ക ലഡു തുടങ്ങി 16 ഉത്പന്നങ്ങളാണ് നിർമിച്ചത്. പരിശീലനത്തിൽ പങ്കെടുത്തവർ നിർമിച്ച ഉത്പന്നങ്ങളുടെ വിപണന പ്രദർശനവും നടന്നു. പി. ഉബൈദുള്ള എം.എൽ.എ പ്രദർശനം ഉദ്ഘാടനം ചെയ്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറ മമ്പാട് ആദ്യ വിൽപ്പന നടത്തി. ആനക്കയം പഞ്ചായത്ത് പ്രസിഡന്റ് കെ.വി. മുഹമ്മദാലി, കാർഷിക ഗവേഷണകേന്ദ്രം മേധാവി ഡോ. പി. രാജേന്ദ്രൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ആമിന വെങ്കട്ട, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എം. രാജൻ, ലീഡ് ബാങ്ക് മാനേജർ എം.പി. സത്യനാരായണൻ, നബാർഡ് ഡവലപ്മെന്റ് മാനേജർ കെ.പി. പത്മകുമാർ എന്നിവർ പങ്കെടുത്തു.



**മഞ്ചേരിയിലെ ചക്ക ഉത്പന്നങ്ങളുടെ വിപണന പ്രദർശനത്തിൽ നിന്ന്**

## പ്ലാവിൽ പണവും കായ്ക്കും



പാഴാക്കിക്കളയുന്ന ചക്കയിൽ നിന്നും ഉത്പന്നങ്ങൾ നിർമിച്ച് മികച്ചൊരു വരുമാനമാർഗമാക്കാമെന്ന് കാർഷിക ഗവേഷണകേന്ദ്രം മേധാവി ഡോ. പി. രാജേന്ദ്രൻ പറയുന്നു. രാജ്യത്ത് കൂടുതൽ ചക്ക ഉത്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. ചെറിയൊരു ശതമാനം ഇതര സംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുക എന്നതിലപ്പുറം മറ്റൊന്നും നമ്മൾ ചെയ്യുന്നില്ല.

സംസ്ഥാനത്ത് 35 ലക്ഷത്തിലധികം പ്ലാവുകളുണ്ടെന്നാണ് കണക്ക്. ഒരു പ്ലാവിൽ നിന്നും വർഷത്തിൽ ചുരുങ്ങിയത് 2500 രൂപയെങ്കിലും വരുമാനമുണ്ടാക്കാം. കാർഷികഗവേഷണ കേന്ദ്രത്തിൽ നിന്ന് ദുബായിലേക്ക് ചക്ക ഉത്പന്നങ്ങൾ കയറ്റി അയച്ചിരുന്നു. ആഴ്ചയിൽ രണ്ട് ലക്ഷത്തിന്റെ ഉത്പന്നങ്ങൾ വാങ്ങുന്നതിന് ദുബായ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വിദേശ കമ്പനി സമ്മതമറിയിച്ചിട്ടുണ്ട്. ജപ്പാൻ അടക്കമുള്ള വിദേശ രാജ്യങ്ങളിലും ചക്ക ഉത്പന്നങ്ങൾക്ക് ആവശ്യക്കാർ ഏറെയാണ്.

## ചക്കയുടെ ആരോഗ്യവശങ്ങൾ

ആരോഗ്യ ഗുണങ്ങൾ ഏറെയുള്ള ഫലമാണ് ചക്ക. വൈറ്റമിൻ എ, സി, തയാമിൻ, പൊട്ടാസ്യം, കാത്സ്യം, റൈബോഫ്ളേവിൻ, അയേൺ, നിയാസിൻ, സിങ്ക് തുടങ്ങിയ ധാരാളം ധാതുക്കളും നാരുകളും അടങ്ങിയിട്ടുള്ള ചക്ക ഹൃദയപ്രശ്നങ്ങളുള്ളവർക്ക് വളരെ നല്ലതാണ്.

ചക്കയിലെ പൊട്ടാസ്യം ബി.പി. കുറയ്ക്കാൻ നല്ലതാണ്. ഇതിനുപുറമെ ഇരുമ്പും ധാരാളമടങ്ങിയിട്ടുണ്ട്. ഇത് വിളർച്ച മാറുന്നതിനും രക്തപ്രവാഹം ശരിയായ രീതിയിലാകുന്നതിനും സഹായിക്കും. ഹോർമോൺ ഉത്പാദനം ശരിയായ രീതിയിൽ നടക്കുന്നതിനും ചക്ക സഹായകരമാണ്.

## ചക്കവിഭവങ്ങൾ തയാറാക്കാം

### ചക്കപ്പപ്പടം

*ആവശ്യമുള്ള സാധനങ്ങൾ*

| | | |
|---|---|---|
| ചക്ക | : | ഇടത്തരം വലുപ്പത്തിലുള്ളത് ഒന്ന് |
| കാന്താരി മുളക് | : | 15 എണ്ണം |
| ജീരകം | : | 15 ഗ്രാം |
| കുരുമുളക് | : | തരുതരുപ്പായി പൊടിച്ചത് മൂന്ന് ടേബിൾ സ്പൂൺ |
| കായം | : | രണ്ട് ടേബിൾ സ്പൂൺ |
| ഉപ്പ് | : | പാകത്തിന് |
| കറിവേപ്പില | : | |

### തയാറാക്കുന്ന വിധം

പച്ച ചക്ക ചുളകൾ ചവിണിയും കുരുവും മാറ്റി കുക്കറിലിട്ട് വേവിച്ചെടുത്ത് കറിവേപ്പിലയും കാന്താരി മുളകും ഉപ്പും ചേർത്ത് അരച്ചെടുക്കുക. ഇതിൽ എള്ളും ജീരകവും കുരുമുളകുപൊടിയും കായവും ചേർത്ത് നന്നായി ഇളക്കി യോജിപ്പിക്കുക. പപ്പടത്തിനുള്ള മാവ് തയാറായി. ഇത് ചെറിയ പന്തുരൂപത്തിൽ ഉരുട്ടി ചപ്പാത്തിമേക്കറിൽ അമർത്തി പപ്പട രൂപത്തിലാക്കി ഉണക്കിയെടുത്ത് എണ്ണയിൽ പൊരിച്ചാൽ പപ്പടം റെഡി.

### ചക്ക ഹൽവ

*ആവശ്യമുള്ള സാധനങ്ങൾ*

| | | |
|---|---|---|
| ചക്ക | : | മുക്കാൽ കിലോ |
| പഞ്ചസാര | : | ഒരു കപ്പ് |
| നെയ്യ് | : | അര കപ്പ് |
| അണ്ടിപ്പരിപ്പ് | : | 15 എണ്ണം |
| ഏലക്കായ് | : | പൊടിച്ചത് 1 ടീസ്പൂൺ |
| വെള്ളം | : | ഒരു കപ്പ് |

### പാചകം ചെയ്യേണ്ട വിധം

അണ്ടിപ്പരിപ്പ് കഷ്ണങ്ങളാക്കി നെയ്യിൽ വറുത്തെടുക്കുക. ചക്ക അരിഞ്ഞെടുത്ത് നെയ്യിൽ വഴറ്റിയെടുക്കു. വഴറ്റിയ ചക്ക, പഞ്ചസാര എന്നിവ ഒരു പാത്രത്തിലെ വെള്ളത്തിൽ വേവിച്ചെടുക്കുക. വെന്തു കഴിഞ്ഞാൽ അണ്ടിപ്പരിപ്പും ഏലയ്ക്കാപ്പൊടിയും ചേർത്തിളക്കുക. ശേഷം നെയ് പുരട്ടിയ പാത്രത്തിലൊഴിച്ച് അൽപ സമയം വെച്ചാൽ നല്ല മധുരമുള്ള ഹൽവ റെഡി. ■

*(മലപ്പുറം ജില്ലാ ഇൻഫർമേഷൻ ഓഫീസ് അസി. എഡിറ്ററാണ് ലേഖകൻ)*



ജില്ലകളിലൂടെ

# പൂപ്പത്തിയിൽ 1.13 കോടി ചെലവിൽ ചക്ക സംസ്കരണ ഫാക്ടറി

ചക്കയിൽ നിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കാനായി തൃശൂരിലെ പൊയ്യ പഞ്ചായത്തിലെ പൂപ്പത്തിയിൽ 1.13 കോടി രൂപ ചെലവിൽ നിർമിക്കുന്ന ചക്കസംസ്കരണ ശാലയുടെ ശിലാസ്ഥാപനം കൃഷിമന്ത്രി കെ.പി. മോഹനൻ നിർവഹിച്ചു. ടി.എൻ. പ്രതാപൻ എം.എൽ.എ. അധ്യക്ഷനായിരുന്നു.


ചക്ക സംസ്കരണ ഫാക്ടറിയുടെ ശിലാസ്ഥാപനം കൃഷിമന്ത്രി നിർവഹിക്കുന്നു

പൂപ്പത്തിയിൽ കെയ്കോയുടെ ഒരേക്കർ സ്ഥലത്ത് 10,000 ചതുരശ്രയടി വിസ്തീർണത്തിലാണ് പ്ലാന്റ് നിർമിക്കുന്നത്. ആദ്യഘട്ടമായി കാൻഡ് ജാക്ക്ഫ്രൂട്ട്, ജാക്ക്ഫ്രൂട്ട് നെക്ടർ, ജാക്ക് ഹൽവ, ജാക്ക് ചിപ്സ്, ചക്കക്കുരുവിൽ നിന്നുമുള്ള ഉത്പന്നങ്ങൾ തുടങ്ങിയവ ഉൾപ്പെടും. രണ്ടാംഘട്ടമായി ചക്കയിൽ നിന്നും കൂടുതൽ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. മൂന്നാം ഘട്ടത്തിൽ മാങ്ങ, കൈതച്ചക്ക തുടങ്ങിയ ഉത്പന്നങ്ങളിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളും നിർമിക്കാനാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഉദ്ഘാടന സമ്മേളനത്തിൽ കൃഷി മന്ത്രി അറിയിച്ചു.

ഇന്ത്യയിലെ ആദ്യത്തെ ചക്ക സംസ്കരണ ഫാക്ടറിയായിരിക്കും പൂപ്പത്തിയിലേത്. കുടുംബശ്രീ പോലുള്ള സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചായിരിക്കും ചക്ക സംഭരിക്കുക. ഇതിന് സാമ്പത്തിക സഹായം നൽകുമെന്ന് മന്ത്രി പറഞ്ഞു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ നേതൃത്വത്തിലാണ് പ്ലാന്റ് നിർമാണം. 600 മെട്രിക് ടൺ ശേഷിയുള്ള പ്ലാന്റായിരിക്കും സ്ഥാപിക്കുക.

# ഹരിതഗൃഹം

ജനപ്രതിനിധികളും കാർഷിക വൃത്തിയിലേക്ക്. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഹൈടെക് കൃഷി പദ്ധതിയുടെ ഭാഗമായി ടി.എൻ. പ്രതാപൻ എം.എൽ.എയുടെ വീട്ടുമുറ്റത്ത് ഹരിതസമൃദ്ധ ഹരിതഗൃഹം ആരംഭിച്ചു. കൃഷിമന്ത്രി കെ.പി. മോഹനൻ ഉദ്ഘാടനം നിർവഹിച്ചു. ഹൈടെക് കൃഷിയുടെ ഭാഗമായി ഹരിതഗൃഹങ്ങൾ തീർത്ത് ആധുനിക രീതിയിലുള്ള കൃഷിയിലൂടെ കാർഷിക വിഭവശേഷി വർധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കാലാവസ്ഥാ ഭേദമന്യേ ഏതു


ഹരിതഗൃഹത്തിന്റെ ഉദ്ഘാടനം കൃഷിമന്ത്രി കെ.പി. മോഹനൻ നിർവഹിക്കുന്നു

# ജലക്ഷാമം തീർന്നു;
# ഉദയഗിരിയിൽ ടാങ്കുകൾ നിറഞ്ഞുകവിഞ്ഞു


കാസർകോട് കേന്ദ്രീയ വിദ്യാലയം. ഇൻസെറ്റിൽ ടാങ്ക്.

**തി**മർത്ത് പെയ്യുന്ന മഴക്കാലം കഴിഞ്ഞ് ഫെബ്രുവരിയെത്തുന്നതോടെ കുടിവെള്ളക്ഷാമത്താൽ സ്കൂളിന് അവധി നൽകേണ്ട അവസ്ഥ. കുടിവെള്ളത്തിനും, കൈകഴുകാൻ വരെ ബുദ്ധിമുട്ടുന്ന വിദ്യാർഥികൾ. കിണറുകൾ വറ്റിവരളുന്നതിനാൽ കടുത്ത ആശങ്കയിലാകുന്ന കുറേ കുടുംബങ്ങൾ. കാസർകോട് മധൂർ പഞ്ചായത്തിൽ ഉദയഗിരിയിലാണ് ഈ അനുഭവം. ഈ സാഹചര്യത്തിൽ, സ്കൂളിനെയും പരിസര പ്രദേശങ്ങളെയും ജലസമ്പുഷ്ടമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇവിടെ ജില്ലാ മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് കൃത്രിമ ഭൂഗർഭജല പരിപോഷണ സംവിധാനം (റീച്ചാർജിങ് ടാങ്ക്) നടപ്പിലാക്കിയത്.

വിദ്യാർഥികളും അധ്യാപകരുമടക്കം 1050 ഓളം പേരുണ്ട് ഉദയഗിരി വിദ്യാനഗർ കേന്ദ്രീയ വിദ്യാലയത്തിൽ. പരിസരപ്രദേശങ്ങളിലായി 200 ലധികം കുടുംബങ്ങളും. പൊതുവെ ചെങ്കല്ല് നിറഞ്ഞ വരണ്ട പ്രദേശം. വേനലെത്തുന്നതിനു മുമ്പുതന്നെ കിണറുകൾ വറ്റിവരളുന്നത് പതിവാണ്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം എന്ന ഉറച്ച തീരുമാനത്തോടെയാണ് സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ അനുമതിയോടെ ജില്ലാ മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് റീച്ചാർജ് ടാങ്ക് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

സ്കൂൾ അധികൃതർ അനുവദിച്ച 15 സെന്റ് ഭൂമിയിൽ 5.3 ലക്ഷം മുടക്കി 2012 മെയിലാണ് രണ്ട് ടാങ്കുകളുടെ പണി പൂർത്തിയാക്കിയത്. 15 മീറ്റർ നീളം 10 മീറ്റർ വീതി എന്ന അനുപാതത്തിൽ രണ്ടര മീറ്റർ ആഴത്തിലാണ് ഒരു ടാങ്ക് നിർമിച്ചിരിക്കുന്നത്. മറ്റൊന്നിന് 20 മീറ്റർ നീളവും ഒൻപതു മീറ്റർ വീതിയും രണ്ടര മീറ്റർ ആഴവുമുണ്ട്. ഇരു ടാങ്കുകൾക്കും നല്ല ഉയരത്തിൽ ചുറ്റുമതിലും നിർമിച്ചു. മഴ ആരംഭിച്ചതോടെ ടാങ്കുകൾ നിറഞ്ഞ് കവിഞ്ഞു. ദിവസങ്ങൾക്കകം ഈ ജലം മുഴുവൻ ഭൂമിയിലേക്ക് ഊർന്നിറങ്ങി. ഇനി ചുറ്റുമുള്ള പ്രദേശങ്ങളിൽ ഇതിന്റെ ഗുണം ലഭിക്കും.

ഭൂമിശാസ്ത്രപരമായ നിരവധി പരിമിതികളെ ശാസ്ത്രീയമായി വിശകലനം ചെയ്ത്, പ്രകൃതിക്കിണങ്ങുന്ന രീതിയിൽ ചെങ്കല്ലും മണ്ണും ഉപയോഗിച്ചാണ് റീച്ചാർജിങ് ടാങ്കുകൾ പൂർത്തിയാക്കിയിരിക്കുന്നത്. മഴക്കാലത്ത് പരിസരപ്രദേശങ്ങളിൽ പെയ്യുന്ന മഴവെള്ളം പ്രത്യേകം നിർമിച്ചിരിക്കുന്ന ചാലുകളിലൂടെ ടാങ്കുകളിലേക്ക് ഒഴുകിയെത്തുന്നു. മണിക്കൂറുകൾക്കകം ടാങ്കുകൾ നിറഞ്ഞ് കവിയും. വരൾച്ചയെ പ്രതിരോധിക്കാനായി പ്രകൃതിയുടെ സ്വാഭാവിക സന്തുലനാവസ്ഥക്ക് പരിക്കേൽക്കാതെയാണ് പദ്ധതി പൂർത്തിയാക്കിയത്.

പൊതുവെ ചെങ്കൽപ്പാറ നിറഞ്ഞ് വരണ്ടതാണ് ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളും. ഇക്കാരണത്താൽ മഴവെള്ളം ഭൂമിയിലേക്കിറങ്ങാൻ സാധ്യത വളരെ കുറവ്. കേന്ദ്ര-കേരള ഭൂജലബോർഡുകൾ നടത്തിയ പഠനത്തിൽ വാട്ടർ പൊട്ടൻഷ്യൽ ലിസ്റ്റിൽ നോട്ടിഫൈഡ് ഏരിയകളിൽ ഒന്നാമതാണ് കാസർകോട് ബ്ലോക്ക് പഞ്ചായത്ത്. അതായത് ലഭ്യമായ ഭൂഗർഭ ജലത്തിനേക്കാൾ അമിതമായ ജലചൂഷണം നടക്കുന്ന പ്രദേശം. ഇങ്ങനെ പോയാൽ ഈ പ്രദേശം മരുഭൂമിക്ക് സമാനമാകുമെന്നർഥം.

മഞ്ചേശ്വരം ഗവർൺമെന്റ് കോളേജിലും, പുല്ലൂർ- പെരിയ പഞ്ചായത്തിലെ നവോദയ വിദ്യാലയത്തിലും റീച്ചാർജിങ് ടാങ്കുകൾ വകുപ്പ് മുമ്പ് നിർമിച്ചിട്ടുണ്ട്. പ്രദേശത്തെ കർഷകരുൾപ്പെടെ വലിയൊരു വിഭാഗം ജനങ്ങൾക്ക് ഇക്കഴിഞ്ഞ കടുത്ത വരൾച്ചാക്കാലത്ത് വലിയ ആശ്വാസമാണ് ഇതുവഴി ലഭിച്ചത്.

***ഗിരീഷ് കെ.***
*ഇൻഫർമേഷൻ അസിസ്റ്റന്റ്, കാസർകോട് ജില്ല*

---

വിളയും എവിടെയും കൃഷിചെയ്യാമെന്നതാണ് ഹൈടെക് ഗ്രീൻ ഹൗസ് കൃഷിയുടെ പ്രത്യേകത.

അൻപതു ശതമാനം തുക കൃഷിക്കാരൻ മുടക്കിയാൽ ഏത് വീട്ടിലും ചെറുഗ്രീൻ ഹൗസുകൾ സ്ഥാപിക്കാവുന്നതാണ്. തളിക്കുളം കൃഷിഭവന്റെ കീഴിൽ ഹരിതകൃഷി പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളും മണ്ണിലേക്ക് എന്ന ലക്ഷ്യത്തോടെയാണ് ടി.എൻ. പ്രതാപന്റെ പുരയിടത്തിൽ പച്ചക്കറി കൃഷിയുൾപ്പെടെ വിവിധ കൃഷികളാരംഭിച്ചത്.

തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. ദിലീപ് കുമാർ അധ്യക്ഷത വഹിച്ചു. ടി.എൻ. പ്രതാപൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ പി.ഐ. ഷൗക്കത്തലി, അനിൽ പുളിക്കൻ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ദാസൻ, സി. എം. നൗഷാദ്, ജില്ലാ കൃഷി ഓഫീസർ കെ.ജി. ഓമന തുടങ്ങിയവർ സംബന്ധിച്ചു. ഹൈടെക് കൃഷിയും ജൈവകൃഷികളും എന്ന വിഷയത്തിൽ പ്രൊഫ. സി. നാരായണൻകുട്ടി ക്ലാസ്സെടുത്തു.

നാടൻ ഉരലിൽ ഉലക്ക ഉപയോഗിച്ചുള്ള അവിൽകുത്ത് മത്സരവും ഇതോടൊപ്പമുണ്ടായി. മന്ത്രി കെ.പി. മോഹനനും എം.എൽ.എയും തമ്മിലായിരുന്നു മത്സരത്തിൽ ഏറ്റുമുട്ടിയത്. മന്ത്രിയെ വിജയിയായി സംഘാടകർ പ്രഖ്യാപിച്ചു.

***എം.എസ്. അലിക്കുഞ്ഞ്***
*അസി. എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ*

# സംസ്ഥാനത്തെ ആദ്യത്തെ ഐ. ടി. ബി. പി. ക്യാംപിന് തറക്കല്ലിട്ടു



കേരളത്തിലെ ആദ്യത്തെ ഇൻഡോ-ടിബറ്റൻ ബോർഡർ പോലീസ് ക്യാംപിന്റെ ശിലാസ്ഥാപന സമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

**മി**കച്ച പരിശീലനം ലഭിച്ച അച്ചടക്കമുള്ള അർധസൈനികവിഭാഗമായ ഇന്തോ-ടിബറ്റൻ ബോർഡർ പൊലീസിന്റെ ബറ്റാലിയൻ സംസ്ഥാനത്തു പ്രവർത്തിക്കുന്നത് സേനയിൽ ചേർന്ന് രാജ്യത്തെ സേവിക്കാൻ കേരളീയ യുവാക്കൾക്ക് പ്രചോദനമാകുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. 2013 ആഗസ്റ്റ് രണ്ടിന് നൂറനാട് ലെപ്രസി സാനിട്ടോറിയം വളപ്പിൽ ഐ.ടി.ബി.പിയുടെ സംസ്ഥാനത്തെ ആദ്യ ക്യാംപിന്റെ ശിലാസ്ഥാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സാനിട്ടോറിയത്തിലെ 50 ഏക്കർ സ്ഥലത്താണ് ക്യാംപ്.

രാജ്യത്തിന്റെ അതിർത്തി കാക്കുന്നതിനു പുറമെ നിരവധി ഉത്തരവാദിത്വങ്ങൾ ഐ.ടി.ബി.പി. ഏറ്റെടുക്കുന്നുണ്ട്. ഉത്തരാഖണ്ഡിലെ ദുരന്തത്തിൽ നടത്തിയ രക്ഷാപ്രവർത്തനം, ഭീകരവിരുദ്ധപോരാട്ടങ്ങൾ, പ്രമുഖവ്യക്തികളുടെ സുരക്ഷ തുടങ്ങിയവ ഇതിനുദാഹരണമാണ്. ഈ മേഖലയിൽ പ്രകൃതിദുരന്തങ്ങളുണ്ടായാൽ ആദ്യം രക്ഷാപ്രവർത്തനത്തിനെത്തുന്നത് ഐ.ടി.ബി.പിയായിരിക്കും - മുഖ്യമന്ത്രി പറഞ്ഞു. ഇന്തോ-ടിബറ്റൻ ബോർഡർ പൊലീസിലെ ഒട്ടേറെ കേരളീയർ നാട്ടിൽ വരാൻ കഴിയാതെ ജോലിചെയ്യുന്നുണ്ട്. വിദൂരതയിൽ കഴിയുന്ന അവർക്ക് സ്വന്തം നാട്ടിൽ ജോലിചെയ്യാൻ ഒരു അവസരം കൂടിയാണ് പുതിയ ക്യാംപെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഐ.ടി.ബി.പിയുടെ കേരളത്തിലെ ബറ്റാലിയൻ നമ്മുടെ അഭിമാനമാണെന്നും സംസ്ഥാനസർക്കാർ ക്യാംപിന് സാധ്യമായ എല്ലാ സഹായവും നൽകുമെന്നും അദ്ദേഹം പറഞ്ഞു.

നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും സെപ്റ്റംബറിൽ അവിടെയെത്തി പരിഹാരത്തിനായി ചർച്ചകൾ നടത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ചടങ്ങിൽ കേന്ദ്ര തൊഴിൽസഹമന്ത്രി കൊടിക്കുന്നിൽ സുരേഷ് അധ്യക്ഷത വഹിച്ചു.

താമരക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. രാധാകൃഷ്ണൻ ഉണ്ണിത്താൻ, ഐ.ടി.ബി.പി. ഡയറക്ടർ ജനറൽ അജയ് ഛദ്ദ, ഐ.ജി. അരവിന്ദ് കുമാർ, മധ്യമേഖലാ ഐ.ജി. കെ. പത്മകുമാർ, ജില്ലാ കളക്ടർ എൻ. പത്മകുമാർ, ജില്ലാ പഞ്ചായത്തംഗം കെ.പി. ശ്രീകുമാർ, മുൻ എം.എൽ.എ. കെ.കെ. ഷാജു തുടങ്ങിയവർ പങ്കെടുത്തു.

*കെ.ആർ. പ്രമോദ്*

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ*

# ഗദ്ദർ വിപ്ലവ സ്മരണകളുണർത്തിയ ചരിത്ര സദസ്സ്

**ഇ**ന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഏറെയൊന്നും ചർച്ച ചെയ്യപ്പെടാതെപോയ അധ്യായത്തിൽ നിന്നൊരു രേഖപ്പെടുത്തലായി കോഴിക്കോട് മൊയ്തു മൗലവി ചരിത്രമ്യൂസിയത്തിൽ അരങ്ങേറിയ ചരിത്രരേഖാ പ്രദർശനം. ഇക്കൊല്ലം നൂറാം വാർഷികത്തിലെത്തി നിൽക്കുന്ന ഗദ്ദർ വിപ്ലവത്തെക്കുറിച്ചാണ് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മേഖലാ ഡെപ്യൂട്ടി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ പ്രദർശനം സംഘടിപ്പിച്ചത്. മലബാർ ക്രിസ്ത്യൻ കോളേജിലെ ചരിത്രവിഭാഗം അസോഷ്യേറ്റ് പ്രൊഫസർ എം.സി. വസിഷ്ഠിന്റെ സഹകരണത്തോടെ തയാറാക്കിയ ഈ പോസ്റ്റർ പ്രദർശനത്തിലൂടെ കടന്നുപോകുമ്പോൾ ഏതൊരാൾക്കും ലഭിക്കുന്നത് ദേശസ്നേഹ പോരാട്ടത്തിന്റെ ജ്വലിക്കുന്ന അനുഭവങ്ങളാണ്.

ജില്ലാ കളക്ടർ സി.എ. ലതയുടെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജമീല പ്രദർശനം ഉദ്ഘാടനം ചെയ്തു.

പ്രവാസി ഇന്ത്യക്കാരുടെ കൂട്ടായ്മയിലൂടെ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തെ അവസാനിപ്പിക്കാൻ ഗദ്ദർ എന്ന സംഘടന നടത്തിയ ശ്രമങ്ങളാണ് ഗദ്ദർവിപ്ലവമെന്ന പേരിൽ അറിയപ്പെടുന്നത്. വടക്കേ അമേരിക്കയിലെ ദേശസ്നേഹികളായ പ്രവാസി ഇന്ത്യക്കാർ രൂപം നൽകിയ ഗദ്ദർ പോരാട്ടത്തിന് ഈ വർഷം 100 വർഷം പൂർത്തിയാവുകയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഉജ്വലമായ അധ്യായമാണ് 1912-13 കാലഘട്ടത്തിലെ ഗദ്ദർ വിപ്ലവം.

ലാലഹർ ദയാൽ, സോഹൻസിങ് ബക്കാന എന്നിവരാണ് ഗദ്ദർ പാർട്ടിക്ക് നേതൃത്വം നൽകിയവരിൽ പ്രമുഖർ. അമേരിക്കയിൽ ജന്മംകൊണ്ട ഈ പാർട്ടിക്ക് മെക്സിക്കോ, ജപ്പാൻ, ചൈന, ഫിലിപ്പീൻസ്, മലയ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലും സജീവ അംഗങ്ങളുണ്ടായിരുന്നു.

ഇതോടൊപ്പം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ സ്ത്രീ പങ്കാളിത്തം എന്ന വിഷയത്തിൽ സംഘടിപ്പിച്ച ചരിത്ര സദസ്സിൽ ഡോ. എം. വിജയലക്ഷ്മി, ഡോ. പി. പ്രിയദർശനി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പി.ആർ.ഡി. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പി. വിനോദ് സ്വാഗതവും ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഖാദർ പാലാഴി നന്ദിയും പറഞ്ഞു.

*പി. വിനോദ്*

*മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്*




## എംപ്ലോയ്മെന്റ് വഴി 179 ദിവസം സേവനമനുഷ്ഠിച്ചിട്ടുള്ള അംഗപരിമിതർക്ക് സ്ഥിരനിയമനം

1999 ഓഗസ്റ്റ് 16 മുതൽ 2003 ഡിസംബർ 31 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി നിയമനം ലഭിച്ച് സർക്കാർ സർവീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡ്, കോർപറേഷൻ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, പി.എസ്.സി. എന്നിവിടങ്ങളിൽ 179 ദിവസം സേവനം പൂർത്തിയാക്കിയ അംഗപരിമതർക്ക് പുനർ/റെഗുലർ നിയമനം നൽകുന്നതിനുള്ള മാർഗനിർദേശങ്ങൾ നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ.(പി) നം. 63/13/സ.നീ.വ., തീയതി 07.08.2013)

## ചേർത്തല കോച്ച് ഫാക്ടറിക്ക് സൗജന്യമായി സ്ഥലം

ആലപ്പുഴയിലെ നിർദിഷ്ട റെയിൽവേ വാഗൺ നിർമാണ ഫാക്ടറിക്ക് സ്ഥലം സൗജന്യമായി നൽകാൻ തീരുമാനിച്ച് ഉത്തരവായി. ചേർത്തല തിരുവിഴ റെയിൽവേ സ്റ്റേഷനു സമീപം ഇലഞ്ഞിയിൽ നേരത്തെ കണ്ടെത്തിയ 58.288 ഏക്കറും റെയിൽവേ അധികമായി ആവശ്യപ്പെട്ടതും ചേർത്ത് ഒട്ടാകെ 77.877 ഏക്കറാണ് കൈമാറുക. ആലപ്പുഴ ജില്ലാ കളക്ടർ ഇതിനാവശ്യമായ നടപടികൾ കൈക്കൊള്ളും. 2011-12 വർഷത്തെ കേന്ദ്ര റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ച ഫാക്ടറിക്ക് ആന്ധ്രാപ്രദേശ്, കർണാടക സർക്കാരുകൾ സമാന പദ്ധതികളിൽ നൽകുന്നപോലെ സൗജന്യമായി സ്ഥലം നൽകണമെന്ന റെയിൽവേയുടെ അഭ്യർഥന മാനിച്ചാണ് ഉത്തരവ്. (സ.ഉ.(എം.എസ്.)നം. 83/2013/ഗതാഗതം, തീയതി 19.08.2013)




## മൺസൂൺ കാലവർഷക്കെടുതി: ധനസഹായം അനുവദിച്ചു

2013 ലെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലവർഷക്കെടുതിയിൽപ്പെട്ടവർക്ക് ധനസഹായം നൽകാൻ 16 കോടി രൂപ അനുവദിച്ച് ഉത്തരവായി. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും നൽകുന്ന ധനസഹായത്തിന് പുറമെ കൃഷിനാശം സംഭവിച്ചവർക്കും വീടുകൾക്ക് കേടുപാടുകൾ പറ്റിയവർക്കും നാശോന്മുഖമായ റോഡുകളുടെ പുനരുദ്ധാരണത്തിനുമായി ചെലവഴിക്കാനാണ് തുക അനുവദിച്ചിരിക്കുന്നത്. (സ.ഉ.(ആർ.ടി)നം. 4520/2013/ഡി.എം.സി., തീയതി 19.08.2013)

## എൻഡോസൾഫാൻ ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം

കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം 2011-12, 2012-13 വർഷങ്ങളിൽ അനുവദിച്ച പ്രകാരം 2013-14



അധ്യയനവർഷത്തിലും സാമൂഹികസുരക്ഷാമിഷൻ മുഖേന നൽകുന്നതിന് അനുമതി നൽകി ഉത്തരവായി. (സ.ഉ.(സാധാ) നം. 405/2013/സി.നീ.വ., തീയതി 30.07.2013)

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസിന് 25 കോടി അനുവദിച്ചു

2013 ജൂലൈ 27 ലെ ഉത്തരവ് (സ.ഉ.(എം.എസ്.) നം. 32/13/ഭ.സി.സ.വ) പ്രകാരം ഓണം-റംസാൻ സീസണിൽ വിപണിയിൽ ഇടപെടുന്നതിനായി ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമായി സപ്ലൈകോയ്ക്ക് അൻപതു കോടി രൂപ അനുവദിച്ച് ഉത്തരവായിരുന്നു.

കൂടാതെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണിയിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് 25 കോടി രൂപ അനുവദിച്ച് ഉത്തരവായി. (സ.ഉ.(എം.എസ്.)നം. 35/13/ഭ.സി.സ.വ., തീയതി 05.08.2013)

## വിദ്യാഭ്യാസ വായ്പയെടുത്ത തൊഴിൽ രഹിതർക്ക് പലിശയിളവ്

**2004** മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുക്കുകയും വിദ്യാഭ്യാസാനന്തരം തൊഴിൽ ലഭിക്കാതെ അവശത അനുഭവിക്കുകയും ചെയ്യുന്ന ബി.പി.എൽ. വിഭാഗത്തിലുള്ള വിദ്യാർഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശബാധ്യത സർക്കാർ ഏറ്റെടുക്കുമെന്ന 2012-13 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിനനുസരിച്ച് രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. (1. സ.ഉ.(എം.എസ്.)നം. 36/2012/പ്ലാനിങ്, തീയതി 18.10.2012, 2. സ.ഉ.(എം.എസ്.)നം. 42/2012/പ്ലാനിങ്, തീയതി 15.12.2012)

ഈ ആനുകൂല്യം കൂടുതൽപേർക്ക് ലഭ്യമാക്കണമെന്ന ആവശ്യത്തെ തുടർന്ന് പ്രസ്തുത സ്കീം മൂന്നു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കു കൂടി ബാധകമാക്കുമെന്ന് 2013-14 ലെ ബജറ്റിൽ പറഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ 2004 ഏപ്രിൽ ഒന്നു മുതൽ 2009 മാർച്ച് 31 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുക്കുകയും ഇപ്പോൾ തൊഴിൽരഹിതരായി തുടരുകയും ചെയ്യുന്ന മൂന്നു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് കൂടി പലിശയിളവ് അനുവദിച്ച് ഉത്തരവായി. (സ.ഉ.(കയ്യെഴുത്ത്)നം. 41/2012/പ്ലാനിങ്, തീയതി 03.08.2013)

## ആശ്വാസകിരണം പദ്ധതിയുടെ ധനസഹായനിരക്ക് വർധിപ്പിച്ചു

തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ശയ്യാവലംബരായി വീട്ടിനുള്ളിൽത്തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതി പ്രകാരം നിലവിലെ 400 രൂപ 525 രൂപയായി വർധിപ്പിച്ച് ഉത്തരവായി. (സ.ഉ.(എം.എസ്.) നം. 67/2013/സാ.നീ.വ., തീയതി 21.08.2013)

## നിയമനങ്ങൾ

പൊതുവിദ്യാഭ്യാസവകുപ്പ് സെക്രട്ടറി ഡോ. കെ. ഇളങ്കോവനെ ആരോഗ്യകുടുംബക്ഷേമവകുപ്പ് സെക്രട്ടറിയായും പൊതുവിദ്യാഭ്യാസ ഡയറക്ടർ എ. ഷാജഹാനെ പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായും നിയമിച്ചു. പി.കെ. മൊഹന്തിയെ പാർലമെന്ററികാര്യത്തിന് പുറമെ പരിസ്ഥിതി വകുപ്പുകളുടെ അധികച്ചുമതലയോടെ വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായും നിയമിച്ചു.

ഡോ. ബിജു പ്രഭാകറിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധിക ചുമതല നൽകി. പെരിന്തൽമണ്ണ സബ്കളക്ടർ ടി. മിത്രയെ പഞ്ചായത്ത് ഡയറക്ടറായും ഒറ്റപ്പാലം സബ്കളക്ടർ ഡോ. കെ. കൗശിഗനെ എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറായും കാഞ്ഞങ്ങാട് സബ്കളക്ടർ എസ്. വെങ്കടേശപതിയെ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയായും നിയമിച്ചു.

## സെക്രട്ടറിയേറ്റിൽ ഇ – ഓഫീസ്

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകളിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് 'ഇ-ഓഫീസ്' സോഫ്റ്റുവെയർ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് ഇത് വികസിപ്പിച്ചതും നടപ്പാക്കുന്നതും. (സ.ഉ.(എം.എസ്.)നം. 10/2013/വി.സാ.വ., തീയതി 24.08.2013)

## പൊതുവിദ്യാഭ്യാസ സെക്രട്ടറി ഡോ. കെ. ഇളങ്കോവന് ഡോക്ടറേറ്റ്



പൊതുവിദ്യാഭ്യാസ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ മദ്രാസ് ഐ.ഐ.ടിയിൽ നിന്ന് ഹെൽത്ത് കെയർ മാനേജ്മെന്റിൽ ഡോക്ടറേറ്റ് നേടി. പൊതുമേഖലാ ആശുപത്രികളുടെ പ്രകടനം വിലയിരുത്തുന്നതിനുള്ള ക്രിയാത്മക നിർദേശങ്ങൾ മുന്നോട്ടുവെച്ചുകൊണ്ട് അദ്ദേഹം സമർപ്പിച്ച തിസീസ് മദ്രാസ് ഐ.ഐ.ടിയിലെ ഇക്കൊല്ലത്തെ മികച്ച തിസീസിനുള്ള ആർ.എൻ. രാജേന്ദ്രൻ സ്മാരക അവാർഡിന് അർഹമായി. 100 മുതൽ 500 വരെ കിടക്കകളുള്ള ജില്ലാ, താലൂക്ക് ആശുപത്രികളുടെ പ്രവർത്തന നിലവാരം വിലയിരുത്തുന്നതിനാണ് നൂതനവും ഫലപ്രദവുമായ മാനദണ്ഡങ്ങൾ തിസീസിൽ സമർപ്പിച്ചിരിക്കുന്നത്. ആരോഗ്യമേഖലയിലെ സേവനങ്ങൾക്ക് ചെലവേറുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ പാവപ്പെട്ട രോഗികൾക്ക് കൂടുതൽ കാര്യക്ഷമമായ ആരോഗ്യപരിരക്ഷ ഉറപ്പാക്കാനുള്ള നിർദേശങ്ങളും തിസീസിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിർജീനിയ കോമൺവെൽത്ത് യൂണിവേഴ്സിറ്റി, ഐ.ഐ.എം. ലക്നൗ എന്നിവിടങ്ങളിൽ നിന്നുള്ള പ്രൊഫസർമാർ വിലയിരുത്തിയ തിസീസ് എ ഗ്രേഡോടെയാണ് അവാർഡ് കരസ്ഥമാക്കിയത്.

ഓർത്തോപീഡിക് എം.എസ്. ബിരുദധാരിയായ കെ. ഇളങ്കോവൻ ആതുരശുശ്രൂഷാ മേഖലയിൽ മികച്ച സേവനം കാഴ്ചവെച്ചശേഷമാണ് സിവിൽ സർവീസിലേക്കു വന്നത്. 163 സർജറികൾക്ക് അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ട്. പോപ്പുലേഷൻ സ്റ്റഡീസിൽ ബിരുദാനന്തര ബിരുദധാരികൂടിയായ ഇദ്ദേഹം 1992ൽ ഐ.എ.എസ്. നേടി. 2012 നവംബർ മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരികയാണ്. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ സംസ്ഥാന ഡയറക്ടർ, ഗതാഗതവകുപ്പ് സെക്രട്ടറി, കെ.ടി.ഡി.സി., കേരഫെഡ് എന്നിവയുടെ മാനേജിങ് ഡയറക്ടർ, ചെന്നൈ പോർട്ട് ട്രസ്റ്റ് ഡെപ്യൂട്ടി ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചിട്ടുള്ള അദ്ദേഹം കേന്ദ്ര സർവീസിലും അബുദാബി ഇന്ത്യൻ എംബസിയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പെൺജീവിതം

രേഷ്മ ഷെല്ലി

# ഈറ്റുമ്മ

കണ്ണൂരിൽ നിന്നും അഴീക്കൽ വരെയുള്ള ബസ്സ് യാത്രയ്ക്കിടയിൽ ഒരു സ്ത്രീയെ പരിചയപ്പെടാനിടയായി. ബസ്സിൽ എന്റെ തൊട്ടടുത്തിരിക്കുകയായിരുന്ന ആ സ്ത്രീ ഇടയ്ക്കിടെ എന്നോട് ലോഹ്യവും പറയുന്നുണ്ട്. അവർ എന്റെ പേരും വിവരങ്ങളുമൊക്കെ തിരക്കി. ഞാൻ തിരിച്ചും. അവരെക്കുറിച്ച് പറഞ്ഞു കേട്ടപ്പോൾ എനിക്കത്ഭുതം തോന്നി. കാരണം, 75 വയസ്സ് കടന്നിരിക്കുന്ന ഒരാൾക്ക് അതൊക്കെ ആവുമോ എന്നായി എന്റെ ചിന്ത. എന്റെ ആകാംക്ഷ എന്നെ കൂടുതൽ ചോദ്യങ്ങളിലേക്ക് നയിച്ചു.

ആരാണ് ഈ സ്ത്രീ എന്നല്ലേ?

സൈനുമ്മ എന്ന വിളിപ്പേരുള്ള സൈനബ. കയ്യിൽ ഒരു പ്ലാസ്റ്റിക് സഞ്ചിയും അതിൽ നിറയെ സാധനങ്ങളുമുണ്ടായിരുന്നു സൈനുമ്മയെ കാണുമ്പോൾ. ജില്ലാ ആശുപത്രിയിലെ പ്രസവ വാർഡിൽ നിന്നുമുള്ള വരവായിരുന്നു. പ്രസവ ശുശ്രൂഷയാണ് (ഈറ്റ്) തൊഴിൽ.

വെറ്റിലമുറുക്കി കറപിടിച്ചിരിക്കുന്ന പല്ലുകൾ കാട്ടിച്ചിരിച്ചുകൊണ്ട് സൈനുമ്മ പറഞ്ഞു - 'ഞാൻ രണ്ടീസം പൊരേല് നിന്നിറ്റ് പിന്നെയും ഈറ്റിന് പോകും'. എന്തൊരു



പ്രസരിപ്പോടെയും ചുറുചുറുക്കോടെയുമാണവർ സംസാരിക്കുന്നത്! എന്ത് തന്നെയായാലും ആളൊരു 'സംഭവ'മാണെന്നെനിക്കുറപ്പായിരുന്നു. എന്റെ സംശയങ്ങളും ചോദ്യങ്ങളും കൂടി - എല്ലാത്തിനും അവർ കൃത്യമായി മറുപടിയും തന്നു. പക്ഷേ, എത്ര നാളായി ഈ ജോലിക്കിറങ്ങിയിട്ട് എന്നതിൽ നിശ്ചയം പോര - എങ്കിലും ഒരു പത്ത് നാൽപ്പത് കൊല്ലമായിക്കാണുമെന്നവർക്കുറപ്പായിരുന്നു. ഇടയിൽ അവർ തന്റെ കദനകഥകളും പറഞ്ഞു.

കാൻസർ രോഗബാധിതരായ ഉപ്പയേയും സഹോദരനേയും സംരക്ഷിക്കേണ്ട ചുമതല സൈനുമ്മയ്ക്കായിരുന്നു. അവർക്ക് പത്ത് വയസ്സുള്ളപ്പോൾ ഉമ്മ മരിച്ചിരുന്നു. തന്റെ കൊച്ചു പ്രായത്തിൽ തന്നെ സൈനുമ്മ വീട്ടുജോലിക്കിറങ്ങി. ജീവിതപ്പാച്ചിലിനിടയിൽ വിവാഹം പോലും വേണ്ടെന്നു വെച്ചു. ജോലിക്ക് നിന്നുരുന്ന വീട്ടിലെ പെൺകുട്ടിയുടെ പ്രസവശുശ്രൂഷ ഭംഗിയായി നിറവേറ്റിയ അവർ പിന്നീട് 'ഈറ്റുമ്മ' യായി മാറുകയായിരുന്നുവെന്നും സൈനുമ്മ പറഞ്ഞു. സംസാരാത്തിനിടയിൽ സഞ്ചിയിൽ നിന്നും മൊബൈൽ ശബ്ദിച്ചു. പ്രസവശുശ്രൂഷയ്ക്കായി വിളിക്കുന്ന ആരോ ആണ് മറുതലക്കലെന്ന് സൈനുമ്മയുടെ സംസാരത്തിൽ നിന്നും എനിക്ക് മനസ്സിലായി. ഫോൺ കട്ട് ചെയ്തതിനു ശേഷം, അവർ എന്നോട് പറഞ്ഞു. 'ഏഴ് മാസേ ആയിറ്റുള്ളു ഈറ്റിങ്ങളെ ഒരു ബേജാറ് ഇപ്പളേ ബുക്ക് ചെയ്തതാ.' നിഷ്ക്കളങ്കമായ ആ സംസാരശൈലി എനിക്കിഷ്ടപ്പെട്ടു. ഞാൻ സൈനുമ്മയുടെ നമ്പർ ചോദിച്ചു. മറുപടി രസകരമായിരുന്നു. 'മോളെ നമ്പറൊന്നും അനക്കറീല്ല - ഇത് ഞെക്കീറ്റ് സൈനബാ പേര് നോക്കീറ്റ് മോളെടുത്തോ.. ബിളിക്കുമ്പം ബസ്സീന്ന് പരിചയപ്പെട്ടതാന്ന് പറയണം. അരേം അനക്ക് ഓർമ ബെരും' അതായിരുന്നു മറുപടി. എനിക്കിറങ്ങേണ്ട സ്ഥലമടുത്തപ്പോൾ ഞാൻ അവരോട് യാത്ര പറഞ്ഞിറങ്ങി.

കുറേ നാളുകൾക്ക് ശേഷം എന്റെ കുടുംബത്തിലെ ഒരു പ്രസവശുശ്രൂഷയ്ക്കായി ഞാൻ സൈനുമ്മയെ വിളിച്ചു. ഞാനാരാണെന്ന് പരിചയപ്പെടുത്തിയപ്പോഴേക്കും അവരെന്നെ തിരിച്ചറിഞ്ഞു. എനിക്ക് വലിയ സന്തോഷം തോന്നി. ഞാൻ ആവശ്യപ്പെട്ടതു പോലെ അവർ ശുശ്രൂഷ ഏറ്റെടുത്തു. വളരെ ഭംഗിയായി അത് പൂർത്തിയാക്കുകയും ചെയ്തു. ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് പിന്നെയും കുറേയിടങ്ങളിൽ സൈനുമ്മ ഈറ്റിന് നിന്നിരുന്നു. പേറ്റുനോവറിഞ്ഞിട്ടില്ലാത്ത സൈനുമ്മ ഈറ്റെടുക്കാൻ സമർഥയാണെന്നും ഒരു 'സംഭവം' തന്നയൊണെന്നും എല്ലാവരും എന്നോട് പറഞ്ഞിരുന്നു. സൈനുമ്മയെ കുറിച്ചു പറയാൻ എല്ലാവർക്കും നൂറ് നാവായിരുന്നു. നന്നായി പലഹാരങ്ങളും, ബിരിയാണിയുമൊക്കെയുണ്ടാക്കും സൈനുമ്മ. ഒന്ന് രണ്ട് തവണ എന്റെ വീട്ടിലും വന്ന് പലഹാരങ്ങളൊക്കെ ഉണ്ടാക്കി തന്നിരുന്നു സൈനുമ്മ. ശരീരരക്ഷയ്ക്കും, ആരോഗ്യത്തിനും, സൗന്ദര്യത്തിനും വേണ്ടിയുള്ള എല്ലാ പൊടിക്കൈകളും, പുരാണകഥകളും, തമാശകളും ഒക്കെ നിറഞ്ഞ ഒരു കഥാപാത്രമായിരുന്നു സൈനുമ്മ. പരിചയപ്പെട്ട ആർക്കും അവരെ ഒരിക്കലും മറക്കാൻ പറ്റില്ല. കഴിഞ്ഞ ജൂൺമാസം എന്റെ ഒരടുത്ത കൂട്ടുകാരിയുടെ പ്രസവശുശ്രൂഷയ്ക്കായി ഞാൻ സൈനുമ്മയെ വിളിച്ചു. സന്തോഷത്തോടെ അവർ അതേറ്റെടുക്കുകയും ചെയ്തു.

ഒരു ദിവസം അതിരാവിലെത്തന്നെ എനിക്ക് കൂട്ടുകാരിയുടെ ഫോൺവന്നു. അത്യാവശ്യമായി ഒന്നവിടെ വരെ ചെല്ലാൻ. എത്ര തിരക്കിയിട്ടും അവൾ കാര്യം പറഞ്ഞില്ല. എന്റെ മനസ്സിൽ നെഗറ്റീവ് ചിന്തകൾ മാത്രം. പ്രസവ ശുശ്രൂഷയിൽ വല്ല പാകപ്പിഴയും വന്നോ എന്നായിരുന്നു എന്റെ പേടി. മനസ്സിൽ ഓരോന്ന് കൂട്ടിയും കിഴിച്ചും ഒരു വിധത്തിൽ ഞാൻ അവിടെയെത്തി. അപ്പോഴാണറിയുന്നത് സൈനുമ്മയ്ക്ക് ഒരപകടം പറ്റിയെന്ന ദു:ഖവാർത്ത. ഒരു നിമിഷം ഞാൻ നിശ്ചലയായി. ശരീരമാകെ തളരുന്ന അവസ്ഥ. ഞാനും സൈനുമ്മയും തമ്മിലുള്ള ആത്മബന്ധം എത്രത്തോളമാണെന്ന് ഞാനറിഞ്ഞു. അത് മനസ്സിലാക്കിത്തന്നെയാവണം കൂട്ടുകാരിയും ആ ദു:ഖവാർത്ത എന്നെ അറിയിക്കാഞ്ഞത്.

എന്നും അതിരാവിലെ ജോലികൾ തുടങ്ങുന്ന സൈനുമ്മ, അന്നും പതിവുപോലെ വലിയ പാത്രം നിറയെ വെള്ളം തിളപ്പിച്ചു. ഭക്ഷണങ്ങളൊക്കെയുണ്ടാക്കി. കുഞ്ഞിനെയും കുളിപ്പിച്ചു. ശേഷം അമ്മയെകുളിപ്പിക്കാനായി ചൂട് വെള്ളം കോരിയെടുക്കുന്നതിനിടയിൽ പെട്ടെന്ന് തലകറങ്ങി വീണു. കയ്യിലുള്ള തിളച്ച വെള്ളം പാത്രത്തോടെ അടുപ്പിനടുത്ത് വീണുപോയി. അവരുടെ ദേഹമാകെ പൊള്ളി. ഒരലർച്ചയോടെ ബോധമറ്റുപോയ അവരെ ഞാനെത്തുമ്പോഴേക്കും വീട്ടുകാർ ആശുപത്രിയിലെത്തിച്ചിരുന്നു. ഞാനും ആശുപത്രിയിലേക്കോടി. അപ്പോഴേക്കും, 99 ശതമാനവും പൊള്ളലേറ്റ അവരെ രക്ഷപ്പെടുത്താനാവില്ലെന്ന് ഡോക്ടർമാർ വിധിയെഴുതിയിരുന്നു - അവരെക്കാണണമെന്ന് ഞാൻ വാശിപിടിച്ചു. പൊള്ളലേറ്റ് വികൃതമായ സൈനുമ്മയെ ഒരു നോക്ക് കണ്ടപ്പോഴേക്കും ഞാനാകെ തളർന്നു പോയി. തളർന്ന ശബ്ദത്തിലും ഞാൻ സൈനുമ്മയെ വിളിച്ചു കൊണ്ടേയിരുന്നു. പെട്ടെന്നൊരു ഞരക്കം കേട്ടു. പിന്നെ നിശ്ചലം. എന്റെ മനസ്സ് പിടയുകയായിരുന്നു. കാരണം എന്റെ ആരൊക്കെയോയായിരുന്നു സൈനുമ്മ. ഒരു നിമിത്തം പോലെ പരിചയപ്പെട്ടു. അടുത്തു, സ്നേഹിച്ചു. ഒടുവിൽ ഒരു നിമിത്തം പോലെ മരണത്തിനും ഞാൻ തന്നെ കാരണക്കാരിയായോ എന്ന ചിന്ത എന്നെ വല്ലാതെ അലട്ടി. എന്റെ സൈനുമ്മ പടച്ചോന്റടുത്തേക്ക് പോയി - പക്ഷേ ഞാൻ ഏൽപ്പിച്ച ജോലിക്കിടയിലാണല്ലോ ആ ദുരന്തം സംഭവിച്ചത് എന്ന ദു:ഖം ഇന്നും എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. ■



■ ഡോ. എ. രാജഗോപാൽ കമ്മത്ത്

# കാലാവസ്ഥാ വ്യതിയാനത്തെ നിയന്ത്രിക്കാൻ

**1988**-ലാണ് യൂണൈറ്റഡ് നേഷൻസ് എൻവയോൺമെന്റൽ പ്രോഗ്രാമും വേൾഡ് മിറ്റിയറോളജിക്കൽ ഓർഗനൈസേഷനും ചേർന്ന് ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (IPCC) എന്ന സംഘടനയ്ക്കു തുടക്കമിട്ടത്. കാലാവസ്ഥാ വ്യതിയാനത്തിനു പിന്നിലെ കാരണങ്ങൾ കണ്ടെത്തുകയും അതിനുള്ള പരിഹാരമാർഗങ്ങൾ നിർദേശിക്കുകയുമാണ് ഈ സംഘടനയുടെ മുഖ്യപ്രവർത്തനം. ശാസ്ത്രീയവും, പരിസ്ഥിതിപരവും, സാമൂഹ്യസാമ്പത്തികപരവുമായ പ്രശ്നങ്ങൾ പരിഗണിച്ചാണ് നിർദേശങ്ങൾ നൽകുന്നത്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ആധികാരികമായ വിവരങ്ങൾ നൽകുന്ന സ്ഥാപനമാണ് ഇത്. മൂന്ന് വർക്കിങ് ഗ്രൂപ്പുകളും ഒരു ടാസ്ക് ഫോഴ്സും അടങ്ങിയതാണ് ഐ.പി.സി.സി. ഓരോ രാജ്യവും പുറത്തുവിടുന്ന ഹരിതഗൃഹവാതകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഈ സംഘങ്ങൾ അവതരിപ്പിക്കുന്നു. ഈ നാലു സംഘങ്ങൾക്കും രണ്ട് പ്രധാന ചെയർമാന്മാരുണ്ട്. ഒരാൾ വികസിത രാജ്യത്തു നിന്നും, മറ്റൊരാൾ വികസ്വരരാജ്യത്തുനിന്നുമാണ്. സാങ്കേതിക സഹായം നൽകുന്ന മറ്റൊരു യൂണിറ്റും ഇതിനുണ്ട്. വർക്കിങ് ഗ്രൂപ്പ് ഒന്ന്,



ആഗോളതാപനത്തിന്റെ ഇര : ധ്രുവക്കരടി

കാലാവസ്ഥാവ്യൂഹം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ ശാസ്ത്രീയ വശങ്ങൾ വിലയിരുത്തുന്നു. വർക്കിങ് ഗ്രൂപ്പ് രണ്ട് മനുഷ്യനും പ്രകൃതി വ്യൂഹങ്ങൾക്കും കാലാവസ്ഥാ വ്യതിയാനം വഴി ഉണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നു, വർക്കിങ് ഗ്രൂപ്പ് മൂന്ന് ഹരിത ഗൃഹവാതകങ്ങളുടെ പുറംതള്ളൽ കുറയ്ക്കുന്നതിനുള്ള ഉപാധികൾ തേടുകയും ചില നിർദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്യുന്നു, തത്ഫലമായി ഉണ്ടാകുന്ന സാമ്പത്തികപ്രശ്നങ്ങളും വിലയിരുത്തുന്നു. ആഗോള വ്യാപകമായ കാലാവസ്ഥാ വ്യതിയാനത്തെ നിയന്ത്രിക്കാൻ വേണ്ട ശാസ്ത്രസാങ്കേതിക, സാമൂഹ്യ, സാമ്പത്തിക ശാസ്ത്രവിവരങ്ങളും നല്കുന്നു. 2001-ലും 2004-ലും 2007-ലും ഈ വർക്കിങ് ഗ്രൂപ്പുകൾ റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു. 120 രാജ്യങ്ങളിൽ നിന്നുള്ള 400 വിദഗ്ദ്ധരാണ് റിപ്പോർട്ടുകൾ തയാറാക്കിയത്. വിലയിരുത്തൽ



പ്രകിയയിൽ 2500 വിദഗ്ദ്ധർ പങ്കെടുത്തിരുന്നു. അംഗരാജ്യങ്ങളിലെ ഗവൺമെന്റുകളും, അന്താരാഷ്ട്രസംഘടനകളും, സർക്കാരേതര സംഘടനകളും അംഗങ്ങളെ നോമിനേറ്റു ചെയ്യുന്നു.

പ്രധാനപ്പെട്ട ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളലിനെക്കുറിച്ച് ഗഹനമായ പഠനം ഐ.പി.സി.സി. വിദഗ്ദ്ധർ നടത്തിയിട്ടുണ്ട്. ഇതിൽ കാർബൺ ഡയോക്സൈഡാണ് മുഖ്യം. 20 മുതൽ 100 വർഷം വരെയുള്ള കാലയളവാണ് ഒരു വാതകം മൂലം താപനിലയേറുന്നതിന്റെ കണക്കെടുക്കാൻ ഉപയോഗിക്കുന്നത്. ഇതിനെ വാതകത്തിന്റെ ഗ്ലോബൽ വാമിങ് പൊട്ടെൻഷ്യൽ എന്നു പറയുന്നു. $CO_2$വിന്റെ ഗ്ലോബൽ വാമിങ് പൊട്ടെൻഷ്യൽ ഒന്നാണ്. $CO_2$ വാതകവുമായി താരതമ്യം ചെയ്ത് മറ്റു വാതകങ്ങളുടെ പൊട്ടെൻഷ്യൽ അളക്കുന്നു. 100 വർഷത്തെ കാലയളവ് ഇതിനുപയോഗിക്കുന്നത് പല വാതകങ്ങളും അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്ന കാലയളവും, അന്തരീക്ഷത്തിലും മഹാസമുദ്രത്തിലും അതാഗിരണം ചെയ്യുന്ന കാലയളവും കണക്കിലെടുത്തുകൊണ്ട് വിവരങ്ങൾ രേഖപ്പെടുത്താനാണ്. മറ്റു വാതകങ്ങൾ $CO_2$ വാതകത്തെക്കാൾ അന്തരീക്ഷതാപനത്തിനു കാരണമാകുന്നു. എന്നാൽ ഇവയുടെ അംശം അന്തരീക്ഷത്തിൽ വളരെ കുറവായി മാത്രം കാണപ്പെടുന്നു. $CO_2$ ആണ് ഏറ്റവും കൂടുതലായി അന്തരീക്ഷതാപനത്തിനു ഹേതുവാകുന്നത്. അതിനാൽത്തന്നെ ആഗോളതാപനം നിയന്ത്രിക്കലിന് $CO_2$ നിയന്ത്രണം എന്ന് തത്കാലം പറയാവുന്നതാണ്.

## നൈട്രജൻ

**വാ**യുവിലുള്ള നൈട്രജൻ മണ്ണിലേക്കെത്തി ജീവജാലങ്ങൾ അതുപയോഗപ്പെടുത്തി വായുവിലേക്കുതന്നെ തിരിച്ചെത്തുന്നു. അമിനോഅമ്ലങ്ങൾ, ന്യൂക്ലിക് അമ്ലങ്ങൾ പോലെയുള്ള വലിയ തന്മാത്രകൾ രൂപീകരിക്കാനായി ജീവികൾക്ക് നൈട്രജൻ വേണ്ടിവരുന്നു. വായുവിൽ 79 ശതമാനം നൈട്രജനാണ്. നൈട്രജൻഫിക്സേഷൻ നടത്തുന്നത് റൈസോബിയം എന്ന ബാക്റ്റീരിയയാണ്. പയറ്, ബീൻസ് തുടങ്ങിയവയുടെ കുടുംബത്തിലെ സസ്യങ്ങളുടെ വേരുകളിലെ നോഡ്യൂളുകളിൽ ഈ ബാക്റ്റീരിയ കാണപ്പെടുന്നു. സസ്യങ്ങൾ കുറച്ച് അമോണിയ ഉപയോഗപ്പെടുത്തുന്നു. സ്വതന്ത്രമായി കഴിയുന്ന സിയാനോബാക്റ്റീരിയകളും നൈട്രജൻ ഫിക്സേഷൻ ചെയ്യുന്നു. മിന്നൽവഴിയും കുറച്ചളവ് നൈട്രജൻ ഫിക്സേഷൻ ചെയ്യപ്പെടുന്നു. വേരുകളിലെ രോമനാരുകളിലൂടെ മണ്ണിൽനിന്നും സസ്യങ്ങൾ നൈട്രേറ്റ്, അമോണിയം എന്നിവ ആഗിരണം ചെയ്യുന്നു. ബാക്റ്റീരിയ സസ്യങ്ങൾ എന്നിവവഴി അമോണിയ കാർബണിക നൈട്രജൻ സംയുക്തങ്ങളാകുന്നു.മറ്റുജീവികൾക്ക് നൈട്രജൻ ലഭിക്കുന്നത് അവരുടെ ആഹാരത്തിൽനിന്നാണ്. സൂക്ഷ്മജീവികൾ ജൈവാവശിഷ്ടങ്ങളെ ക്ഷയിപ്പിക്കുമ്പോൾ കാർബണിക നൈട്രജൻ, അമോണിയയായി മാറും. നൈട്രജൻവാതകം ഉപയോഗയോഗ്യമായ നൈട്രജനായിമാറ്റുന്ന പ്രവൃത്തി മനുഷ്യൻവഴി ഇരട്ടിയായിട്ടുണ്ട്. ഫോസിൽഇന്ധനങ്ങൾ എരിക്കുന്നതിലൂടെയും, നൈട്രജനടങ്ങിയവ ഉത്പാദിപ്പിക്കുന്നതിലൂടെയും, സോയ, അൽഫാൽഫ, ക്ലോവർ തുടങ്ങിയ പയറുവർഗങ്ങളുടെ വ്യാപകമായ കൃഷിയിലൂടെയുമാണ്. ഫോസിൽ ഇന്ധനങ്ങൾ എരിയുമ്പോൾ നൈട്രജന്റെ ഓക്സൈഡുകളും ഉണ്ടാകും. ജലവുമായിച്ചേർന്ന് നൈട്രിക്ആസിഡ് രൂപംകൊണ്ട് അമ്ലമഴയുണ്ടാകുന്നു. വിളവിലെ വർധനക്കായി അമോണിയ, അമോണിയം നൈട്രേറ്റ്, യൂറിയ എന്നീ നൈട്രജൻ അടങ്ങിയ വളങ്ങൾ ഉപയോഗിച്ചുവരുന്നു. ഇത്ത

■ ഡോ. ബീന വേണുഗോപാൽ



# പാവയ്ക്ക

ഒരു പച്ചക്കറി എന്നതിലുപരി ഔഷധമാണ് പാവയ്ക്ക. കയ്പക്ക എന്ന ഒരു പേരുകൂടിയുണ്ട്. ആകൃതികൊണ്ടും രുചികൊണ്ടും ഇതേറെ ശ്രദ്ധിക്കപ്പെടുന്നു, ഇതിന്റെ കയ്പ് രുചിയാണ് കയ്പ്പക്ക എന്ന പേര് നേടിക്കൊടുത്തത്. ബിറ്റർ ഗോർഡ്, ബിറ്റർ മെലൺ എന്നിങ്ങനെ ഇംഗ്ലീഷിൽ പേരുണ്ട്. മൊമോർഡിക്ക ചരൻഷ്യ (Momordica charantia) തുടങ്ങി പലയിനങ്ങളുണ്ട്. കുടുംബം കുക്കറ്റർബികേസി. ജാതിയനുസരിച്ച് വലിപ്പത്തിലും കയ്പുരസത്തിലും വ്യത്യാസമുണ്ടാകുന്നു. ഒരു വള്ളിച്ചെടിയാണ് പാവൽ. പാവയ്ക്ക്യ്ക്ക് പച്ച നിറമാണ്. ഫലത്തിനുള്ളിൽ വിത്തുകളുണ്ടായിരിക്കും.

100 ഗ്രാം പാവയ്ക്കയിൽ 19 കിലോ കലോറി ഊർജമുണ്ടാകും. ഇതിൽ കാർബോഹൈഡ്രേറ്റ് പഞ്ചസാരകൾ, പൂരിത-അപൂരിത കൊഴുപ്പുകൾ, നാരു ഘടകങ്ങൾ, ജീവകം എ, തയമീൻ (ജീവകം ബി1), റൈബോഫ്ളാവിൻ (ജീവകം ബി 2), നിയാസിൻ (ജീവകം ബി 3), ജീവകം ബി 6, ജീവകം ബി 9, ജീവകം കെ, എന്നിവ കാണുന്നു. കൂടാതെ മാമോർഡിസിൻ ഒന്നും രണ്ടും, കുക്കുർബിറ്റാസിൻ ബി തുടങ്ങിയവയും ധാരാളം ഗ്ലൈക്കോ സൈഡുകളും അടങ്ങിയിരിക്കുന്നു.

ഏഷ്യയിലും ആഫ്രിക്കയിലും പാരമ്പര്യ വൈദ്യശാസ്ത്രശാഖയിൽ ഒരു പ്രധാനിയായിരുന്ന പാവയ്ക്ക. വയറുകടി, വയറുവേദന തുടങ്ങിയ ഉദരരോഗങ്ങൾക്കും പനി, പൊള്ളൽ, ആർത്തവവേദന, ചൊറി, ചിരങ്ങ് എന്നിവയ്ക്കും ഔഷധമായും ഉപയോഗിച്ചിരുന്നു. ഗർഭനിരോധനത്തിനും പ്രസവത്തിനും ഗർഭമലസിപ്പിക്കാനും ഇത് വളരെ ഫലപ്രദമായിരുന്നുവത്രെ! ദഹനസഹായിയുമാണ്. പുളിച്ചുതികട്ടൽ, മലബന്ധം, നെഞ്ചെരിച്ചിൽ, കുടൽപുണ്ണ്, വായുകോപം, വയറുവേദന എന്നീ രോഗങ്ങൾക്ക് പാവയ്ക്കയുപയോഗിച്ച് ഫലപ്രദമായി ചികിത്സിച്ചിരുന്നുവത്രെ. വിരശല്യമകറ്റാൻ നല്ലതാണ്. നീരെടുത്തോ കറിയാക്കിയോ കഴിക്കുക.

മലേറിയ രോഗത്തിന് പാവൽ ചെടിയുടെ ഇല നീരെടുത്ത് ചില പ്രദേശങ്ങളിൽ ഉപയോഗിച്ചിരുന്നു. ഇതിന് മലേറിയ രോഗത്തിനെതിരെ ഫലപ്രമായി പ്രവർത്തിക്കാനാവുമെന്ന് ഗവേഷണങ്ങൾ വ്യക്തമാക്കുന്നു. കയ്പയ്ക്കായിലെ കയ്പ് രുചിക്ക് കാരണമാകുന്ന ജൈവരാസസംയുക്തങ്ങളാണ് മലേറിയയെ തളയ്ക്കുന്നത്. കൂടാതെ ചിക്കൻപോക്സ്, മീസിൽസ്, ഹെർപ്പിസ് തുടങ്ങിയ വൈറൽ രോഗങ്ങൾക്കും ഔഷധമായി പാവയ്ക്ക ഉപയോഗിച്ചിരുന്നു.

പ്രമേഹരോഗത്തിനും ഇത് ഫലപ്രദമായി പ്രയോഗിക്കാനാവുമത്രെ! 1962 ൽ മുയലുകളിൽ നടത്തിയ ഒരു പരീക്ഷണത്തിൽ നിന്നും ഇതിന് രക്തത്തിലെ പഞ്ചസാരനില താഴ്ത്താനാവുമെന്ന് മനസ്സിലാക്കിയിട്ടുണ്ട്. 2007 ൽ ഫിലിപ്പൈൻസിൽ നടത്തിയ പരീക്ഷണത്തിലും ഇക്കാര്യം ആവർത്തിച്ചുറപ്പിക്കപ്പെട്ടു. എന്നാൽ മനുഷ്യശരീരത്തിൽ ഇത് പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടില്ല. സങ്കൽപ്പ പ്രകാരം പാവയ്ക്ക വായു, കഫം, പിത്തം എന്നീ ഘടകങ്ങളിൽ കഫത്തിന്റെ തുലനത കാക്കാൻ സഹായിക്കുന്നുവെന്നും ദഹനസഹായിയാണെന്നും കരളിന് ഉത്തേജകമാണെന്നും വിധിക്കുന്നു.

പാവയ്ക്കയുടെ വിത്തിന്റെ സത്തിന് ഹൃദയരക്ഷകനായി പ്രവർത്തിക്കാനാവുമെന്ന് തെളിഞ്ഞിരിക്കുന്നു. പ്രതിരോധകോശങ്ങളെ ഉത്തേജിപ്പിക്കാനാകയാൽ എച്ച്.ഐ.വി., കാൻസർ രോഗികൾ ഇതുപയോഗിക്കുക. രോഗമില്ലാത്തവർക്ക് രോഗം വരാതെ ശരീരത്തെ രക്ഷിക്കാനാവും. ഒരു കാര്യം ശ്രദ്ധിക്കുക സ്ത്രീകൾ ഗർഭകാലത്ത് പാവയ്ക്ക കഴിക്കരുത്. ഗർഭാശയത്തിന്റെ സങ്കോചവികാസങ്ങൾക്ക് കാരണമാവുന്നു. ഗർഭസ്തശിശുവും ബുദ്ധിമുട്ടുകൾ കാണിക്കാനിടയുണ്ട്. ■

രത്തിൽ ഉപയോഗിച്ച വളങ്ങളുടെ ബാക്കി സസ്യങ്ങൾ ഉപയോഗിക്കാതെ അവശേഷിച്ചത്, മണ്ണിൽനിന്നും ജലത്തിലെത്തുന്നു. വ്യവസായങ്ങളിൽനിന്ന് അന്തരീക്ഷത്തിലെത്തുന്ന ഒരു വാതകമാണ് നൈട്രസ് ഓക്സൈഡ്. വളങ്ങൾവഴിയും ഇത് അന്തരീക്ഷത്തിലെത്തുന്നു. മണ്ണിലും, ജലത്തിലുമുള്ള ബാക്ടീരിയയുംഈ വാതകം ബഹിർഗമിപ്പിക്കുന്നു. ഉഷ്ണമേഖലാകാടുകളിൽ പ്രത്യേകിച്ചും. ജന്തുക്കളുടെ അവശിഷ്ടവും വിസർജ്യവും ഇതിന്റെ സ്രോതസ്സാണ്.

## ഓസോൺ

ഫോട്ടോകെമിക്കൽ സ്മോഗ് എന്ന ഭൗമോപരിതലത്തിലെ പുകമഞ്ഞിനു കാരണം ഓസോൺവാതകമാണ്. ജന്തുക്കൾക്കും സസ്യങ്ങൾക്കും ഹാനികരമാണിത്. ഓസോണിന്റെ 97 ശതമാനവും അന്തരീക്ഷത്തിന്റെ മുകൾപാളിയിലെ സ്ട്രാറ്റോസ്ഫിയറിലാണ് കാണപ്പെടുന്നത്. അവിടെ അത് പ്രകൃത്യാതന്നെ ഉണ്ടാകുന്നു. ഓക്സിജൻആറ്റങ്ങൾ ഓക്സിജൻ തന്മാത്രകളുമായി സംയോജിച്ചാണ് ഇതുണ്ടാകുന്നത്. ഓസോണിന്റെ സാന്ദ്രത 0.002 ശതമാനം മാത്രമാണ്. സൂര്യനിൽനിന്നുള്ള ഹാനികരമായ അൾട്രാവയലറ്റ് വികിരണത്തെ തടയുന്നതിനാൽ ഇത് ജീവജാലങ്ങളുടെ നിലനിൽപ്പിനെ സഹായിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരുവാതകമാണ്. ക്ലോറോഫ്ളൂറോകാർബണുകൾ അന്തരീക്ഷത്തിന്റെ മുകൾപാളിയിലെത്തുമ്പോൾ സൂര്യപ്രകാശം അതിനെ വിഘടിപ്പിച്ച് ഓസോൺനഷ്ടത്തിനു കാരണമാകുന്ന ക്ലോറിൻ പുറത്തുവിടുന്നു. അന്റാർട്ടിക്കയിൽ ഒരു ഓസോൺദ്വാരം പ്രത്യക്ഷപ്പെട്ടത് പെട്ടെന്നുള്ള പരിഹാരമാർഗങ്ങൾ അവലംബിക്കാൻ പ്രചോദനമായി. ■

■ സതീഷ് പൂവത്തൂർ

# അപൂർവയിനം സസ്തനിയെ കണ്ടെത്തി



**അപൂർവയിനത്തിൽപ്പെട്ട** പുതിയ സസ്തനിയെ കണ്ടെത്തിയതായി ഗവേഷകർ സ്ഥിരീകരിച്ചു. 'ഒലിങ്കിത്തോ' എന്നാണ് ഇവയ്ക്ക് നാമകരണം ചെയ്തിരിക്കുന്നത്. 'സൂകി' ജേർണലിന്റെ പുതിയ ലക്കത്തിലാണ് ഈ സസ്തനിയെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുവന്നത്.

പശ്ചിമാർധഗോളത്തിൽ 35 വർഷത്തിനുശേഷമാണ് ഇത്തരമൊരു സസ്തനിയെ കണ്ടെത്താനായതെന്ന് ഗവേഷകർ വെളിപ്പെടുത്തി. ഇക്വഡോറിലും കൊളംബിയയിലെയും കാടുകളിൽ രാത്രികാലങ്ങളിലാണ് ഇവ പ്രത്യക്ഷപ്പെടുന്നത്. നായ, പൂച്ച, കരടി എന്നിവയുൾപ്പെട്ട വിഭാഗത്തിലാണ് ഈ സസ്തനിയും പെടുന്നത്. മാംസഭുക്കായ ഇവ പഴങ്ങളും പ്രാണികളും ഭക്ഷണമാക്കാറുണ്ട്. വിടർന്ന ഉണ്ടക്കണ്ണുകളുള്ള ഒലിങ്കിത്തോയുടെ ശരീരഭാരം ഏതാണ്ട് ഒരുകിലോവരും.

തെക്കേ അമേരിക്കൻ കാടുകളിൽ ഇവയുടെ സാന്നിധ്യം സജീവമാണ്. കൂടാതെ, ഒലിംഗായുടെ സഹോദരജീവി വർഗമാണ് ഒലിങ്കിത്തോ എന്നും ഗവേഷകർ സ്ഥിരീകരിച്ചു.

# ഇനി മൊബൈൽ ഫോണുകൾക്ക് ബാറ്ററി വേണ്ട



**സമീപഭാവിയിൽ** ബാറ്ററിയില്ലാത്ത മൊബൈൽ ഫോൺ നിങ്ങളുടെ കൈകളിലെത്തും. ഇത്തരമൊരു നവീന സംവിധാനത്തിന് നേതൃത്വം കൊടുക്കുന്നത് വാഷിങ്ടൺ സർവകലാശാലയിലെ ഗവേഷകൻ ഷ്യം ഗൊല്ലകോട്ടയാണ്. മൊബൈൽ ഫോണിലെ ബാറ്ററിക്ക് ചാർജില്ലെങ്കിലും സന്ദേശമയക്കാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

പ്രതിഫലനത്തെ ആശ്രയിച്ചാണ് ഗൊല്ലകോട്ടയുടെ സാങ്കേതികവിദ്യ പ്രവർത്തിക്കുന്നത്. ടി.വി., വൈ-ഫൈ തരംഗങ്ങളിൽ നിന്നാണ് ഉപകരണം വൈദ്യുതി ആവശ്യം നിർവഹിക്കുക. ഇത്തരം തരംഗങ്ങൾ പിടിച്ചെടുക്കാൻ കഴിയുന്ന ആന്റിന സംവിധാനവും ഇതിലുണ്ടാവും. സെക്കന്റിൽ ഒരു കിലോബൈറ്റ് ഡേറ്റ കൈമാറാൻ ഈ സംവിധാനത്തിലൂടെ സാധിക്കും.




# ഉഷ്ണവാതകങ്ങൾ 2020 ഓടെ ഇരട്ടിയാകും

**ആഗോളതാപനം** അപകടകരമായ വിധത്തിൽ വർധിച്ചുവരുകയാണെന്ന് കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചുള്ള ഐക്യരാഷ്ട്രസഭയുടെ പ്രത്യേക പഠനങ്ങൾ വെളിപ്പെടുത്തുന്നു.

ഹരിതഗൃഹവാതകങ്ങളുടെ അതിവ്യാപനമാണ് ഉഷ്ണവാതകങ്ങൾ 2020 ഓടെ ഇരട്ടിയാകാൻ പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നത്. ലോകത്തെ കരഭൂമിയുടെ അഞ്ചു ശതമാനം ഭാഗത്ത് ഉഷ്ണവാതകങ്ങൾ ഇപ്പോൾ കൂടുതലാണ്. ഇത് വരും വർഷങ്ങളിൽ പത്തു ശതമാനം ഭാഗത്തേക്ക് വ്യാപിക്കുമെന്നാണ് പുതിയ കണക്ക്.

മെഡിറ്ററേനിയൻ, മധ്യേഷ്യ, മധ്യപൂർവദേശം, പശ്ചിമയൂറോപ്പ്, അമേരിക്ക തുടങ്ങിയ ഭാഗങ്ങളാണ് കൊടും ചൂടിന്റെ പിടിയിലമരുക.



# എല്ലാവർക്കും ഭൂമി

ഒരു മനുഷ്യന് എത്ര ഭൂമി വേണമെന്നത് ടോൾസ്റ്റോയിയുടെ ഒരു കഥയാണ്. ഭൂമി മുഴുവൻ സ്വന്തമാക്കാൻ ആർത്തിപൂണ്ട മനുഷ്യൻ ഓടിത്തളരുമ്പോൾ മരണമാണ് അയാളെ കാത്തിരുന്നത്. അപ്പോൾ ആറടി മണ്ണുമാത്രം മതിയായിരുന്നു അയാൾക്ക്.

മൂന്നടി മണ്ണിനുവേണ്ടിയാണ് നീതിമാനായ മഹാബലി ചക്രവർത്തിയെ വാമനൻ പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തിയത്. പരശുരാമൻ മഴുവെറിഞ്ഞാണ് കേരളം രൂപപ്പെട്ടതെന്ന ഐതിഹ്യവും നമുക്കറിയാം. പല ഐതിഹ്യങ്ങളും പുരാണങ്ങളും ഭൂമിയുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ഒരു തുണ്ടു ഭൂമിയെങ്കിലും സ്വന്തമാക്കുകയെന്നത് ഓരോ മനുഷ്യന്റെയും സ്വപ്നമാണ്. ഭൂമിക്ക് വലിയ വിലയുള്ള ഇന്നത്തെ കാലത്ത് ഭൂമി സ്വന്തമാക്കുകയെന്നത് സാധാരണക്കാരന് അസാധ്യമായ കാര്യംതന്നെയാണ്. ഈ പശ്ചാത്തലത്തിലാണ് വിഷയത്തിൽ സർക്കാർ ഫലപ്രദമായി ഇടപെടാൻ തീരുമാനിച്ചത്. സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്ത മൂന്നുലക്ഷം കുടുംബങ്ങളുണ്ടെന്നാണ് കണക്ക്. അവർക്കെല്ലാം ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് ഭൂമി നൽകുവാനാണ് തീരുമാനം. 'ഭൂരഹിതരില്ലാത്ത കേരളം 2015' എന്നാണ് പദ്ധതിയുടെ പേര്. ഈ പദ്ധതി നടപ്പാക്കാൻ 10,500 ഏക്കർ ഭൂമിയുടെ ആവശ്യമുണ്ട്. ഇതുവരെ 3000 ഏക്കർ ഭൂമി വിതരണത്തിനായി കണ്ടെത്തുവാൻ കഴിഞ്ഞു. ബാക്കി ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയാണ്.

ആദ്യഘട്ടത്തിൽ ഒരു ലക്ഷം കുടുംബങ്ങൾക്കാണ് ഭൂമി വിതരണം ചെയ്യുന്നത്. മാറാരോഗം ബാധിച്ചവർ, വിധവകൾ, അഗതികൾ, വികലാംഗർ, നദിയുടെയോ കുളത്തിന്റെയോ റോഡരികിലോ താമസിക്കുന്നവർ എന്നിവർക്കാണ് ആദ്യഘട്ടത്തിൽ ഭൂമി നൽകുന്നത്.

ഭൂമിക്ക് അർഹതയുള്ള ഒരു കുടുംബത്തിന് ആ വില്ലേജിൽനിന്നു ഭൂമി കണ്ടെത്താനായാൽ അവിടെ തന്നെ ഭൂമി നൽകും. അതല്ലെങ്കിൽ ആ താലൂക്കിലോ അല്ലെങ്കിൽ ആ ജില്ലയിലോ ഭൂമി നൽകും. ജില്ലയിൽ ഭൂമി ലഭ്യമല്ലെങ്കിൽ അടുത്ത ജില്ലകൾ തെരഞ്ഞെടുക്കാം.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എറണാകുളം എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ഭൂരഹിതർക്കാണ് ആദ്യഘട്ടത്തിൽ ഭൂമി വിതരണം ചെയ്യുന്നത്. 2015 ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഭൂരഹിതർക്കും മൂന്ന് സെന്റ് ഭൂമി നൽകുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ജനസംഖ്യ വർധിക്കുന്നതിനനുസരിച്ച് ഭൂമിയുടെ വിസ്തൃതി വർധിക്കുന്നില്ലോ. എല്ലാ മനുഷ്യരുടെയും സ്വപ്നമാണ് സ്വന്തമായി ഒരുതുണ്ട് ഭൂമി. ഉത്തരവാദിത്വമുള്ള ഒരു സർക്കാരിനും ജനങ്ങളുടെ അഭിലാഷത്തെ മറന്നു പ്രവർത്തിക്കാനാവില്ല. മൂന്നടി മണ്ണിനുവേണ്ടി സ്വന്തം ജീവൻ തന്നെ സമർപ്പിച്ച മഹാബലിയെ ഓർക്കുന്ന ഈ അവസരത്തിൽ എല്ലാ ഭൂരഹിതർക്കും സ്വന്തമായി ഒരു തുണ്ട് ഭൂമി നൽകാനുള്ള തീരുമാനത്തിൽ ഞാൻ കൃതാർഥനാണ്. ■